HY
PLE
EL

...itenko

A 20882
24/084







രാജീന്ദ്രസിംഗ്ബേദി

# മുഷിഞ്ഞ പുടവ

സുപ്രസിദ്ധ ഉർദ്ദു സാഹിത്യകാരനും, ചലച്ചിത്ര നിർമ്മാതാവും, സംവിധായകനുമായ ശ്രീ. രാജേന്ദർ സിംഗ്ബേദിയുടെ "ഏക്ചാദർ മൈലിസീ" എന്ന നോവലിൻെറ മലയാള വിവർത്തനമാണിതു്. പഞ്ചാബിലെ ഗ്രാമീണജീവിതത്തെ, പ്രത്യേകിച്ചു് സീഖ് മതക്കാരുടെ സാമൂഹ്യജീവിതത്തെ ഈ കൃതി സരളമായി ചിത്രീകരിയ്ക്കുന്നു. ഈ നോവൽ ഇതിനകം ഇന്ത്യയിലെ ഇതരഭാഷകളിലേക്കും ഫ്രെഞ്ചു്, ഇംഗ്ലീഷ്, റഷ്യൻ, ജർമ്മൻ, ചൈനീസ് എന്നീ വിദേശ ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെടുകയും ജനപ്രീതിയാർജ്ജിക്കുകയും ചെയ്തിട്ടുണ്ടു്.

വിവർത്തകൻ.

# MUṠHINHA PUTAVA

By

Rajendar Singh Bhedi

Translated by

M. N. Sathiarthy

Published by

**P. K. Brothers**

Calicut

# മുഷിഞ്ഞ പുടവ

SENGUPTA PUBLIC LIBRARY • KOZHIKODE-4 •
2082

ഗ്രന്ഥകർത്താ:

രാജേന്ദർസിംഗ് ബേദി

വിവർത്തകൻ:

എം. എൻ. സത്യാർത്ഥി

പ്രസാധകന്മാർ:

പി കെ ബ്രദേഴ്സ്

കോഴിക്കോട്.

First Edition
Copies 1000
January 1965

Copy right to
P. K. Brothers
Calicut

5905

Price Rs. 2

Printed at the
S. D. Press
Ernakulam.

# വിവർത്തകൻെറ കുറിപ്പ്

ആധുനിക ഉർദുസാഹിത്യ നഭോമണ്ഡലത്തിലെ ഒരുജ്വലതാരമാണ് രാജേന്ദർസിംഗ്ബേദി. ഒരുകാലത്ത്, ഇന്ത്യയുടെ പാരീസ് എന്നറിയപ്പെട്ടിരുന്ന ലാഹോർ നഗരത്തിലാണ് താൻ ജനിച്ചുവളർന്നതെങ്കിലും, പഞ്ചാബിലെ ഗ്രാമീണരുടെ ദൈനംദിന ജീവിതവുമായാണ് ബേദിയ്ക്കു് കൂടുതൽ അടുപ്പം. അവരുടെ നിഷ്കളങ്കവും, യഥാർത്ഥവുമായ ജീവിതം, ചിത്രീകരിയ്ക്കുന്നതിൽ രാജേന്ദർസിംഗ്ബേദിയുടെ തൂലികയ്ക്കുള്ള കഴിവ് അസാമാന്യമാണ്. അദ്ദേഹത്തിൻെറ മററ കൃതികളായ 'ദാണദുവാം, ഗ്രഹൺ, കോഖ്ജലി, എന്നീ ചെറുകഥാ സമാഹാരങ്ങളുടേയും, ബെജാൻ ചീസേം, സാത്ഖേൽ, തുടങ്ങിയ നാടക സമാഹാരങ്ങളുടേയും ഇതിവൃത്തം പഞ്ചാബിലെ ഗ്രാമീണരുടെ ജീവിതമാണ്. ബേദിയുടെ ആദ്യത്തെ നോവലായ 'ചാദർ മൈലിസീ' എന്ന ഈ കൃതിയുടേയും പശ്ചാത്തലം അതു് തന്നെ. ഈ നോവൽ ഇതിനകം ഇന്ത്യയിലെ ഇതരഭാഷകളിലേയ്ക്കും, ഫ്രെഞ്ച്, ഇംഗ്ലീഷ്, റഷ്യൻ, ജർമ്മൻ, ചൈനീസ് എന്നീ വിദേശഭാഷകളിലേയ്ക്കും വിവർത്തനം ചെയ്യപ്പെടുകയും, ജനപ്രീതിയാർജ്ജിക്കുകയും ചെയ്തിട്ടുണ്ടു്.

ഇന്ത്യയുടെ വിഭജനം, അനേകലക്ഷം പഞ്ചാബ് നിവാസികളെ വഴിയാധാരമാക്കിയതോടൊപ്പം (വിവർത്തകനും അതിൽനിന്നു് വിമുക്തനല്ല) രാജേന്ദർസിംഗ് ബേദിയ്ക്കും തന്റെ ജന്മദേശം നഷ്ടപ്പെട്ടു. തന്മൂലം വയറിനുവേണ്ടി ബോംബെയിൽ, ചലച്ചിത്രരംഗത്തു് തൂലിക എടുക്കേണ്ടിവന്ന, 'ആ നാല്പത്തിഎട്ടുകാരനു് ഇന്നും തന്റെ സംസ്ഥാനത്തെ ഗ്രാമീണരെ വിസ്മരിയ്ക്കാൻ കഴിയുന്നില്ലെന്നതിനു് ഒരു ഉദാഹരണമാണീ നോവൽ.

ഇന്നത്തെ പഞ്ചാബിൽ ഈ കൃതിയിൽ ചിത്രീകരിച്ചിട്ടുള്ള ആചാരാനുഷ്ഠാനങ്ങൾക്കു് അല്പം വ്യതിയാനം സംഭവിച്ചിട്ടില്ലെന്നില്ല. എന്നിരുന്നാലും, ഇന്നവിടെ വിഭിന്നസമുദായങ്ങളിൽപെട്ടവർ തമ്മിൽ മുമ്പുണ്ടായിരുന്ന സ്നേഹവും, സഹകരണവും, സഹാനുഭൂതിയും കാണ്മാനില്ല. പകരം ഭയവും, അവിശ്വാസവും, ശത്രുതയുമാണുള്ളതു്.

എം. എൻ. സത്യാർത്ഥി.

# സമർപ്പണം

അഷ്ണു്, മഞ്ജു്‌രു, അമർ, സുരേന്ദർ

എന്നിവക്കു്

SENGUPTA PUBLIC LIBRARY
KOZHIKODE-A.
ര. 20842.

# മുഷിഞ്ഞ പുടവ

അന്നു് അസ്തമനസൂര്യൻ പതിവിലധികം രക്താഭമായി കാണപ്പെട്ടു. ആകാശത്തിന്റെ 'കാട്ടു്ല'യിൽ ഏതോ നിരപരാധിയെ കൊലചെയ്തിരിയ്ക്കാം. അവന്റെ ചെഞ്ചോരയിലാറാടിയ സൂര്യകിരണങ്ങൾ മുററത്തു് നിന്നിരുന്ന വേപ്പുവൃക്ഷത്തിന്റെ ഇലകൾക്കിടയിലൂടെ തലോക്കസിംഗിന്റെ ഭവനാങ്കണത്തെ തഴുകികൊണ്ടിരുന്നു. ജീർണ്ണിച്ചു് തകർന്നുവീഴാറായ മൺചുമരിന്നടുത്തു്—കുപ്പകൂട്ടിയിടാറുള്ള—സ്ഥലത്തു് നിന്നുകൊണ്ടു് 'ഡബ്ബൂ' തലയുയർത്തി ഓരിയിട്ടുകൊണ്ടിരുന്നു. അന്നുച്ചയ്ക്കു് വില്ലേജധികാരികൾ, അലഞ്ഞുനടക്കുന്ന നായ്ക്കളെ വിഷംകൊടുത്തു് കൊല്ലാൻ വന്നിരുന്നെങ്കിലും ഡബ്ബൂ എങ്ങിനേയോ രക്ഷപ്പെട്ടു. അതു് തലോക്കസിംഗിന്റെ മുററത്തു പുൽത്തൊട്ടിയിൽ കയറികിടന്നുറങ്ങുകയായിരുന്നു. ഗ്രാമത്തിലെ തിക്കംതിരക്കമവസാനിച്ചെന്നു കണ്ടപ്പോൾ ഡബ്ബൂ പുറത്തിറങ്ങി; ദേഹമൊന്നു കുടഞ്ഞു; കോട്ടു്വായ് വിട്ടതിനുശേഷം വെളിയിലേയ്ക്കോടിപ്പോയി.

അതിന്നുള്ളിൽ ഡബ്ബൂവിന്റെ പ്രേയസിയായ 'ബൂഡി' ചത്തുമരവിച്ചുകഴിഞ്ഞിരുന്നു. അവൻ അടുത്തുചെന്നു് തന്റെ പ്രേയസിയെ മണത്തുനോക്കിയതിനുശേഷം ഒന്നും സംഭവിച്ചിട്ടില്ല എന്നമട്ടിൽ സ്ഥലംവിട്ടു.

തലോക്കസിംഗിന്റെ ഭാര്യ റാണുവും, അയൽക്കാരി ചന്നുവും ആശ്ചര്യത്തോടെ പരസ്പരം മുഖത്തേയ്ക്കു് നോക്കി. ചന്നു തന്റെ പതിഞ്ഞ മൂക്കിനു് മേൽ ചൂണ്ടുവിരൽ വെച്ചു്;

നെടുതായൊന്നു നിശ്വസിച്ചുകൊണ്ടു പറഞ്ഞു "അയ്യയ്യോ! ഈ പുരുഷവർഗ്ഗം.......എല്ലാം ഒരുപോലെയാണേ! റാണുവിൻെറ നയനങ്ങാം പിടയ്ക്കുന്നുണ്ടായിരുന്നു. അവരം കണ്ണുതുടച്ചതിനു ശേഷം മന്ദഹസിച്ചുകൊണ്ടു പറഞ്ഞു: അല്ലാ! നിങ്ങളുടെ ഡബ്ബും ഇങ്ങനെയൊന്നുമല്ലല്ലോ?"

അതിന്നു മറുപടിയായി ചന്നു പറഞ്ഞ വാക്കുകളിലിരുവരും ലജ്ജിതരായി. റാനു വീട്ടിൽവന്നു് ജോലികളിൽ വ്യാപൃതയായി. വൈകുന്നേരമവരം കുപ്പ പുറത്തു കളയാൻ വെളിയിൽ വന്നപ്പോരം പകലത്തെ സംഭവങ്ങളെല്ലാം വിസ്മരിച്ചു കഴിഞ്ഞിരുന്നു. കുപ്പ പുറത്തെറിഞ്ഞതിനുശേഷം റാണു, ചുല്ല തല്ലിക്കടഞ്ഞു. ഡബ്ബും അപ്പോഴുമവിടെനിന്നു് ഓരിയിടുന്നുണ്ടായിരുന്നു. അവരം നായയെ ശകാരിച്ചു്; ആട്ടിയകററാൻ ശ്രമിച്ചു.

"പോ....പോ..... .. ദൂരെപ്പോ ശവം! ഇവിടെ എന്താണുള്ളതു് കരയാൻ? ചൗധരിമാരുടെ വീട്ടിൽചെന്നു് കരയൂ! അവിടെയാണു് പണം കൂട്ടിവെച്ചിരിയ്ക്കുന്നതും, 'പുരുഷ'ന്മാരുടെ കൂട്ടമുള്ളതും........"

റാണുവിന്നു് ചൗധരി മെഹർബാൻഭാസിനോടു് ഒടുങ്ങാത്ത ഈർഷ്യയാണുള്ളതു്. കാരണം അയാളാണു്, അവളുടെ ഭർത്താവായ തലോക്കസിംഗിനെ ദുർവൃത്തനാക്കിത്തീർത്തു്. പിന്നെ ഗ്രാമത്തിലെ മററു സ്ത്രീകരം—അവക്കു് തങ്ങളുടെ ഭർത്താക്കന്മാരെക്കുറിച്ചു് യാതൊരു വിവരവുമില്ല. എന്നാൽ മററുള്ളവരുടെ ഭർത്താക്കന്മാരെക്കുറിച്ചു് എല്ലാമറിയാംതാനും. നവാബ്, ഗുരുദാസ്, തുടങ്ങിയ കുതിരവണ്ടിക്കാരുടെ ഭാര്യമാരിൽനിന്നും റാണു തൻെറ ഭർത്താവിനെ സംബന്ധിച്ച വിവിവരങ്ങളറിയുമ്പോരം അവരം ക്ഷോഭാഗ്നിയിൽ ജ്വലിയ്ക്കാറുണ്ടു്. ആ അഗ്നിയ്ക്കു് റാണുവിനെ കരിക്കട്ടയാക്കാനല്ലാതെ

ചാമ്പലാക്കാൻ കഴിഞ്ഞിരുന്നില്ല. ആന്തരികമായി പകുതയുള്ളവളായിരുന്നു അവരം!

തലോക്കവീട്ടിൽ തിരിച്ചെത്തിയ ലുടൻ റാണു അവനോട്ടശണ്ടക്കൂടും. അവസാനം ഭർത്താവിൽനിന്നു് അടിയോ, ഇടിയോ കിട്ടിക്കഴിയുമ്പോരം അവരം ഒരു മൂലയിൽ ചെന്നിരുന്നു ചിന്തിയ്ക്കാൻ തുടങ്ങും. ഒരു കണക്കിന്നു് ഭർത്താവു, കോപം മുഴുവൻ വെളിയിൽ ചിലവഴിച്ചിട്ടു വരുന്നതു് നല്ലതാണു്........ എനിയ്ക്കു് സൈപരം കിട്ടുമല്ലൊ?

ആ ഒരു കാര്യത്തിൽ മാത്രമേ റാണു തലോക്കസിംഗിൻെറ പൗരുഷമംഗീകരിച്ചിരുന്നുള്ളു. അതിനാലവരം വാശിയോടെ സ്വഭർത്താവിനെ തന്നിലേയ്ക്കാകൃഷ്ടനാക്കാൻ ഉററശ്രമിയ്ക്കാറുണ്ടു്. ശ്രമമെന്താണു്?...... തലമുറിഞ്ഞ ആലിൻചുവട്ടിൽ ഒരു സന്ന്യാസിയുണ്ടു്. അദ്ദേഹം ധരിച്ചിരിയ്ക്കുന്നതു് ഇരുമ്പുകൊണ്ടുള്ള ലങ്കോട്ടിയാണു്. സ്ത്രീ എന്നാൽ എന്തുവസ്തുവാണെന്നിതുവരെ ആ യോഗിയ്ക്കറിഞ്ഞുകൂടാ. എന്നിങ്ങനെയെല്ലാമായിരുന്നു ആ, സന്ന്യാസിയെക്കുറിച്ചു് നാട്ടിൽ പ്രചരിച്ചിരുന്നതു്. എന്നാലദ്ദേഹത്തിൻെറ മുമ്പിൽ സ്ത്രീകളുടെ തിക്കംതിരക്കമാണെതാനും. ചിലർ സന്താനമുണ്ടാകാനുള്ള വരമാവശ്യപ്പെടുന്നു. മററ ചിലർ രോഗപരിഹാരത്തിനുള്ള മാർഗ്ഗമാണാരായുന്നതു്. എന്നിരുന്നാലും നല്ലൊരു ഭൂരിപക്ഷം ഭർത്താക്കന്മാരെ തങ്ങളിലേയ്ക്കാകർഷിയ്ക്കാനുള്ള ഒററമൂലികയന്വേഷിച്ചാണവിടെ എത്തിയിരുന്നതു്. കുറെ മാസങ്ങരംക്കമുമ്പു് ആ സന്ന്യാസി പൂരൺദേയിയ്ക്കു് ഒരു മന്ത്രമുപദേശിച്ചു. അതുകൊണ്ടവരം ഗർഭിണിയായി എന്നുമാത്രമല്ല; ഭർത്താവു് ഗ്യാൻചന്ദ് നിഴൽപോലെ അവളുടെ പിന്നിൽനിന്നു മാറാതെയുമായി.

സ്വഭർത്താവിൻെറ നിർദ്ദയമർദ്ദനങ്ങളിൽനിന്നു് രക്ഷപ്പെടാൻവേണ്ടി റാണുവും 'ബാബാഹരിദാസി'ൻെറ പക്കൽനി

നും ഭസ്മംജപിച്ച് വാങ്ങികൊണ്ടുവന്നു. ഭസ്മം പച്ചപാലിൽ ചേർത്ത് ഭർത്താവിന് കൊടുത്തതിനുശേഷം അവനെ തന്റെ അടുത്തു വരാനനുവദിയ്ക്കരുത്. അതേ! അവസാനം കേണു വീണപേക്ഷിച്ച് ക്ഷമാപണം ചെയ്താൽ......പിന്നെ........ ആകാം. എന്നാൽ തലോക്ക രണ്ടാഴ്ചയോളം പച്ചപാൽ ആവശ്യപ്പെടുകയോ കുടിയ്ക്കുകയോ ചെയ്തില്ല.

തലോക്ക രണ്ടും മൂന്നും ദിവസംകൂടുമ്പോളൊരിയ്ക്കൽ ചൗധുരി–മെഹർബാൻദാസിന്റെ പക്കൽനിന്ന് ഓരോകുപ്പി ചാരായം കൊണ്ടുവരും. ലോകത്തിലെ മറെറല്ലാ തെററുകളും റാണുവിന് പൊറുക്കാം. എന്നാൽ മദ്യപാനമവൾ പൊറുക്കുകയില്ല. മദ്യത്തെപ്പോലെ ചീത്തവസ്തു ഈ ലോകത്ത് മറെറാന്നുമില്ല. പുരുഷൻ തന്റെ സർവ്വസ്വവും അന്യ ഒരുവളിൽ നശിപ്പിയ്ക്കുന്നു എന്നിരിയ്ക്കട്ടെ! എന്നാലും സ്വന്തഭാര്യയ്ക്കായി അല്പമെങ്കിലുമവശേഷിയ്ക്കും. പക്ഷെ, മദ്യപാനം— അയ്യയ്യോ!! അതിന്റെ ദുർഗന്ധംമൂലം മുഖം അടുത്തേയ്ക്കടുപ്പിയ്ക്കാൻപോലും സാദ്ധ്യമല്ല. തനിയ്ക്കായി ഒന്നും അവശേഷിച്ചിട്ടില്ല; എല്ലാം നഷ്ടപ്പെട്ടതായി അനുഭവപ്പെടും.

തലോക്കസിംഗ് പകൽ മുഴുവൻ, നവാബ്, ഇസ്മായിൽ, ഗുരുദാസ്, തുടങ്ങിയവരൊത്ത് ടാങ്ക (കുതിരവണ്ടി) തെളിച്ചിരുന്നു. വൈകുന്നേരമവൻ നസീബൻ വാലസ്റ്റാൻറിൽ ടാങ്കയുമായി കാത്തുകിടക്കും. വഴിതെററിയ വല്ലതീർത്ഥാടകയേയും കണ്ടുമുട്ടിയാൽ, നല്ല ഭക്ഷണം, ചൂടും മാർദ്ദവവുമുള്ള കിടക്ക; എന്നിവയുടെ പ്രലോഭനം നൽകി അവളെ ചൗധരി മെഹർബാൻദാസിന്റെ ധർമ്മശാലയിലെത്തിയ്ക്കും. തലോക്ക അങ്ങനെ ചെയ്തിരുന്നത്, ചൗധുരി മെഹർബാൻദാസിനും, അയാളുടെ സഹോദരനായ ഗണശ്യാമിനുംവേണ്ടി മാത്രമായിരുന്നു. എന്നാൽ അവന് ലഭിച്ചിരുന്ന പ്രതിഫലമോ! വല്ലപ്പോഴുമൊരുകുപ്പി ചാരായം.

'കോട്ട്ല' ഒരു തീർത്ഥസ്ഥാനമാണ്. ചൗധുരിയുടെ ഭവനത്തിന്നടുത്തായി, ഒരു ദേവീക്ഷേത്രമുണ്ട്. ഒരുകാലത്ത് ദേവി, ഭൈരവന്റെ വലയത്തിൽനിന്നു് രക്ഷപ്പെട്ടു് ആ ഗ്രാമത്തിൽ അഭയംതേടി. അതിന്നുശേഷമവറം അവിടെനിന്നോടി നേരെ—സ്യാൽക്കോട്ട് വഴി ജമ്മുവിലൂടെ ഹിമവാന്റെ മാറിൽ അപ്രത്യക്ഷയായി. ഇപ്പോഴും തെളിഞ്ഞ പ്രഭാതത്തിൽ കോട്ട്ലയിൽനിന്നു് വടക്കു് പടിഞ്ഞാറു് ഭാഗത്തേയ്ക്കു് നോക്കിയാൽ വിഷ്ണുദേവിയുടെ പർവ്വതം കാണാം.

തലോക്ക ഇന്നു് ചൗധുരി മെഹർബാൻദാസിന്റെ ധർമ്മശാലയിൽ എത്തിച്ച തീർത്ഥാടകയ്ക്കു് കഷ്ടിച്ചു് പന്ത്രണ്ടോ, പതിമൂന്നോ വയസ്സു് കാണും. ഭൈരവന്റെ ശിരച്ഛേദനം ചെയ്തു് സ്വന്തം ആത്മരക്ഷനേടാൻ വിഷ്ണുദേവിയുടെ പക്കൽ ത്രിശൂലമുണ്ടായിരുന്നു. എന്നാൽ നിഷ്കളങ്കയായ ഈ തീർത്ഥയാത്രക്കാരിയ്ക്കാകട്ടെ ഭൈരവന്റെ മുമ്പിൽ കൂപ്പാനുതകുന്ന പല്ലവസദൃശമായ രണ്ടു് കരംമാത്രമേ ഉണ്ടായിരുന്നുള്ളു. അല്ലാതെ ചെറുത്തുനില്ക്കാനുള്ള ശക്തി അവറംക്കുണ്ടായിരുന്നില്ല. വത്തക്കയുടെ കാമ്പാണെന്നു് തോന്നിപ്പോകുന്ന, അവളുടെ ശരീരം ചൗധുരിയുടെ കത്തിയിൽനിന്നു് രക്ഷപ്പെടുകയില്ല എന്നതു് തീർച്ചയാണു്. അതുകൊണ്ടായിരിയ്ക്കണം അന്നത്തെ സൂര്യൻ കോപത്താൽ മുഖം ചുവപ്പിച്ചു്, ധൃതിയിൽ തന്റെ രഥം തെളിച്ചു്; ജാറത്തിന്നടുത്തുള്ള പരുത്തിവയലിന്റെ പിന്നിൽ തിരോധാനംചെയ്തതും; ദ്വിതീയപക്ഷത്തിലെ ചന്ദ്രനുവേണ്ടി സ്ഥാനമൊഴിഞ്ഞുകൊടുത്തതും.

ധർമ്മശാലയ്ക്കടുത്തുള്ള കരാറുകാരന്റെ ഭവനം അടുത്തകാലത്തു് പണിയിച്ചതാണു്. ഇഷ്ടികകളുടെ വിടവിൽ തേച്ചിട്ടുള്ള കുമ്മായം ഈ അന്ധകാരത്തിലും, ചിരിയ്ക്കുന്നതുപോലെ കാണപ്പെട്ടിരുന്നു. മന്ദമാരുതൻ കോട്ടലയിലെ സകല വൃക്ഷ

ലതാദികളേയും തഴുകിക്കൊണ്ടിരുന്നു. ചിറയ്ക്കരികിൽ, ബാബാഹരിദാസിൻെറ പർണ്ണശാലയുടെ മേൽക്കൂരയായ വയസ്സൻ ആൽവൃക്ഷത്തിൽ അവശേഷിച്ച ഇലകളും ഗീതാലാപമാരംഭിച്ചു.

തലോക്ക പ്രവൃത്തിച്ചിരുന്ന ഗ്രാമത്തിൽ, ഒരങ്ങാടിയും, ധാന്യംപൊടിയ്ക്കുന്ന ഒരു മില്ലും മാത്രമേ ഉണ്ടായിരുന്നുള്ളു. ആ മില്ലിൻെറ മുമ്പിലുള്ള ഏകപച്ചക്കറി പീടിക ഝേലം രായണി എന്ന സ്ത്രീയുടേതായിരുന്നു. തലോക്ക അതിലെ കടന്നുപോകുമ്പോൾ പീടികക്കാരി മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാലവൻ ചോദിച്ചു.

“ഏയ്! ഝേലം! എന്തുപറയുന്നു?” ഗ്രാമത്തിലെ ഏവരുടേയും ജ്യേഷ്ഠത്തിയായ ഝേലം തലോക്കയുടെ നേരെ തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ പറഞ്ഞു. “നിങ്ങളുടെ അമ്മയുടെ കുററമാണ് തലോക്ക! നിങ്ങൾ ജനിയ്ക്കുന്നതിൽ നിന്നു് തടയാതിരുന്നതു്.”

അതുകേട്ട തലോക്ക ചിരിച്ചുകൊണ്ടു കടന്നുപോയി. അവൻ വീട്ടിലെത്തിയപ്പോൾ; ഇരുട്ടപെററ കുട്ടികൾ രണ്ടും വേപ്പിൻചുവട്ടിൽ കരികൊണ്ടു് കളംവരച്ചു്, കളിച്ചുകൊണ്ടിരിയ്ക്കുകയായിരുന്നു ഒരുവൻ കള്ളക്കളി കളിച്ചു അതോടെ മററവൻ മഹാഭാരതമാരംഭിച്ചു. അവർ വിവരമില്ലാതെ പരസ്പരം, മുതിർന്നവരുടെ നാടൻഭാഷയിൽ അസഭ്യം പുലമ്പാനാരംഭിച്ചു. അച്ഛൻെറ കാൽപ്പെരുമാററം കേട്ടപ്പോഴേയ്ക്കും ഇരുവരും പുസ്തകമെടുത്തു് ദീപത്തിൻെറ മുമ്പിൽ ചെന്നിരുന്നു് വായനതുടങ്ങി.

തലോക്ക വിളിച്ചുപറഞ്ഞു.

"വായിക്കൂ! വായിക്കൂ! ഹറാമികളെ! എനിക്കെല്ലാമറിയാം." അപ്പോഠം ഇളയ പുത്രൻ ആഃരാടെന്നില്ലാതെ ഉച്ചത്തിൽ പറഞ്ഞു. "ചിലക്കാതിരിക്കു അവിടെ."

തൻെറ മക്കളുടെ പുതിയ പഠനം ചികത്സയററ ഒരു രോഗമായി കണക്കാക്കി തലോക്ക മൗനമവലംബിച്ചു. തലോക്കയുടെ ഇരട്ടക്കുട്ടികളുടെ പേരു് 'ബന്ത'യെന്നും സന്തയെന്നുമായിരുന്നു, അവരിലും മൂത്തതു് ഒരു പെൺകുട്ടിയാണു്. സംബോധനചെയ്യാനുള്ള സൗകര്യമോർത്തു് തലോക്കയും, റാണുവുമവളെ 'ബഡി' എന്നു് നാമകരണംചെയ്തു. ഗൃഹജോലികളിൽ അമ്മയെ സഹായിക്കുക എന്നതാണു് ബഡിയുടെ ജോലി ഒഴിവു് കിട്ടിയാൽ ഒരു വയസ്സുമാത്രം പ്രായമുള്ള തൻെറ അനുജനെയുമെടുത്തുകൊണ്ടവഠം അയൽപക്കത്തെ കുട്ടികളോടൊത്തു് കളിക്കാൻപോകും. സ്വന്തഭവനവും, അയൽപക്കത്തെ ഗൃഹാങ്കണങ്ങളും മാത്രമായിരുന്നു അജ്ഞയായ ആ ബാലികയുടെ ലോകം. എന്നാൽ ആ വീട്ടിൽ മററൊരാഠം ദ്രുതഗതിയിൽ വളൻവരുന്നുണ്ടായിരുന്നു. മംഗഠം തലോക്കസിംഗിൻെറ അനുജൻ – റാണുവിൻെറ ഭതൃസഹോദരൻ– ബഡിയുടെ ഇളയച്ഛൻ.

തൊഴിൽരഹിതനും ദുസ്വഭാവിയുമായ മംഗൽ പകൽ മുഴുവനും മററുള്ളവരോടു് വഴക്കടിച്ചും, എഷണികൂട്ടിയും കഴിച്ചുകൂട്ടിയതിനുശേഷം വീട്ടിൽ തിരിച്ചെത്തി. ഭക്ഷണംചോദിക്കുന്നതു കേട്ടാൽതോന്നും, ആ കുടുംബത്തിലുള്ളവരെല്ലാം അവനെ ആശ്രയിച്ചാണു് ജീവിക്കുന്നതെന്നു്. ജ്യേഷ്ഠഭാര്യയായ റാണു മനസ്സിൽ കോപവും, പുറത്തു് സ്നേഹവും പ്രകടിപ്പിച്ചുകൊണ്ടു് പറയും. "ഇതാ! ഭക്ഷണം. നിങ്ങഠംക്ക വേണ്ടിയല്ലെ ഇതെല്ലാം പാകപ്പെടുത്തിയിരിക്കുന്നതു്."

മംഗലിനു് അഞ്ചോ, ആറോ വയസ്സു് പ്രായമുള്ളപ്പോഴാണു് തലോക്ക, റാണുവിനെ വിവാഹംചെയ്തതു്. അവള

ടെ മാതാപിതാക്കൾ വലിയ ദരിദ്രരായിരുന്നു അതായിരി
ക്കാം അവർ തങ്ങളുടെ, കീറത്തുണിയിൽ പൊതിഞ്ഞ പുത്രി
ക്കു് റാണി എന്നു് നാമകരണം ചെയ്തതു്. റാണു വിവാഹ
പ്രായത്തിലെത്തിയപ്പോൾ മാതാപിതാക്കളവളെ ഭക്ഷണ
ത്തിൻേറയും, വസ്ത്രത്തിൻേറയും പ്രതിജ്ഞയിൽ തലോക്കസിം
ഗിൻെറ കരങ്ങളിലർപ്പിച്ചു. റാണു വിവാഹിതയായി അധി
കംതാമസിയാതെ മാതാപിതാക്കളിഹലോകവാസംവെടിഞ്ഞു.

മാതാപിതാക്കളുടെ ദേഹവിയോഗം റാണുവിനെ അത്യ
ധികം വേദനിപ്പിച്ചു. കാരണം അവൾ ജനിച്ചവളൎന്ന ഗൃഹ
ത്തിൻേറയും, വിവാഹിതയായി ചെന്നുകയറിയ ഗൃഹത്തിൻേറ
യും നില വളരെ ശോചനീയമായിരുന്നു. സ്ത്രീകൾ, വീണ
തിനു ശേഷം തിരിഞ്ഞുനോക്കുന്നു. അങ്ങനെ നോക്കാത്ത അ
വൾക്കു് ഭാവിയും കണ്ടെത്താൻ കഴിയാറില്ല.

റാണു ഒരു ഭാര്യയായി കോട്ട്ലയിൽ വന്നതു മുതൽ അ
വൾക്കു് സ്വമാതാവിൻെറ സ്ഥാനത്തു് ശ്വശ്രുരയായ ജന്ദാ
നേയും, മാതാപിതാവിൻെറ സ്ഥാനത്തു് ശ്വശ്രുരനായ ഹ
സൂർ സിംഗിനേയും ലഭിച്ചു. ഭതൃസഹോദരനായ മംഗൽ അ
ക്കാലത്തൊരു ശിശുവായിരുന്നു. റാണു തൻെറ പുത്രിയെ മു
ലകുടിപ്പിക്കുമ്പോൾ മംഗലും മുലകുടിക്കാൻ ശാഠ്യം പിടിക്കാ
റുണ്ടായിരുന്നു.

ഒരു ദിവസം റാണു മംഗലിനെ വിളിച്ചു് മടിയിലിരു
ത്തി തൻെറ മുലകുടിപ്പിക്കാൻ ശ്രമിച്ചു. റാണുവിൻെറ നഗ്ന
സ്തനംകണ്ടു് ലജ്ജിതനായ മംഗൽ ഉടൻ എഴുന്നേററാടിപ്പോ
യി. ലോകരുടെ ദൃഷ്ടിയിലവൻ റാണുവിൻെറ ഭതൃസഹോദ
രനായിരുന്നെങ്കിലും റാണുവിൻെറ ദൃഷ്ടിയിൽ മൂത്തപുത്രനെ
പ്പോലെയായിരുന്നു. മംഗലിനെ വളത്തിയതും റാണുവാണു്.
അവനും റാണുവിനെ സ്വന്തം അമ്മയായി കണക്കാക്കിപോന്നു.

അല്ലങ്കിൽ മംഗലെന്തുകൊണ്ടാണ് സ്വന്തം അമ്മയെ 'വലിയമ്മ' എന്നും വിളിച്ചിരുന്നതു്? റാണു ചിലപ്പോഠം മംഗലിനെ ശകാരിയ്ക്കുകയും; ശിക്ഷിയ്ക്കുകയും ചെയ്തിരുന്നതും അക്കാരണങ്ങളാലാണ്.

എന്നാൽ ഇപ്രകാരം കുറെവർഷങ്ങളായി കാലംമാറി. റാണുവിൻെറ കുട്ടികഠം വളരുകമാത്രമല്ല; മംഗൽ എതിക്കാനുമാരംഭിച്ചു. ഭർത്താവായ തലോക്കസിംഗ് മദൃപിയ്ക്കാനും, ജന്ദാൻ ശ്രീയായ ശത്രുത്വയുടെ രൂപം കൈക്കൊള്ളാനും തുടങ്ങി. അങ്ങനെ റാണുവിൻെറ സ്വൈരജീവിതം നഷ്ടപ്പെടാൻ തുടങ്ങി. കുടുംബത്തിൻെറ വരുമാനം കുറഞ്ഞതാണതിനെല്ലാം കാരണം.

തലോക്ക ആഴ്ചയിൽ മൂന്നും; നാലും ദിവസം ജോലിയ്ക്കു പോകാറില്ല. ഹസ്സൂർ സിംധിൻെറ കണ്ണുകഠംക്ക് തിമിരം ബാധിച്ചു. കട്ടിലിൽതന്നെ കഴിച്ചുകൂട്ടികൊണ്ടയാഠം ചെവികൊണ്ടു് കാണാനാരംഭിച്ചു ഹസ്സൂർ സിംഗിൻെറ നയനങ്ങഠം രാവിലെ ചിറയിൽ കുളിയ്ക്കുന്ന പ്രാവുകളുടെ ചിറകുകഠംപോലെ പിടച്ചുകൊണ്ടിരിയ്ക്കും.

ഒരു ഒഴിവുദിവസം വൈകുന്നേരം തലോക്ക റാണുവിൻെറ അടുത്തു ചെന്നു് പോക്കററിൽ നിന്നൊരു തക്കാളിയെടുത്തു. അതവളുടെ നേരെ നീട്ടിക്കൊണ്ടു പറഞ്ഞു "ഇതിൻെറ കൂട്ടത്തിൽ കുറെ ഉള്ളിയുംകൂടി അരിഞ്ഞു ഒരു പിഞ്ഞാണത്തിലാക്കികൊണ്ടുവരു!"

റാണു കറിവേവിച്ചുകൊണ്ടിരിയ്ക്കുകയായിരുന്നു. കയ്യിലിരുന്ന തവി ചീനച്ചട്ടിയിലിട്ടുകൊണ്ടവഠം എഴുന്നേററു.

"നാശം പിന്നേയും കൊണ്ടുവന്നോ?"

തലോക്ക സ്നേഹം പ്രകടിപ്പിച്ചുകൊണ്ടു് പറഞ്ഞു'' ദിവസേന കൊണ്ടുവരാറില്ലല്ലോ റാണു!''

''ദിവസേനയായാലും; അല്ലെങ്കിലും ശരി, മദ്യപിക്കാൻ ഞാൻ സമ്മതിക്കുകയില്ല. എവിടെയാണാ കുപ്പി?'' റാണു കോപസ്വരത്തിൽ തുടൎന്നു. ''അതിൽ എന്താണു് എന്നിൽ ഇല്ലാത്തമസ്സ ഉള്ളതെന്നു് നോക്കട്ടെ!

റാണു ബഹളമുണ്ടാക്കിയേക്കുമോ എന്നായിരുന്നു തലോക്കയുടെ ഭയം. പക്ഷെ അവളതുചെയ്തു.

തലോക്ക പല്ലിറുമ്മിക്കൊണ്ടു പറഞ്ഞു. ''എടീ നായെ! ഞാൻ നിന്നോടു് വളരെ സ്നേഹത്തോടെ സംസാരിക്കുന്നു. എന്നാൽ നീയാകട്ടെ ലഗാനില്ലാത്ത കുതിരപ്പുറത്തു് സവാരി ചെയ്യുന്നു.''

''അതെ! തീർച്ചയായും. നിങ്ങൾക്കല്ലെ കുതിരപ്പുറത്തു സവാരിചെയ്യാനാവൂ! മററാൎക്കും സാദ്ധ്യമല്ലല്ലോ? ഞാനിന്നു ഇക്കാൎയ്യം തീർച്ചയാക്കിയിട്ടേ അടങ്ങൂ! ഒന്നുകിൽ ഈ വീട്ടിൽ ഈ കുപ്പി; അല്ലെങ്കിൽ ഞാൻ. രണ്ടുംകൂടി സാദ്ധ്യമല്ല.''

റാണു ചാരായക്കുപ്പി എടുക്കാനായി മുറിയ്ക്കകത്തേയ്ക്കോടി തലോക്കയുടെ ഭാവംമാറി. അവൻ റാണുവിൻെറ മുടിയ്ക്കു കടന്നുപിടിച്ചു. ഒററവലിയ്ക്കുവളെ നിലംപരിശാക്കി. വിളക്കിൻെറനാളം അണയാൻഭാവിച്ചെങ്കിലും പിന്നീടതാളിക്കത്തി. വേപ്പിൻശാഖകളിലിരുന്ന പക്ഷികൾ പറന്നുപോയി. ഡബ്ബൂ, ഞെട്ടിഎഴുന്നേററു് ഒന്നുമറിയാതെ കരയ്യാനാരംഭിച്ചു. അച്ഛാ! അച്ഛാ! മൂത്തമകൾ 'ബഡി' ഉച്ചത്തിൽ കരഞ്ഞു. ബന്തയും, സന്തയും ഭയന്നു് മൂലയിലൊളിച്ചു. അവരിലൊരാൾ സന്ദർഭംനോക്കി പുറത്തേയ്ക്കോടി. ഇളയശിശു അമ്മേ, അമ്മേ! എന്നു് വിളിച്ചുകരയുന്നതിനു പകരം പരിഭ്രമിച്ചു ഓ.......ഓ....... എന്നു് കരയാൻ തുടങ്ങി. ഹ. സർസിംഗ!

കട്ടിലിൽനിന്നെഴുന്നേററ് ആവലാതിയുടെ രൂപത്തിൽ ശകാരിച്ചുകൊണ്ടു് തപ്പിത്തടഞ്ഞു പുറത്തുവന്നു. കണ്ണിനു കാഴ്ചയില്ലാത്തതുമൂലം അയാൾ കാൽവഴുതി അടുപ്പിന്റെ മീതെ വീണു.

ആദ്യത്തെ ബലാബലമത്സരത്തിൽ റാണു ജയിച്ചു. അവൾ തലോകയുടെ കൈത്തണ്ടിൽ ദന്തനിരകളമർത്തി. സഹിയ്ക്കാനാകാത്ത വേദനയാൽ അലറിക്കൊണ്ടു് തലോക റാണുവിന്റെ തലപിടിച്ചു് ഭിത്തിയോടു് ചേർത്തടിച്ചു. പിന്നീടവൻ തന്റെ കുതിരയോടുപോലും ഉപയോഗിയ്ക്കാത്ത ഭാഷയിൽ ശകാരവർഷമാരംഭിച്ചു.

"അയ്യോ! അയ്യോ!! എന്റെ അമ്മയെക്കൊന്നേ!" ഭയചകിതയായ ബഡി ഉച്ചത്തിൽ കരഞ്ഞു. മുത്തശ്ശി പുറത്തു വന്നപ്പോഴേയ്ക്കും ബഡിയുടെ പൈജാമ നനഞ്ഞുകഴിഞ്ഞിരുന്നു......... ഒരുദിവസമീ നിലാവു് വട്ടംതികയുമെന്നു്. ഈ തെരുവുതെണ്ടിയുടെ മകൾ എങ്ങിനെയാ എന്റെ വീട്ടിൽ കാലുകുത്തി." മംഗൾ അമ്മയെ തടഞ്ഞു. "നിങ്ങൾ മിണ്ടാതിരിക്കു വലിയമ്മേ! അതു് ഭാര്യാഭർത്താക്കന്മാരുടെ വഴക്കാണു്. അതിന്നിടയ്ക്കു ചാടുന്നതു് ശരിയല്ല."

"എന്തിനു് മിണ്ടാതിരിയ്ക്കണം!" വൃദ്ധ പുലമ്പിക്കൊണ്ടിരുന്നു. "എന്റെ മകൻ അദ്ധ്വാനിച്ചുണ്ടാക്കിയ പണംകൊണ്ടാണു് കുടിയ്ക്കുന്നതു്. ഈ തേവിടിശ്ശിയുടെ അച്ഛന്റെ സമ്പാദ്യത്തിൽ നിന്നെടുത്തല്ല. സ്വയം മണ്ണടിഞ്ഞെങ്കിലും അയാൾ താടകയായ മകളെ ഇവിടെ വിട്ടിട്ടുപോയി."

അമ്മയുടെ ആനുകൂല്യവുംകൂടി ലഭിച്ചതോടെ തലോക തികച്ചുമൊരു കിരാതനായിമാറി. അവൻ റാണുവിന്റെ വസ്ത്രംകീറി. അവളെ നഗ്നയാക്കിയതിനുശേഷം അട്ടഹസി

ങ്ങാൻ തുടങ്ങി.'' കടക്കെടി പുറത്തു്, എൻെറ വീട്ടിൽനിന്നു പുറത്തു് കടക്കു!''

അബോധാവസ്ഥയിൽ റാണുവും പുലമ്പിക്കൊണ്ടിരുന്നു. ''ഞാനിനി ഒരു നിമിഷംപോലുമീ വീട്ടിൽ താമസിയ്ക്കുകയില്ല. ഇതാ പോകുന്നു.''

മുററത്തു മൺചുമരിന്നടുത്തു് കുറെനിഴലുകൾ കാണപ്പെട്ടു. മുകളിൽ-മച്ചിൻപുറത്തു് കുറെസ്ത്രീകളുടെ നിഴലുകൾ ചലിച്ചു.

''അയ്യോ! കൊന്നേ കൊന്നേ! ഓടിവരണേ!'' ആരോ വിളിച്ചുപറഞ്ഞു.

ദീനരോദനത്താലന്തരീക്ഷം മുഖരിതമായി. പക്ഷെ റാണുവിനെ രക്ഷപ്പെടുത്താനാരും മുന്നോട്ടുവന്നില്ല. തെധലംരായണിയും, അവളുടെ പുത്രിമാരും, പൂരൺഭേയി, നാഥാബിൻെറ ഭാര്യ ഐഷ, ചന്നു, വിദ്യ. സചരൂപ് തുടങ്ങി എല്ലാവരും അവിടെയുണ്ടായിരുന്നു. എന്നാൽ ചന്നുമാത്രം കരഞ്ഞുകൊണ്ടിരുന്നു. അയ്യോ! റാണുവിനെ കൊന്നേ! അവളെ രക്ഷിയ്ക്കണേ! എന്നു്.

''ആരും അടുത്തേയ്ക്കു് വരരുതു്'' റാണു ഗർജ്ജിച്ചു. നിങ്ങൾക്കെന്താണിവിടെ കാര്യം? അവരവരുടെ തൊഴിലിന്നു് പോകുവിൻ. നിങ്ങളുടെ വീടുകളിച്ചും ഭാര്യാഭർത്താക്കന്മാർ തമ്മിൽ വഴക്കടിയ്ക്കാറില്ലെ? ഇന്നു് സംഭവിക്കേണ്ടതെല്ലാം സംഭവിയ്ക്കട്ടെ! ഇന്നു് ദേവിയുടെ കോട്ട്ലയിൽ പുണ്യമുണ്ടാകും. ഞാനിന്നു് നിങ്ങളുടെ കയ്യാൽ മരിയ്ക്കും. സ്വർഗ്ഗത്തിൽപോകും, എൻെറ കുട്ടികളെന്നെച്ചൊല്ലി കരയും.''

ഇതികർത്തവ്യതാമൂഢനായി ഇതെല്ലാം നോക്കിനിന്നിരുന്ന മംഗൽ ഓടിച്ചെന്നു് ജേഷ്ഠൻെറ കൈയ്യുപിടിച്ചു. ഛീ! ഛീ!

എന്താണ് നിങ്ങളീചെയ്യുന്നതു്? ഒരു സ്ത്രീയിലാണോ തൻെറ പൗരുഷമെല്ലാം പ്രകടിപ്പിയ്ക്കുന്നതു്? ലജ്ജയില്ലാത്തവൻ!

ക്ഷുഭിതനായ തലോക്ക തൻെറ അനുജനെ തുറിച്ചുനോക്കിയെങ്കിലും അവൻെറ മുഖത്തെ ഗൗരവ്വംകണ്ടു് മൗനമവലംബിച്ചു. അതുകൊണ്ടു മടങ്ങാതെ മംഗൽ മദ്യക്കുപ്പി തറയിലെറിഞ്ഞു് ഉടച്ചു. മദ്യത്തിൻെറ ദുർഗന്ധം നാലുപാടും വ്യാപിച്ചു. കൂട്ടംകൂടിനിന്നിരുന്ന സ്ത്രീകഠം മൂക്കുപൊത്തിക്കൊണ്ടു സ്ഥലംവിട്ടു. തലോക്ക അനുജനെ ശകാരിച്ചുകൊണ്ടു് ഉറക്കറയിലേയ്ക്കു് പോയി. ഏതോ പുസ്തകം വായിയ്ക്കുന്നതരത്തിലായിരുന്നു അവൻ അസഭ്യം പുലമ്പിക്കൊണ്ടിരുന്നതു്.

റാണു അകത്തുചെന്നു് ട്രങ്കിൽ തുണിനിറയ്ക്കുകയായിരുന്നു. അവഠം പോകുകയാണ്. എവിടേയ്ക്കു്? അതു് റാണുവിനു തന്നെ നിശ്ചയമില്ല. ശത്രുവിനുപോലും പുത്രി ജനിയ്ക്കല്ലെ ഈശ്വരാ! അല്പം പ്രായമായാൽ അച്ഛനമ്മമാർ ശ്വശ്രുരാലയത്തിലേയ്ക്കയയ്ക്കുന്നു. അവർ ക്ഷോഭിച്ചാൽ വീണ്ടും പിതൃഗൃഹത്തിലേക്കു് തള്ളിവിടുകയായി. അയ്യോ! തുണികൊണ്ടുള്ള ഈ പന്തു് പിന്നെ സ്വന്തം അശ്രുവാൽ നനയുന്നു. അതോടെ ഉരുട്ടാനുംകൂടി പററാതാകുന്നു.

റാണുവിനു് വസ്ത്രങ്ങളെത്രയുണ്ടു്? ഒരു നിമിഷംകൊണ്ടവഠം ട്രങ്കു നിറച്ചു് മുറിയിൽനിന്നു് പുറത്തിറങ്ങി. അവഠം സ്വയം കരഞ്ഞു. മററുള്ളവരെ കരയിച്ചുംകൊണ്ടു പറഞ്ഞു. "ഇതാ! വീടു് സൂക്ഷിച്ചുകൊള്ളു. ഇവിടെ ഞാനല്ലെ ഒരു വിരുന്നുകാരി ഉണ്ടായിരുന്നുള്ളു. ആ ഞാനിതാ പോകുന്നു. നിങ്ങളുടെ ശകാരവും, മർദ്ദനവും, പട്ടിണിയും സഹിച്ചു് പണിയെടുക്കുന്ന മററാരെയെങ്കിലും കൊണ്ടുവന്നുകൊള്ളു."

കുട്ടികളാം റാണുവിൻെറ ദൃഷ്ടിയിൽപെട്ടു. കോപവും, ദുഃഖവുംമൂലമന്ധയായിത്തീൎന്ന റാണു തൻെറ ശിശുക്കളെ വിസ്മരിച്ചുപോയി. കുട്ടികളാം? അവർ ആത്മഗതമായി പറഞ്ഞു. ജനിച്ചില്ലെന്നു വിചാരിയ്ക്കും, അല്ലെങ്കിൽ മരിച്ചുപോയെന്നു കരുതും.

ബഡി ഓടിവന്നു് അമ്മയുടെ ഉപ്പട്ടയുടെ അഗ്രത്തിൽ പിടിച്ചുകൊണ്ടു പറഞ്ഞു "അമ്മേ!" റാണു പുത്രിയുടെ കരം തട്ടിമാററിക്കൊണ്ടു് ഗർജ്ജിച്ചു. "ദുരെപ്പോ ശവം! ഒരു ദിവസം നിൻേറയുംഗതി ഇതുതന്നെയായിരിയ്ക്കും."

റാണു വിശാലമായ ലോകത്തെ ലക്ഷ്യമാക്കി വെളിയിലിറങ്ങി. അന്ധകാരംമൂലം നക്ഷത്രങ്ങളൊഴിച്ചു് മറെറാന്നും കാണാൻ സാദ്ധ്യമല്ലായിരുന്നു ഭൂമിയേക്കാളും വലുപ്പമുള്ള ഓരോ നക്ഷത്രവും മിന്നുകയും, മങ്ങുകയുംചെയ്തുകൊണ്ടിരുന്നു. മദ്ധ്യത്തിൽ കാർമേഘം ആവരണംചെയ്തതുകൊണ്ടാകാം ചന്ദ്രനും രണ്ടു തുണ്ടമായി കാണപ്പെട്ടു.

മംഗൽ ഓടിച്ചെന്നു് റാണുവിനെ തടഞ്ഞുകൊണ്ടു ചോദിച്ചു. "ജ്യേഷ്ഠത്തി നിങ്ങളെവിടെപ്പോകുന്നു?" പിന്നീടവൻ തൻെറ അമ്മയുടെ നേരെ തിരിഞ്ഞു "അവരെ തടയൂ! വലിയമ്മേ!" ജന്ദാൻ അന്തരീക്ഷത്തിലേയ്ക്കു് കൈകുടഞ്ഞുകൊണ്ടു പറഞ്ഞു. "മുമ്പും, പിമ്പുമില്ലാത്തവളെവിടെപോകാൻ?"

ഹസൂർസിംഗ്, മകളെ! റാണു! എന്നു വിളിച്ചുകൊണ്ടു തപ്പിത്തടഞ്ഞു് റാണുവിൻെറ അടുത്തെത്തി. അടുപ്പിനു് മേൽ വീണതുമൂലം പൊള്ളലേററ തൻെറ മുതുകു് റാണുവിനെ കാണിച്ചുകൊണ്ടയാളം പറഞ്ഞു. "എൻെറ മുതുകൊന്നു നോക്കു മോളേ!"

റാണു ദുപ്പട്ടകൊണ്ടു് തലയും മുഖവും മറച്ചതിനുശേഷം തേങ്ങിക്കരയാനാരംഭിച്ചു. അപ്പോഴേയ്ക്കും തലോക്കയുടെമദം ഒട്ടൊക്കെ ഇറങ്ങിക്കഴിഞ്ഞിരുന്നു. ഒരനാഥബാലനെപ്പോലെ അവൻ വാതുക്കൽ നോക്കിനിന്നിരുന്നു. റാണുവിൻെറ ആവേശമല്പമൊന്നടങ്ങി എന്നു കണ്ടപ്പോഴവൻ പറഞ്ഞു: "നീപോക്കൊള്ളൂ! എവിടേയ്ക്കാണു് പോകുന്നതെന്നു് ഞാനൊന്നു കാണട്ടെ!"

"ഞാനെവിടെയെങ്കിലും പൊയ്ക്കൊള്ളാം. നിങ്ങൾക്കെന്താ? എവിടെപ്പോയാലും പണിയെടുത്തു് ജീവിക്കും. ഒരു നേരത്തെ ഭക്ഷണത്തിനീലോകത്തു് യാതൊരു ക്ഷാമവുമില്ല. നാട്ടിൽ ഇടംകിട്ടിയില്ലെങ്കിൽ, ധർമ്മശാലയുണ്ടു്."

ധർമ്മശാലയോ? തലോക്ക ഞെട്ടി. അവൻ ഓടിച്ചെന്നു് റാണുവിൻെറ കൈയ്ക്കുപിടിച്ചു. 'നടക്കൂ എൻെറ പിന്നാലെ.'

"പിന്നാലെയല്ല—മുമ്പിൽ?"

റാണു സ്വതന്ത്രയാണിപ്പോൾ. എന്നിരുന്നാലും തലോക്കയെപ്പോലെതന്നെ അവളും തളർന്നുകഴിഞ്ഞിരുന്നു. റാണു, വീട്ടിലേയ്ക്കുതന്നെ തിരിച്ചുപോരാനൊരു കാരണമന്വേഷിക്കുകയായിരുന്നു. കുപ്പി ഉടഞ്ഞുപോയില്ലേ, ഇനി പോയതുകൊണ്ടു എന്തുപ്രയോജനം?

# II

ഹുസൂർ സിംഗിൻെറ ശരീരത്തിൽ പൊള്ളലേററ സ്ഥാനത്തു് മരുന്നു പുരട്ടിയതിനുശേഷം റാണു ഉറക്കറയിലേയ്ക്കു പോയി. തലോക്ക കയ്യും, കാലും നീട്ടികിടന്നു് എന്തോ ചിന്തിയ്ക്കുകയായിരുന്നു. ഉറങ്ങിക്കിടന്നിരുന്ന ശിശു ചമ്മു കരയാനാരംഭിച്ചെങ്കിലും അമ്മയുടെ മുല വായിൽക്കിട്ടിയതോടെ അവൻ മൗനമവലംബിച്ചു.

തലോക്കയുടെ ചിന്താമണ്ഡലത്തിലപ്പോൾ, വൈകുന്നേരത്തെ കലഹത്തിനു് പകരം, താൻ ധർമ്മശാലയിലെത്തിച്ച തീർത്ഥാടകയെക്കുറിച്ചുള്ള ചിന്തകളായിരുന്നു അന്നു രാത്രി തലോക്ക സ്വയം മെഹർബാൻദാസും, റാണു, തീർത്ഥാടകയുമായിരുന്നു. തലോക്ക കൈനീട്ടി. റാണു അതു് തട്ടിയകററി.

ഹാ!... ...ഹാ! ......കുട്ടി.......തികച്ചുമൊരു കുട്ടി...“തലോക്ക പരിഭവത്തോടെ പറഞ്ഞു. “നീ എന്താണൊരു ചെറിയ ബാലികയെപ്പോലെ തുടങ്ങുന്നതു്? ഇക്കിളി മാറിയിട്ടില്ല അല്ലെ?”

തലോക്ക റാണുവിനെ പ്രീതിപ്പെടുത്താനുള്ള ശ്രമത്തിലായി. സന്ധ്യകഴിഞ്ഞാൽ സകല പരാക്രമവും പമ്പകടക്കുന്ന പുരുഷന്മാരിൽപെട്ടവനായിരുന്നു അവനും. തലോക്ക എ? ന്നോററു് പരമശിവൻെറ ചിത്രമെടുത്തുകൊണ്ടുവന്നു. പാർവ്വതി അടുത്തുനില്ക്കുന്നു. ജഡയിൽനിന്നു് ഗംഗ പ്രവഹിച്ചുകൊണ്ടിരിയ്ക്കുന്നു. അവൻ ആ ചിത്രം റാണുവിനെ കാണിച്ചുകൊണ്ടു് പാർവ്വതിയുടെ പാവനപ്രേമത്തെക്കുറിച്ചു് വർണ്ണിച്ചു. അതുകൊണ്ടും റാണു കിടന്നിടത്തുനിന്നു് അനങ്ങിയില്ല. ഉടൻ

തന്നെ തലോക്ക രാധാകൃഷ്ണൻെറ ചിത്രം ഫ്രെമിൽനിന്നു് പുറത്തെടുത്തുകൊണ്ടുവന്നു. അതു് ഫ്രെമോടുകൂടിയാകൊണ്ടുപോ രാമായിരുന്നു. എങ്കിലും തലോക്ക ഓരോ ചിത്രവും ഫ്രെ മിൽനിന്നു് വെളിയിലെടുത്തുകൊണ്ടിരുന്നു. അല്പസമയംകൊണ്ടു് ചിത്രങ്ങളില്ലാത്ത ഫ്രെമുകൾ ധാരാളമായി. ഫ്രെമുകളിൽ നിന്നു് അവ തിരോധാനംചെയ്തു.

റാണു രാവിലെ ഉണർന്നപ്പോൾ ശരീരം മുഴുവനും വേദ നിയ്ക്കുന്നുണ്ടായിരുന്നു. എഴുന്നേല്ക്കാനാ രംക്കിഛയില്ലായിരുന്നു. എന്തുചെയ്യാം! ജോലികളെല്ലാം ബാക്കിയാണു്. തലേദിവ സമാരും അത്താഴംകഴിച്ചതില്ല. തന്മൂലം രാവിലത്തെ ഭക്ഷ ണത്തിനു് ധൃതിയുണ്ടു്. കുതിരയ്ക്കുള്ള ധാന്യം കുതിർത്തണം. 'ജീൻ' പുറത്തെടുക്കണം. തലോക്ക പതിവുപോലെ അൽ പ്രജ്ഞനായി കിടന്നുറങ്ങുകയാണു്. പകുതി തുറന്ന കണ്ണുകളും മുഴുവൻ തുറന്ന വായും. റാണു കയ്യിൽ വിളക്കുമേന്തി വീണ്ടും തലോക്കയുടെ അടുത്തുവന്നു. കാണാനുള്ള കൗതുകത്താൽ മ നുഷ്യൻ വീണ്ടും ചത്തപാമ്പിൻെറയടുത്തുവരുന്നതുപോലെ.

തലോക്ക ഉണർന്നപ്പോഴേയ്ക്കും റാണു ഗൃഹജോലികളിൽ പകുതിയും ചെയ്തുതീർത്തു. അവളുടെ കയ്യിൽനിന്നു് ജീൻ വാ ങ്ങിയപ്പോൾ തലോക്കയുടെ പുരികം ചുളിഞ്ഞു. ഇന്നലെ വൈകുന്നേരം എന്തെങ്കിലും സംഭവിച്ചതായി റാണുവിനെ ക ണ്ടാൽ തോന്നുകയുമില്ല. തലോക്ക ഇന്നലെ രാത്രി റാണുവി നോടെത്രപ്രാവശ്യം ക്ഷമായാചനംചെയ്തു; കാലു് പിടിച്ചു. എന്നാൽ സൂര്യോദയത്തോടൊപ്പം അവൻെറ പൗരുഷവും ത ലയുയർത്തി. തലോക്കയുടെ കയ്യിലിരുന്ന ജീൻ ഇളകിയപ്പോൾ അതിൽ ഘടിപ്പിച്ചിട്ടുള്ള ചിലങ്കകൾ മുഴങ്ങി. തൽസമയമ വൻ പറഞ്ഞു. ഇന്നലെ രാത്രി ഞാൻ ഭയപ്പെട്ടുപോയെന്നു ധരിയ്ക്കരുതു്.'' റാണു ഒഴിഞ്ഞുമാറിക്കൊണ്ടു പറഞ്ഞു. ഞാ

നെപ്പോഴാണങ്ങിനെ പറഞ്ഞതു്: "നപുംസകം മാത്രമേ സ്ത്രീകളെ ഭയപ്പെടുകയുള്ളു; ഞാനിന്നും ചാരായം കൊണ്ടുവരും, നീ തടയുന്നതൊന്നു കാണട്ടെ.''

റാണു മറുപടിയൊന്നും പറഞ്ഞില്ലെങ്കിലും മനസ്സിലുറപ്പിച്ചു ഇന്നും ചാരായം കൊണ്ടുവന്നാൽ ഞാൻ കഴുത്തിൽ കയറിട്ടു തൂങ്ങിമരിയ്ക്കും. മാൻകൊമ്പു് നെഞ്ഞത്തു് കുത്തിയിറക്കും! അന്നു് നാസ്സുകളെകൊന്ന വിഷംതിന്നു മരിയ്ക്കും. ഈ നീചൻ 'ഡബ്ബൂ'വിനെപ്പോലെ ഒരു പ്രാവശ്യവുമെങ്കിലും എന്നിൽ ദൃഷ്ടിപതിപ്പിയ്ക്കുമല്ലോ? എന്നെ ചൊല്ലിയല്ലെങ്കിലും കുട്ടികളുടെ ഭാവിഓർത്തു് നെടുവീർപ്പിട്ടു. ഇല്ല! ഇല്ല! ഞാൻ മരിയ്ക്കുന്നതുകൊണ്ടന്യക്കെന്തു നഷ്ടം? എന്റെ അച്ഛനമമ്മയ്ക്കുമാണു് നഷ്ടം. പക്ഷെ അവരെവിടെ? മുമ്പുമില്ല—പിമ്പുമില്ല. ഇല്ല! ഞാൻ ആത്മഹത്യചെയ്യുകയില്ല. ചിലവു കൂടാതെ വലഒഴിഞ്ഞെന്നു് പറഞ്ഞു ശ്വശുര സന്തോഷിയ്ക്കുകയേയുള്ളു

ആ സമയം നിശ്ചിന്തനായ മംഗൽ അതിലെ കടന്നുപോയി. ജ്യേഷ്ഠന്റെ മുമ്പിലെത്തിയപ്പോളവർ പരസ്പരം തുറിച്ചുനോക്കി. "ഹും! ഇന്നലെ തയ്യാറെടുത്തു വന്നെങ്കിലും പിന്നീടു് വാലുംതാഴ്ത്തി ഓടി ഒളിച്ചു.'' തലോക്ക അനുജനെ പരിഹസിച്ചു് പറഞ്ഞു. മംഗൽ അത്ര ഗൗനിച്ചില്ല.

അച്ഛനും അമ്മയും അടുത്തടുത്തു് നിയ്ക്കുന്നതുകണ്ടു് 'ബഡി' ഇളയകുട്ടികളെ സ്കൂളിലയയ്ക്കാൻ വേണ്ടഏർപ്പാടുകളിൽ വ്യാപൃതയായി.

അടുത്ത മുറിയിൽ രാത്രി മുഴുവൻ ഉറക്കമിളച്ചു്, ഞെരങ്ങിയും മൂളിയും കഴിച്ചുകൂട്ടിയ ഹസൂർസിംഗ് നേരംവെളുക്കാറായപ്പോഴാണുറങ്ങിയതു്. ജന്മാൻ പതിഞ്ഞ സ്വരത്തിൽ 'ചപ്ജി' മന്ത്രം ഉരുവിട്ടുകൊണ്ടിരുന്നു.

കുറെ കഴിഞ്ഞപ്പോൾ തലോക്കയുടെ ടാങ്ക പടിയ്ക്കലെത്തി. റാണു പതിവുപോലെ നാലു തടിച്ച റൊട്ടി മുഷിഞ്ഞ ഒരു തുണികഷ്ണത്തിൽ പൊതിഞ്ഞു് തലോക്കയ്ക്കു് കൊടുക്കുന്നതിനിടയിൽ അവളുടെ ദൃഷ്ടി ടാങ്കയിൽ പതിഞ്ഞു. പന്ത്രണ്ടു്, പതിമൂന്നു് വയസ്സു് പ്രായമുള്ള ഒരു ബാലിക ബോധരഹിതയായ നിലയിൽ ടാങ്കയിൽ കിടക്കുന്നു. തലോക്ക അവളെ ചൗധരി മെഹർബാൻദാസിന്റെ ധർമ്മശാലയിൽനിന്നു നഗരത്തിലേയ്ക്കു് കൊണ്ടുപോകുകയായിരുന്നു.

റാണു ആശ്ചര്യത്തോടെ ചോദിച്ചു.

"ആരാണിതു്? എന്തു് പററി?"

"അപസ്മാരം" തലോക്ക ജീനിന്റെ ബൽററു് മുറുക്കികൊണ്ടു പറഞ്ഞു. റാണു മൂക്കിനുമേൽ വിരൽവെച്ചുകൊണ്ടു വീണ്ടും ചോദിച്ചു.

"അപസ്മാരമോ?"

"അതേ! അപസ്മാരം. സാധാരണ എല്ലാ സ്ത്രീകൾക്കും ആദ്യമാദ്യം ബാധിയ്ക്കാറുള്ള രോഗം. ഇന്നലെ രാത്രി നിന്നെയും ബാധിയ്ക്കുകയുണ്ടായില്ലേ? അതിനു് മരുന്നു് ചെരുപ്പാണു്. അല്ലെങ്കിൽ അതാ വരാന്തയിൽ വെച്ചിരിയ്ക്കുന്ന കുതിര ചമ്മട്ടം—ഇന്നലെ നത്തുവിനെക്കൊണ്ടു് ഇരുമ്പിന്റെ മൊട്ടുകൾ തറപ്പിച്ചതേയുള്ളു. അതാണിന്നു് നിന്റെ പുറത്തുവീഴാൻ പോകുന്നതു്."

റാണുവിന്റെ പാദങ്ങൾ വിറച്ചു. തലോക്ക ടാങ്കയുമായി ദൃഷ്ടിയിൽനിന്നു മറഞ്ഞ ഉടനെ അവൾ ചമ്മട്ടമെടുത്തു ഒളിപ്പിച്ചു.

ഉച്ചയാകാൻ ഇനിയും താമസമുണ്ടു്; അപ്പോഴേയ്ക്കും കുറെ ആളുകൾ – നഖാബു്, ഇസ്മായിൽ, ഗ്യാൻചന്ദു്, ദിവാന, ഉ

ടങ്ങിയവർ ഓടിവന്നു. അവർ ധാന്യംപൊടിയ്ക്കുന്ന മില്ലിൻെറ മുമ്പിലെത്തിയപ്പോറം, നവാബ്, മില്ലുടമസ്ഥനോട് പറഞ്ഞു. പണ്ഡിത്ജി! കേട്ടില്ലേ? അതിനു ശേഷമവൻ അയാളുടെ ചെവിയിലെന്തോ മന്ത്രിച്ചു. പിന്നീട് കൂട്ടത്തിലുള്ളവരുമായി പിറുപിറുക്കാൻ തുടങ്ങി. അവരെല്ലാവരും തലോക്കയുടെ വീടിൻെറ നേരെ തുറിച്ചുനോക്കുന്നുമുണ്ട്. തെഡലം രാമണിയുടെ ജാമാതാവായ മുറാറ് ബക്ഷ് ഒരു കയ്യിൽ ത്രാസ്സും, മററെകയ്യിൽ കട്ടിയുമായി പീടികയിൽനിന്നു് പുറത്തുവന്നു്; 'ഷാഹിജട്ടി'നെ 'ജാറം' വക കിണററിന്നടുത്തേക്ക് പോകുന്നതിൽനിന്നു തടഞ്ഞതിനുശേഷം അയാളുടെ ചെവിയിലെന്തോ പറഞ്ഞു. അപ്പോറം ഷാഹിജട്ടും മററുള്ളവരോടൊന്നിച്ച് തലോക്കയുടെ വീടിൻെറനേരെ നോക്കിനിന്നു.

റാണു വാതിലിൻെറ മറവിൽനിന്നുകൊണ്ടതെല്ലാം കാണുന്നുണ്ടായിരുന്നു.

തലേദിവസം രാത്രി നടന്ന സംഭവങ്ങളെക്കുറിച്ചറിയാൻ വന്ന ചന്നു റാണുവിൻെറ ഉരത്തിൽ പിടിച്ചു കുലുക്കിക്കൊണ്ടു പറഞ്ഞു. ഇന്നലെ എന്തുണ്ടായി? പറയൂ കേറക്കട്ടെ?"

വീടിൻെറ മുമ്പിൽ നടന്നുകൊണ്ടിരുന്ന രഹസ്യസമ്മേളനത്തിനു് നേരെ ചന്നുവിൻെറ ശ്രദ്ധതിരിച്ചുവിട്ടുകൊണ്ടു് റാണു പറഞ്ഞു. "ഇന്നീപുരുഷന്മാർക്കെന്തുപററി? എല്ലാവരും ഇങ്ങോട്ടുതന്നെ നോക്കിനില്ക്കുന്നു."

ചന്നു തിരിഞ്ഞുനോക്കിയതിനു് ശേഷം പറഞ്ഞു. "ശരിയാണ്, അതിൻെറ കാരണമറിയാമോ?" "ഇല്ല; എന്താണവരങ്ങിനെ നോക്കിനില്ക്കുന്നതു?" റാണു ജിജ്ഞാസയോടെ ചോദിച്ചു.

രാത്രി മുഴുവൻ ഇക്കണ്ടമർദ്ദനങ്ങളെല്ലാം സഹിച്ചിട്ടും, നിങ്ങളുടെ സൗന്ദര്യം വർദ്ധിക്കുകയാണു് ചെയ്തതു്. അതാണവരിങ്ങോട്ടുതന്നെ തുറിച്ചുനോക്കുന്നതു്."

ഛീ! പോടി കുശുമ്പി! റാണു ചന്നുവിന്റെ മുടിയ്ക്കു് കടന്നുപിടിച്ചു. പിന്നീടവർ പരസ്പരം ഇക്കിളികൂട്ടി പൊട്ടിച്ചിരിച്ചു.

പോലീസു്, ചൗധുരി മെഹർബാൻദാസിനേയും, അയാളുടെ അനുജൻ ഗണശ്യാമിനേയും കൈയ്ക്കു് വിലങ്ങുവെച്ച് റോഡിൽക്കൂടി നടത്തിക്കൊണ്ടു പോകുന്നതുകണ്ടപ്പോൾ റാണുവിന്റെ സന്തോഷത്തിന്നതിരുണ്ടായില്ല. എന്നാൽ അക്കൂട്ടത്തിൽ പതിനെട്ടോ പത്തൊൻപതോ വയസ്സു് പ്രായം വരുന്ന ഒരു യുവാവുമുണ്ടു്. അവൻ ധരിച്ചിരിയ്ക്കുന്ന വസ്ത്രം രക്തത്തിൽ നനഞ്ഞിരിയ്ക്കുന്നു. തലയിൽനിന്നും, വായിൽനിന്നും രക്തം ഒഴുകുന്നുണ്ടു്. സ്വബോധം നഷ്ടപ്പെട്ട ആ യുവാവു് ഹവൽദാർ ജഹാൻഖാൻ, ഗ്രാമത്തലവൻ താരാസിംഗ്, എന്നിവരുടെ സഹായത്തോടെയാണു് നടക്കുന്നതു്. മെഹർബാൻദാസിന്റെ മുഖം കറുത്തുപോയതിനാൽ അയാളുടെ കണ്ഠാഭരണം കൂടുതൽ തിളങ്ങുന്നുണ്ടായിരുന്നു. ഗണശ്യാമിന്റെ മുഖത്തു് നീലിച്ച പാടുകൾ കണ്ടൊന്നുണ്ടു്. തലപ്പാവു് ചുററാൻ സമയം കിട്ടാഞ്ഞിട്ടെന്നവണ്ണം അതു് തോളിൽ അഴിഞ്ഞു കിടന്നിരുന്നു.

"ഹാ! ഈശ്വരന്റെ കൃപ! ഞാനിന്നു് ശർക്കര വിതരണം ചെയ്യും ചന്നൂ!" റാണു ആഹ്ലാദത്തോടെ പറഞ്ഞു. "ഇവന്മാരിന്നുവരെ അന്യരുടെ സ്യാലന്മാരായി; ഇന്നിതാ സർക്കാരിന്റെ ജാമാതാക്കളായിരിയ്ക്കുന്നു. ചന്നു മറുപടി പറയുന്നതിനു് മുമ്പേ റാണു കൈകൊട്ടി നൃത്തംചെയ്യാനാരംഭിച്ചു. "ചന്നൂ! ഞാനിന്നു് ഹൃദയംതുറന്നു നൃത്തംചെയ്യും." എന്നുപ

റഞ്ഞുകൊണ്ടവൾ ദേവീക്ഷേത്രത്തിന്റെ താഴികക്കുടം കുംഭത്തിന്നു് നേരെ കരംകൂപ്പി. "ഹേ! ദേവീ! അംബികേ! നിനക്കു സ്തുതി' ഇന്നു് നീ എന്റെ പ്രാത്ഥന സ്വീകരിച്ചു. എന്നെ സംബന്ധിച്ചിടത്തോളം നീ ധന്യയായി അംബികേ!"

തലോക്കയുടെ ടാങ്ക വീട്ടിന്റെ പടിയ്ക്കലെത്തി. പക്ഷെ അതു് തെളിച്ചിരുന്നതു് ഗുരുദാസ് ആയിരുന്നു. "അയ്യോ! ചന്നൂ! ഇതെന്താണു്?" റാണു ടാങ്കയിലേയ്ക്കു നോക്കി. അതിൽ ആരോ നിവന്നുകിടപ്പുണ്ടായിരുന്നു. ഒരുപക്ഷെ ആ അപസ്മാരരോഗിണിയായ ബാലികയായിരിയ്ക്കുമെന്നു് റാണു ധരിച്ചു. എല്ലാവരുംകൂടി രോഗിണിയെ വണ്ടിയിൽനിന്നു് താഴെ ഇറക്കി, വരാന്തയിൽ കൊണ്ടുവന്നു. രോഗിണിയുടെ മുഖത്തു് നിന്നു വസ്ത്രം മാററിയപ്പോൾ റാണു ഞെട്ടി; ഉച്ചത്തിൽ കരഞ്ഞുകൊണ്ടകത്തേയ്ക്കോടി. ചന്നു മാറത്തടിച്ചു കരഞ്ഞുകൊണ്ടു് സ്വവസതയിലേയ്ക്കും.......

തലോക്കസിംഗ് വധിയ്ക്കപ്പെട്ടു. ജാറത്തിന്നു് സമീപമുള്ള കിണററിന്നടുത്തുവെച്ചു് തീത്ഥാടകയുടെ സഹോദരൻ അവനെ ആക്രമിച്ചു. തലോക്കയുടെ കണ്ണുഞരമ്പിൽ ദന്തനിരയമത്തി. അവന്റെ ശരീരത്തിലെ അവസാനതുള്ളി രക്തവും പുറത്തായതിനുശേഷമാണു് ഘാതകൻ കടിവിട്ടതു്.

ജനങ്ങൾ തലോക്കയുടെ ഘാതകനെ വളഞ്ഞു. അപ്പോഴവൻ ഒരു ഭ്രാന്തനെപ്പോലെ തുള്ളിച്ചാടി; ക്ഷേത്രത്തിന്റെ താഴികക്കുടത്തിനുനേരെ കരമുയത്തിക്കൊണ്ടു് പറഞ്ഞു. "ഹേ! ദേവീ! നീ നിമിത്തമാണിതെല്ലാം; നീ നിമിത്തം" ജനങ്ങൾ അവനെ മട്ടിയ്ക്കുകയും, വലിച്ചിഴയ്ക്കുകയും ചെയ്തപ്പോഴും ആ ഘാതകൻ ദേവീഭജനമാലാപിച്ചുകൊണ്ടിരുന്നു.

"മാതാറാണി ദെർബാർ ജ്യോതിയാം—
ജഗ്ദിയാം.

മയ്യാറാണി ദേർബാർ ജ്യോതിയാം—

ജഗ്ദിയാം ”

(ദേവി മാതാവിൻെറ സന്നിധിയിൽ ദീപങ്ങാം ജ്വലിച്ചുകൊണ്ടിരിയ്ക്കുന്നു.)

ആ ദീപപ്രകാശം അവൻെറ നയനങ്ങളിൽ പ്രതിഫലിച്ചുകൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്കുവൻെറ മുഖം വിയർക്കുകയും, പവക്കുകയും ചെയ്തുകൊണ്ടിരുന്നു. ജനക്കൂട്ടത്തോടൊന്നിച്ച്; ആ യുവാവ് ക്ഷേത്രത്തിന്നടുത്തെത്തിയപ്പോാം കുതിച്ചുചാടി; നൃത്തംചെയ്തുകൊണ്ട് പാടാനാരംഭിച്ചു.

“ഹെ! മയ്യാനെം സതെ ബഹിനാം—

ഗോറിയാം.

സിർലാൽ ഫൂലോം ദെജ്ജുഡിയാം,

മയ്യാറാണി ദെദർബാർ ജ്യോതിയാം—

ജഗ്ദിയാം.”

(അല്ലയോ ദേവീ! മാതാ! നിങ്ങളേഴ സഹോദരികളും വെളുത്തതാണെങ്കിലും നിങ്ങളുടെ തലയിൽ ചുവന്ന പൂക്കാം അലങ്കരിച്ചിരിക്കുന്നു. ദേവിയുടെ ദർബാറിൽ ദീപങ്ങാം ജ്വലിച്ചുകൊണ്ടിരിയ്ക്കുന്നു.)

പിന്നീടവൻ ഉടുത്തിരുന്ന വസ്ത്രം പിഴിഞ്ഞു് രക്തമെടുത്തു് തലയിൽ തടവാൻ തുടങ്ങി. ദേവിയുടെ ആത്മാവു് ആ ഘാതകനിൽ പ്രവേശിച്ച് പ്രതികാരാവേശത്തോടെ ഭൈരവനേയോ, തലോക്കുയേയോ അന്വേഷിയ്ക്കുകയാണെന്നു് തോന്നിപ്പോയി.

തലോക്കയെ വധിച്ച ആ യുവാവ് ക്ഷേത്രത്തിനു് നേരെ സാഷ്ടാംഗ പ്രണാമം ചെയ്തതോടെ ജനങ്ങാം ഭയചകിതരായി മാറിനിന്നു.

വേണമെങ്കിൽ അവനപ്പോൾ ഓടി രക്ഷപ്പെടാമായിരുന്നു. ദേവീഭജനമാലപിച്ചുകൊണ്ടു് സ്ഥലംവിടാമായിരുന്നു. എന്നാലങ്ങിനെയൊന്നും ചെയ്യാതെ ആ യുവാവു് ഗ്രാമത്തലവനായ താരാസിംഗിന്നു് സ്വയംകീഴടങ്ങുകയാണു് ചെയ്തതു്. അതു് അവൻെറ ആത്മവശത്തിൻെറ ഒരു പ്രക്രിയ ആയിരുന്നിരിയ്ക്കാം.

സമീപത്തുള്ള ഗ്രാമങ്ങളെല്ലാം നിർജീവമായി. കോട്ട്‌ല ഗ്രാമം അന്ധകാരാവൃതമായതുപോലെ കാണപ്പെട്ടു. അകാലമേഘം സൂര്യൻെറ പ്രഭാവത്തിനു് മാററകുറച്ചു. സമയത്തിനു മുമ്പേ ഇരുട്ടു് വ്യാപിച്ചു. വിഷ്ണുദേവീക്ഷേത്രത്തിൻെറ താഴികക്കുടം തലോക്കാസിംഗിൻെറ ഭവനത്തിലേയ്ക്കെത്തിനോക്കാൻ തുടങ്ങി വേപ്പു് വൃക്ഷം സ്വന്തം ഇലകൾ ചുരുക്കി. ഡബ്ബൂ കുരയ്ക്കുകയോ, ഓരിയിടുകയോ ചെയ്യേണ്ടതിനു് പകരം വാലുകൊണ്ടു് തററടുത്തു.

പുത്രൻെറ മൃതദേഹം കാണാൻവേണ്ടി ദൈവം, ഹസൂർസിംഗിൻെറ നയനങ്ങൾക്കു് തല്ക്കാലത്തേയ്ക്കു് കാഴ്ചനൽകി. ജന്ദാൻ അല്പസമയത്തേയ്ക്കു് ബോധരഹിതയായി. കുട്ടികൾ കൂട്ടക്കരച്ചിലിൽ സമയം ചിലവഴിച്ചു. റാണു ആദ്യം മുറിയ്ക്കകത്തേയ്ക്കും, പിന്നീടു് പുറത്തേയ്ക്കുമോടി. താനെന്താണു് ചെയ്യേണ്ടതെന്നവൾക്കു് മനസ്സിലാകുന്നില്ല. എന്തുകൊണ്ടോ റാണുവിന്നു് തൻെറ എല്ലാ വസ്ത്രങ്ങളും, ആഭരണങ്ങളുമെടുത്തണിയാനാഗ്രഹംതോന്നി അവളതിനു് തയ്യാറായപ്പോഴേയ്ക്കും ചന്നു തടഞ്ഞു. അവൾ റാണുവിൻെറ കൈകളിലുണ്ടായിരുന്ന കുപ്പിവളകൾ തല്ലിയുടച്ചു. പൂരൺദേയി ഓടിവന്നു കുടം നിറയെ വെള്ളമെടുത്തു് റാണുവിൻെറ തലയിലൊഴുക്കി. അതുകൊണ്ടും റാണുവിൻെറബുദ്ധി നേരെയായില്ല. അവൾ അറപ്പുരയിൽചെന്നു് ഒളിപ്പിച്ചുവെച്ചിരുന്ന ചമ്മട്ടമെടുത്തുകൊണ്ടുവന്നു്; എല്ലാവരുടേയും കൺമുമ്പിൽ, തലോക്കയുടെ മൃതദേഹത്തിനു് നേരെ നീട്ടിക്കൊണ്ടു പറഞ്ഞു. “ഇതാ ഞാൻ

നിങ്ങളുടെ ചാമ്മട്ടം തുണ്ടം, തുണ്ടമാക്കുന്നു. ഹും! അടിയ്ക്കാൻ വരുന്നവൻ! ഞാനൊന്നു കാണട്ടെ!!"

റാണു ഭ്രാന്തിയായിത്തീൎന്നു എന്നെല്ലാവരും ധരിച്ചു. 'ബഡി' വാതിലിൻെറ മറവിൽനിന്നു് മാറത്തടിച്ചു കരയുകയായിരുന്നു. റാണു ഓടിച്ചെന്നവളുടെ തലയിൽ ആഞ്ഞടിച്ചുകൊണ്ടു് പറഞ്ഞു. "ഇടിമിന്നലേററു് പലരും മരിയ്ക്കുന്നുണ്ടു്. മസൂരി പിടപെട്ടും മരിയ്ക്കുന്നുണ്ടു്. എന്നാൽ നീമാത്രമെന്തുകൊണ്ടു്മരിയ്ക്കുന്നില്ല?"

വിദ്യ ഓടിവന്നു ബഡിയെ രക്ഷപ്പെടുത്തിയതിനുശേഷം റാണുവിനോടു് പറഞ്ഞു. "ഈ പാവം എന്തപരാധമാണു് ചെയ്തതു്?"

"ഇവളെന്തിനാണു് കത്തവ്യം പാലിയ്ക്കാത്തവൻെറ മകളായി ജനിച്ചതു്? ഇത്രയും പറഞ്ഞതോടെ റാണുവിനു് കരയാനോമ്മവന്നു. കരയൂ! കരയൂ! അല്ലെങ്കിൽ ലോകം നിങ്ങളെ പരിഹസിക്കും. പക്ഷെ കരച്ചിൽ വരുന്നില്ല. റാണുവിനു് സ്വന്തഭവനവും, കുട്ടികളും, ഭത്താവും അന്യൻേറതായി തോന്നി. കരച്ചിൽ വരാൻവേണ്ടി; കണ്ണിൽ ഉള്ളിനീർ ഒഴിയ്ക്കാനവരം അടുക്കളയിലേയ്ക്കോടി. പക്ഷെ ഉള്ളിയുടെ ആവശ്യം നേരിട്ടില്ല. തലേദിവസം രാത്രി തലോക്ക ചാരായത്തോടൊന്നിച്ചു് കഴിയ്ക്കാൻ കൊണ്ടുവന്ന തക്കാളി റാണുവിൻെറ ദൃഷ്ടിയിൽ പെട്ടു.

റാണുവിൻെറ കണ്ണീർ ചിറപൊട്ടി. അവരം മാറത്തടിച്ചു് കരയാനാരംഭിച്ചു. ഗ്രാമത്തിലെ മററു സ്ത്രീകരം തേങ്ങിക്കരഞ്ഞുകൊണ്ടു് റാണുവിനെ സമാശ്വസിപ്പിയ്ക്കാൻ ശ്രമിച്ചു. റാണുവിൻെറ രോദനം ഏഴാകാശങ്ങളേയും ഭേദിച്ചു. മംഗൽ അമ്മേ! എന്നു് വിളിച്ചുകൊണ്ടു് ഭിത്തിയിൽ തലയടിച്ചു് കരഞ്ഞു. റാണു വിലാപം തുടന്നു. "എടീ! റാണൂ! നിനക്കിനി മുമ്പുമില്ല; പിമ്പുമില്ല. എടി വിധവേ! നിൻെറ രൂപം ബസാസാറിലിരിയ്ക്കാൻപോലും പററുന്നതല്ലല്ലോ!"

# III

ചൗധുരി മെഹർബാർദാസ്, അയാളുടെ അനുജൻ ഗണശ്യാം, ബാബാഹരിദാസ് എന്നിവർക്ക് ഏഴു വർഷംവീതം കഠിനതടവു് വിധിയ്ക്കപ്പെട്ടു. തീർത്ഥയാത്രക്കാരിയുടെ സഹോദരനും അതേശിക്ഷയാണ് ലഭിച്ചതു്. ഗ്രാമത്തലവൻ താരാസിംഗും, ഹവൽദാർ ജഹാൻഖനും സ്ഥലത്തെത്തുന്നതിനു് മുമ്പേ ജനങ്ങൾ തലോക്കയുടെ മൃതദേഹം സംഭവസ്ഥലത്തുനിന്നു് മാററിക്കഴിഞ്ഞിരുന്നു. തന്മൂലം പ്രോസിക്യൂഷൻ ഭാഗത്തിനു് കുററം തെളിയിയ്ക്കാൻ പ്രയാസമുണ്ടായില്ല. പക്ഷെ ബാബാഹരിദാസിനിത്ര കഠിനശിക്ഷ നൽകിയതെന്തിനു്?

അയാൾ ധരിച്ചിരുന്ന ഇരുമ്പുലങ്കോട്ടി; പഴന്തുണികൊണ്ടുള്ള കൗപീനമായിരുന്നു എന്നതാണതിനു് കാരണം. ബാബഹരിദാസിനെ ഏഴു വർഷത്തേയ്ക്കു് ശിക്ഷിച്ചു എന്നറിഞ്ഞപ്പോൾ കോട്ട്ലയിലെ സ്ത്രീകൾ ആശ്ചര്യപ്പെട്ടു അവർ പരസ്പരം ഓരോരുത്തരുടെയും മുഖത്തു് എന്തോ അന്വേഷിയ്ക്കാനാരംഭിച്ചു. എന്നാൽ അധികം സംസാരിയ്ക്കുന്നവളായ പൂരൺദേയിയാണ് പിടിയ്ക്കപ്പെട്ടതു്. അവളുടെ കണ്ണിൽ അശ്രുവും, മുഖത്തു് മ്ലാനതയും കണ്ടെത്തി.

ദേവീക്ഷേത്രത്തിൻെറ നിഴൽ ഗ്രാമത്തെ അനുഗ്രഹിയ്ക്കുകയും, ചിറയരുകിൽ പറന്നെത്തുന്ന പ്രാവുകൾക്ക് ദയാലുക്കളും, ധർമ്മിഷ്ഠരുമായ സജ്ജനങ്ങൾ ധാന്യം വിതറുകയും ചെയ്യുന്നിടത്തോളംകാലം കോട്ട്ലയിൽ യാതൊരു പാപവുമുണ്ടാകുകയില്ല. ഇനിയങ്ങിനെ ഉണ്ടായാൽതന്നെയും-അതു്

ചെയ്യുന്നവർക്ക് ഭൈരവന് കിട്ടിയതുപോലെ തന്നെ ശരിയായ ശിക്ഷകിട്ടും എന്നാണ് തലമുതിർന്നവർ പറയുന്നതു്.

ചൗധുരിമാരുടെ ഭവനങ്ങളും, സ്വത്തും കേസ്സിന്നുവേണ്ടി ചിലവഴിച്ച ധർമ്മശാല പഞ്ചായത്തിൻെറ അധീനത്തിലായി. അന്നത്തെ സംഭവത്തിനു് ശേഷം ഗ്രാമത്തിലെ പുരുഷന്മാർ ജാഗരൂകരായി. അന്യസ്ത്രീകളുടെ മുഖത്തു് നോക്കാനാരും ധൈര്യപ്പെടാതായി. ഗ്രാമത്തിലെ ഗജഗാമിനിമാർ ഉന്മാദത്തോടെ നടന്നുപോകുമ്പോൾ അവരുടെ, ചലിയ്ക്കുന്ന, നിതംബത്തിനൊത്തു് ചിലർ ദൃഷ്ടികൊണ്ടു് താളംപിടിയ്ക്കും കുറെക്കഴിഞ്ഞാൽ അതിനും ധൈര്യപ്പെടുകയില്ല.

ഹസ്സൂർസിംഗ് മെലിഞ്ഞു് അസ്ഥിപഞ്ജരമായിത്തീർന്നു. വൃദ്ധയുടെ ശകാരം സഹിച്ചു്; കട്ടിലിൽ കഴിച്ചുകൂട്ടുകയാണു്. ജന്ദാൻ നിത്യേന ഹസ്സൂർസിംഗിനെ കരയിയ്ക്കും. അയാൾ ഒരു കാലത്തു് ജന്ദാനെ രാജകുമാരിയെപ്പോലെ സുഖിപ്പിച്ചതാണു്. വലിയ, വലിയ നഗരങ്ങളിൽ കൊണ്ടുപോയി മൃഗശാലകളും, കാഴ്ചബംഗ്ലാവുകളും കാണിച്ചുകൊടുത്തിട്ടുണ്ടു്. എന്നാൽ ഇന്നാഹസ്സൂർസിംഗ്; ഭൂമിയ്ക്കൊരു ഭാരമായി; നിരാശ്രയനായി, വീടിൻെറ ഒരു മൂലയിൽ കിടന്നു നരകിയ്ക്കുകയാണു്. മതഗ്രന്ഥമായ 'ഗ്രന്ഥസാഹിബി'ലെ ഒൻപതാമദ്ധ്യായമുരുവിട്ടു് കാലംകഴിക്കുന്നു. ജന്ദാൻ—രാപ്പകൽ ശുണ്ഠിയെടുക്കലും, ശകാരവുമാണു് അവളുടെ തൊഴിൽ.

റാണുവിനെ കാണുന്നമാത്രയിൽ ശരീരത്തിൽ മുളകുപൊടി പററിയതുപോലെ വൃദ്ധയുടെ ശരീരം എരിയാൻ തുടങ്ങും. പഠിച്ചിട്ടുള്ള ശകാരവാക്കുകളെല്ലാം, ജന്ദാൻ റാണുവിൻെറ മുമ്പിൽ വിളമ്പും. "യക്ഷി! പിശാചേ! വേശ്യേ! എൻെറ മകനെ വിഴുങ്ങി. ഇനി ഞങ്ങളെയുംകൂടി വിഴുങ്ങാൻ വാപിളർന്നു നില്ക്കുകയാണു്. കടന്നുപോ പുറത്തു്. ആരുടേയെങ്കിലും

കുട്ടത്തിൽപോയി മുഖത്തു് കരിതേപ്പിച്ചുകൊള്ളൂ! ഇനി ഈ വീട്ടിൽ നിനക്കൊരു കാര്യവുമില്ല."

റാണു ഒരു നിമിഷംപോലുമാവീട്ടിൽ താമസിയ്ക്കുകയി ല്ലായിരുന്നു. പക്ഷെ മക്കളോടുള്ള സ്നേഹം അവളുടെ കാലു കഠം ബന്ധിച്ചു. മാതൃസ്നേഹം റാണുവിനെ അലട്ടി ജന്ദാൻ ആട്ടിഅകററുന്തോറും റാണു അവളോടടുക്കാൻ ശ്രമിച്ചു.

പെട്ടെന്നിങ്ങനെ തൻെറ ജീവിതം ശൂന്യമായിത്തീർന്ന തിനാൽ റാണുവിൻെറ ആരോഗ്യം ക്ഷയിച്ചു. റാണുവിൻെറ ശരീരത്തിൽ ക്ഷയിച്ചുകൊണ്ടിരുന്നതു് ബഡ്ഡിയുടെ ശരീര ത്തിൽ വികസിയ്ക്കാൻ തുടങ്ങി. അവഠം ഒരു വനകുസുമംപോ ലെയായി. ഒരിതഠം കൊഴിഞ്ഞുവീണാൽ തൽസ്ഥാനത്തു് ര ണ്ടിതഠം വിരിയുകയായി.

ബഡ്ഡി മതിമറന്ന കേഴമാൻകുട്ടിയെപ്പോലെ തുള്ളിച്ചാടി അയൽപക്കത്തെ ബാലികമാരോടൊപ്പം കളിയ്ക്കാനിറങ്ങും. തിരിച്ചെത്താനല്പം വൈകിയാൽ റാണു അവളെ ശകാരിയ്ക്കു കയും, ചിലപ്പോഠം ശിക്ഷിയ്ക്കുകയും ചെയ്തിരുന്നു. പക്ഷെ അ തൊന്നും ബഡ്ഡി അത്രകാര്യമാക്കാറില്ല, കുറെയെല്ലാം ദാരി ദ്ര്യംകൊണ്ടും; കരുതിക്കൂട്ടിയും റാണു തൻെറ പുത്രിയ്ക്കു്, മു ഷിഞ്ഞതും കീറിപ്പറിഞ്ഞതുമായ വസ്ത്രങ്ങളേ, ധരിയ്ക്കാൻകൊ ടുത്തിരുന്നുള്ളൂ. മുടി ചീകിമിനുക്കുന്നതിനു് പകരം കാററിൽ പറക്കാൻ പാകത്തിനു് ചിന്നിച്ചിതറിയിട്ടും. ആരുടെയെങ്കി ലും കരിങ്കണ്ണു് പററിയാലോ? ബഡ്ഡി കോമളാംഗിയായി രുന്നു. അവളെ ആരെങ്കിലും തുറിച്ചുനോക്കിയാൽ മതി റാണു അവരോടു് കയക്കാൻ........ പിന്നീടവഠം ഹൃദയാശപാസത്തി നായി വാരിസ്ഷായുടെ ഈരടി ഉരുവിടും. "ഗോറാരംഗ് നഭേ വെറബ."

സാരപിണ്ഡ് വൈർപെഗയാ" (വെളുത്ത ഗാത്രമൊരു സ്ത്രീയ്ക്കും നൽകരുതേ ദൈവമേ! നാട്ടുമുഴവൻ ശത്രുതയ്ക്കൊരു ങ്ങുന്നു.)

റാണു തന്റെ പുത്രിയെ ഒളിപ്പിയ്ക്കാൻ ശ്രമിയ്ക്കുന്തോറും അവളുടെ സൗന്ദര്യം, കീറിപ്പറിഞ്ഞ മലിനവസ്ത്രമാകുന്ന പർദ ഭേദിച്ച് പ്രസ്സരിച്ചുകൊണ്ടിരുന്നു. വാദ്യയന്ത്രങ്ങളുടെ ശബ്ദം കേൾക്കുന്നമാത്രയിൽ പടിയ്ക്കൽ ഓടിയെത്തുന്ന നിഷ്കളങ്കശിശുക്കളെപ്പോലെയായിരുന്നു ബഡ്ഡി. പുത്രിയുടെ നിഷ്കളങ്കതയിൽ കുപിതയായി റാണു പറയും, "അച്ഛനില്ലാത്ത ഈമകളുടെ അന്ത്യം നാശമായിരിയ്ക്കും." ശത്രുക്കളുടെ കണ്ണുപററിയാൽ പിന്നെ ഒന്നിനും കൊള്ളാത്തവളായിത്തീരും." പിന്നീടവർ സ്വയം ഭയന്നു് വിറക്കും.

റാണുവിന്റെ കണക്കനുസരിച്ച് ബഡ്ഡിയുടെ ഭാഗ്യദിനം അടുത്തുകഴിഞ്ഞിരുന്നു. കഴിഞ്ഞ മാഘസങ്ക്റാന്തി മുതൽ റാണുവിന്നു് തന്റെ പുത്രി 'കുളി'യ്ക്കുന്നതിന്റെ കണക്കു് ഓർമ്മവെയ്ക്കേണ്ടതായിവന്നു. എങ്ങാനും രണ്ടോ മൂന്നോ ദിവസം താമസിച്ചുപോയാൽ റാണു, പുത്രിയെ ചോദ്യംകൊണ്ടു് ശ്വാസംമുട്ടിയ്ക്കും. വൈകുന്നേരം നീ എവിടെയാണു് പോയതു്? അവിടെനിന്നും പിന്നെ എവിടെപ്പോയി? ക്ഷേത്രത്തിൽ ആരെല്ലാമുണ്ടായിരുന്നു? നീ എന്തിനാണു് പുരോഹിതന്റെ ഗുരുമന്ത്രം കേൾക്കാൻ കാത്തിരുന്നതു്? ആ മന്ത്രം നിന്നെ എവിടെയെത്തിയ്ക്കുമെന്നറിയാമോ? ബാബാ ഹരിദാസിനെ മറന്നുപോയോ? ചോദ്യമെല്ലാം കഴിഞ്ഞു് റാണു കഷായത്തിനുള്ള മരുന്നു് ശേഖരിയ്ക്കും. അങ്ങിനെ അസ്വസ്ഥത നിറഞ്ഞ പ്രതീക്ഷകൾക്കുശേഷം ആ ലതപുഷ്പിയ്ക്കുന്നതോടെ റാണുവിന്നു് സമാധാനമായി.

റാണു തന്റെ പുത്രിയെ ശ്വശ്രൂരാലയത്തിലയയ്ക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിയ്ക്കും. പക്ഷെ കയ്യിൽ ഇരുപതു്

പൈസപോലുമില്ല. പിന്നെ മകളെ എങ്ങിനെ വിവാഹം ചെയ്തുകൊടുക്കും? ഞാൻ ഭക്ഷണത്തിനും, വസ്ത്രത്തിനും വേണ്ടി മാത്രമാണല്ലോ ഈ വീട്ടിൽ വന്നതു്. ആ വ്യവസ്ഥയിലും എൻെറ മകളെ വിവാഹം ചെയ്യാനാരും മുന്നോട്ടുവരുന്നില്ലല്ലോ? ഗ്രാമത്തിലെ യുവാക്കന്മാരാണെങ്കിൽ നിത്യേന നഗരത്തിൽപോയി സിനിമയുംകണ്ടു് അലഞ്ഞുനടക്കുന്നവർ! അമ്മപെങ്ങന്മാരെക്കുറിച്ചു് ചിന്തയില്ലാത്ത ഹറാമികൾ! കോട്ടയിലെ യുവതികൾ തങ്ങളുടെ സഹോദരിമാരും, 'സ്ത്രീ' കൾ തങ്ങളുടെ അമ്മമാരുമാണെന്ന ബോധമവൎക്കു് വേണ്ടതല്ലേ? അങ്ങിനെയാണെങ്കിലും റാണൂ തൻെറ പുത്രിയെ അവരിലാൎക്കെങ്കിലും വിവാഹംചെയ്തുകൊടുത്തു് ഈ കണക്കു് സൂക്ഷിപ്പിൽനിന്നും മോചനം തേടുമായിരുന്നു. പക്ഷെ ആ ഏഭ്യന്മാർ! എല്ലാവരും മെഹർകമ്മദ്ദീൻെറ മാന്തോട്ടത്തിൽനിന്നു കണ്ണിമാങ്ങ പറിച്ചു്; കുറെതിന്നും, കുറെ എറിഞ്ഞും; നശിപ്പിച്ചിട്ടു് ഓടിപ്പോകുന്ന കൂട്ടത്തിൽപ്പെട്ടവരാണു്. തോട്ടത്തിനു് കാവൽക്കാരുണ്ടായിരുന്നില്ല ബഡിയുടെ ഭാഗ്യത്തിലെന്താണാവോ? വൃദ്ധനാണോ, അതോ യുവാവോ? സമീപത്തെവിടെയെങ്കിലുമായിരിക്കുമോ അതോ ലാഹോറിലൊ? പെഷാവറിലോ? റാന്നൂ ചിന്താമഗ്നയായി പുത്രിയുടെ വേർപാടിൻെറ അകലമളക്കും. പിന്നീടവൾ അജ്ഞാതമായ ഏതോ അനുഭൂതിയാൽ രോമാഞ്ചകഞ്ചുകിതയായി പാടും.

"സഭാം സോഹറെ ചൽനാസഡ് മുക്ലവാംഹാർ"

(ഒരു ദിവസമെല്ലാവൎക്കും ശ്വശുരാലയത്തിൽ പോകേണ്ടിവരും. പുതുക്കവും കഴിയും) പക്ഷെ റാണുവിൻെറ പുതുക്കം? അവളുടെ സ്വന്തശ്വശുരാലയം? അതിപ്പോൾ റാണുവിൻെറ പിതൃഗൃഹമായിക്കഴിഞ്ഞിരുന്നു. മനസ്സുകൊണ്ടു് കോട്ടനിൎമ്മിക്കുന്നതിനിടയിൽ, താൻപാടിയഗീതം ജീവിതത്തിൻെറ

തല്ല; മരണത്തിൻേറതാണ് എന്ന വസ്തുത റാണു വിസ്മരിച്ചു പോയി. അവളുടെ ഞരമ്പുകറം ത്രസിച്ചു. മാദകത്വത്തിൻെറ മാധുര്യം റാണുവിനെ വികാരഭരിതയാക്കി. ശ്വശ്രുരാലയത്തിൽ പോകാനവളുടെ ഹൃദയം കൊതിച്ചു. റാണു കോട്ട്ലയിൽ വന്നതിനുശേഷം തലോക്കസിംഗ് അവറംക്ക് ശ്വശ്രുരാലയത്തെക്കുറിച്ച് ചിന്തിയ്ക്കാനവസരംകൊടുത്തിട്ടില്ല. ഏഴ് പട്ടിൽ പൊതിഞ്ഞു് വരുന്ന വധുവിനാണ് ശ്വശ്രുരാലയം. അവളുടെ സ്വാഗതത്തിനായി ശ്വശ്രുരകയ്യിൽ ദീപവുമേന്തി വാതുക്കൽ കാത്തുനില്ക്കും. ശ്വശ്രുരയുടെ വാത്സല്യം – ശ്വശ്രുരൻെറ സ്നേഹം—പാത്രംമാററൽ—മുഖംകാണിയ്ക്കൽ—പിന്നെ രാത്രി, മുല്ലപ്പൂവിരിച്ച കിടക്ക—ദീപപ്രകാശത്തിൽ ആദ്യം ലജ്ജിയ്ക്കുകയും, പിന്നീട് വിടരുകയുംചെയ്യും. അതു് കഴിഞ്ഞു മാതൃത്വം. എന്നാൽ തലോക്ക റാണുവിനെ നിത്യേന ചവിട്ടി മെതിച്ചുപോന്ന ഗൃഹം, എല്ലാ സ്ത്രീകളും സ്വപ്നം കാണാറുള്ള ശ്വശ്രുരാലയമല്ല.

ശ്വശ്രുരാലയയാത്രയ്ക്കും, പുതുക്കത്തിനുംവേണ്ടി റാണുവിൻെറ ഹൃദയംവെമ്പി. അടുത്തുതന്നെ റാണുവിൻെറ പുത്രിയുടെ വിവാഹവും, പുതുക്കവും നടക്കാൻ പോവുകയാണ്. റാണു ചിന്തിച്ചു. അതു് തൻേറതോ അതോ പുത്രിയുടേതോ എന്നാരുകണ്ടു. തോഴനുണ്ടെങ്കിലേ അടുത്തു് തോഴിയുമുണ്ടാകുകയുള്ളു. ആത്മാവു് നിലനിന്നെങ്കിലല്ലെ ശരീരം ചലിയ്ക്കുകയുള്ളു?

മംഗൽ—അവൻ ഇതിന്നകം ടാങ്ക തെളിയ്ക്കാൻ പഠിച്ചു കഴിഞ്ഞിരുന്നു. എങ്കിലും കുടുംബത്തെക്കുറിച്ചുള്ള ഉത്തരവാദിത്വം ശരിയ്ക്കും മനസ്സിലാക്കിയില്ല. തന്മൂലം വരുമാനം കുറഞ്ഞു. ജീവിതത്തിൽ പെട്ടെന്നു് ഞെട്ടിയുണർന്ന മംഗൽ യുവചാപല്യമായ വിപിനത്തിലപ്പോഴും ഒളിച്ചുകളി നടത്തി

കൊണ്ടിരുന്നു. ജീവിത യാഥാർത്ഥ്യങ്ങളുമായി അവനിഃപ്പാഴു മപരിചിതനാണ്. എതെങ്കിലുമൊരു യുവതിയെ കണ്ടാലുടൻ മംഗൽ ഗാനമാലപിയ്ക്കുകയായി.

"ഹായ് നശ്ശെദി ബോതൽ
തനെ് പീൺ ഗെനസീബാം വാല."

(അല്ലയോ! ലഹരി നിറഞ്ഞകുപ്പി നിന്നെ ഏതെങ്കിലും ഭാഗ്യവാൻ പാനംചെയ്യും)

നസീബൻ വാലസ്ഥാൻറിലെ ടാങ്കക്കാരനായ മംഗൽ; തനിയ്ക്ക് വീടിനോടോ, അവിടെയുള്ളവരോടൊ എന്തെങ്കിലും കത്തവ്യമുണ്ടെന്നു് കരുതിയിരുന്നില്ല. വീട്ടിലുള്ളവരെല്ലാം ദിവസത്തിലൊരുനേരം മാത്രമേ വല്ലതും കഴിച്ചിരുന്നുള്ള എന്ന വസ്തുതയും അവനജ്ഞാതമായിരുന്നു.

അങ്ങനെയിരിയ്ക്കേ ഒരു ദിവസം മംഗൽ, ത്ധേലം രായണിയുടെ ഇളയമകാം — സലാമത്തിയുമായി പരിചയപ്പെട്ടു. അവാം വെണ്ടയ്ക്ക, വഴുതനങ്ങ, പീച്ചിങ്ങാ മുതലായ പച്ചക്കറികളിൽ മാത്രമല്ല കൈവെച്ചിരുന്നുള്ളു; ഒരു ലതപോലെ, കാണുന്ന മരങ്ങളിൽ ചുററിപ്പിണയാനും അവാം ധൈര്യപ്പെട്ടിരുന്നു. വഴിയ്ക്കുവെച്ചൊരു ദിവസം സലാമത്തി, മംഗലിനെ വലവീശി.

"ഏയ്! മംഗൽസിംഗ്!"

മംഗൽടാങ്കയിൽ നിന്നിറങ്ങി. സലാമത്തി, അടുത്തു ചെന്നു അവൻെറ മുഖത്തു് ദൃഷ്ടിയുറപ്പിച്ചുകൊണ്ടു് പറഞ്ഞു. "നിങ്ങളുടെ ടാങ്കയിൽ എന്നെയും കയററുമോ?"

"ഓഹോ!"

"എപ്പോഠം?"

"നിങ്ങഠംക്കിഷ്ടമുള്ളപ്പോഠം!'

സലാമത്തി നാലുപാടും കണ്ണോടിച്ചതിനുശേഷം തുടർന്നു. "എന്നാൽ ഇന്നു് രാത്രിതന്നെ."

"എൻെറ ടാങ്ക രാത്രി ഓടാറില്ലല്ലോ സലാമത്തീ!"

മംഗൽ ടാങ്കയുമായി നഗരത്തിലേയ്ക്കു് തിരിച്ചു. ഏതാണ്ടു് രണ്ടു മൈലകലമെത്തിയപ്പോഴാണവനു് സലാമത്തിയുടെ ഇംഗിതം ശരിയ്ക്കു മനസ്സിലായതു്. മംഗലുടൻതന്നെ ടാങ്ക തിരിയ്ക്കാൻ ഭാവിയ്ക്കുകയായിരുന്നു അതിനുള്ളിൽ നഗരത്തിലേയ്ക്കുള്ള ഒരു യാത്രക്കാരനെകിട്ടി. രാത്രിയാകാൻ ഇനിയും എട്ടുപത്തു് മണിക്കൂർ താമസമുണ്ടു്, അതിനാൽ ആ യാത്രക്കാരനേയും കയററി അവൻ നഗരത്തിലേയ്ക്കു തിരിച്ചു.

മംഗൽ വൈകുന്നേരം സ്വഗൃഹത്തിൽ തിരിച്ചെത്തിയപ്പോഠം അവിടെകണ്ടകാഴ്ച അവനെ വികാരഭരിതനാക്കി. കുടുംബാംഗങ്ങളെല്ലാം പകൽ മുഴുവൻ പട്ടിണിയായിരുന്നു. ബഡി എവിടെനിന്നോ അല്പം അരിവാങ്ങിക്കൊണ്ടുവന്നു അടുപ്പത്തിട്ടു. എന്നാൽ വിശപ്പടക്കാൻ കഴിയാഞ്ഞു; റാണു ആ അരി നല്ലവണ്ണം വേകുന്നതിനു് മുമ്പു; താഴെയിറക്കി ആരും കാണാതെ അതു മുഴുവനും ഉള്ളിലാക്കി. ശ്വശ്രുരയുടേയും, ശ്വശ്രുരൻേറയുംകാര്യം പോകട്ടെ! അവഠം സ്വന്തം മക്കഠംക്കു പോലും ഒരു വററു് നീക്കിവയ്ക്കാതെ മുഴുവനുംതിന്നു. അതു കണ്ടു് കുപിതയായ ജന്ദാൻ റാണുവിനെ വീട്ടിൽനിന്നടിച്ചു പുറത്താക്കാനൊരുങ്ങി. റാണു ഒരു കരിങ്കൽ പ്രതിമപോലെ നിശ്ചലയായി; ശ്വശ്രുരയുടെ പ്രഹരം സഹിച്ചുകൊണ്ടുനിന്നു. അവഠം ആഗ്രഹിയ്ക്കുന്നപക്ഷം ഒററ അടിയ്ക്കു് വൃദ്ധയായ ജ

ന്ദാനെ യമപുരിയ്ക്കയയ്ക്കാമായിരുന്നു. എങ്കിലുമവരം തലകുനിച്ച് നിന്നെല്ലാം സഹിച്ചതേയുള്ളു.

ആ രംഗം മംഗലിനെ സ്തബ്ധനാക്കി. അവൻ അപരാധബോധത്തോടെ മുററത്തു് വേപ്പിൻചുവട്ടിൽതന്നെ നിന്നുപോയി. മംഗൽ ഇന്നാകെ പതിന്നാലണമാത്രമേ സമ്പാദിച്ചിട്ടുള്ളു. അതുകൊണ്ടു് വീട്ടിലേയ്ക്കാവശ്യമുള്ള ഉപ്പും മുളകും വാങ്ങാൻ തികയുമോ എന്നു് സംശയമാണു്. തിരിച്ചുപോരുമ്പോഴും മംഗലിനു് യാത്രക്കാരെ കിട്ടിയതായിരുന്നു. എന്നാൽ സലാമത്തിയുടെ പ്രലോഭനത്താലവൻ ടാങ്കയിലാരേയും കയററാതെ തിരിച്ചുപോന്നു.

മംഗൽ മുന്നോട്ടുവന്നു് അമ്മയെതടഞ്ഞുകൊണ്ടു പറഞ്ഞു. "വലിയമ്മേ! നിങ്ങരം എന്തിനാണീപാവത്തിനെയിങ്ങനെ മർദ്ദിയ്ക്കുന്നതു്. ഈ പാവമെവിടെപ്പോകും?"

സ്വഭർത്താവു് മരിച്ചപ്പോഴും കരയാഞ്ഞ റാണു പെട്ടെന്നുറക്കെ കരയാനാരംഭിച്ചു. അശ്രുസാഗരത്തിൽ നീന്തിത്തുടിച്ചുകൊണ്ടവരം പറഞ്ഞു. "ഞാനെന്തിനു് പോകണം? എന്താണു് ഞാനീകുടുംബത്തിനുവേണ്ടി ചെയ്യാത്തതു്? പുത്രന്മാരേയും, പുത്രിയേയും പ്രസവിച്ചില്ലേ?"

മംഗൽ റാണുവിനെ സമാശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു. "കുററം എൻേറതാണു്. ജ്യേഷ്ഠത്തിയുടേതല്ല." ജന്ദാൻ ഇടയ്ക്കുകയറി പറഞ്ഞു. "നീയെന്തിനു് കുററം ചുമക്കണം? സ്വന്തംമക്കളെ നോക്കാത്ത ഒരു സ്ത്രീ മററാരെ രക്ഷിയ്ക്കാൻ? പിന്നീടവരം റാണുവിൻെറ നേരെ കരംകൂപ്പിക്കൊണ്ടു പറഞ്ഞു. "ഗുരുവിനെ ഓർത്തു് ഭഗവാനെ ഓർത്തു്, നിനക്കിവിടെനിന്നു പോകാമോ? അന്ധനെയോ, ബധിരനേയോ ആരെവേണമെങ്കിലും സ്വീകരിച്ചുകൊള്ളുക. എൻെറ വീട്ടിൽനിന്നു് സ്ഥലമൊഴിച്ചാൽമതി."

റാണ ശ്വശ്രുരയുടെനേരെ ദയനീയമായൊന്നുനോക്കി. അവളുടെ നയനങ്ങറം ജന്ദാനോടിപ്രകാരം യാചിയ്ക്കുന്നുണ്ടായിരുന്നു." അല്ലയോ ജനനി! നിങ്ങറം ലോകമാതാവാണ്! എന്നെ തിരസ്കരിയ്ക്കരുതേ! വല്ലതരത്തിലുമെന്നെ ഇവിടെ ജീവിയ്ക്കാനനുവദിയ്ക്കണേ! എനിയ്ക്കീലോകത്ത് മററാരാണുള്ളത്?" ആ ചിന്തയിലായിരിയ്ക്കണം റാണ എല്ലാവരുടേയും പങ്ക് ഒററയ്ക്കു ഭക്ഷിച്ചത്. ഇനി ഈ വീട്ടിലെങ്ങിനെ ജീവിക്കുമെന്നവറംക്ക് മനസ്സിലാകുന്നില്ലായിരുന്നു. കുട്ടികറം വളൎന്നുകഴിഞ്ഞു നിയമാനുസരണം അവരിപ്പോറം തലോക്കയുടേതാണ്. ശ്വശ്രുരയും, ശ്വശ്രുരനും, പഞ്ചായത്തും, കുട്ടികളെ കൂട്ടത്തിൽ കൊണ്ടുപോകാനനുവദിച്ചാൽതന്നെയും റാണ അവരെ എവിടെ കൊണ്ടുപോകും. റാണവിനു് സ്വയം ഭിക്ഷയാചിയ്ക്കാം. എന്നാൽ കുട്ടികളെക്കൊണ്ടു് യാചിപ്പിയ്ക്കാമോ? പിന്നെ ചമ്മു, ബന്തു, സന്തു, ബഡി റാണവിനു് ഓരോരുത്തരോടും തുല്യസ്നേഹമാണുള്ളത്. ഇപ്പോഴും കുട്ടികറംക്ക് റാണവിൻെറ സംരക്ഷണമാവശ്യമാണ്. മക്കളിൽ ആരെയെങ്കിലുമുപേക്ഷിട്ടുപോകാമെന്നോക്കുമ്പോറം റാണവിൻെറ വാരിയെല്ല് വേദനിയ്ക്കാൻ തുടങ്ങും. മക്കറം – കൂട്ടത്തിൽ കൊണ്ടുപോകത്തക്കവിധം ചെറുതോ, ഉപേക്ഷിച്ചിട്ട് പോകത്തക്കവിധം വലുതോ അല്ലതാനും.

ശ്വശ്രുരയുടെ മൎദ്ദനവും, ശകാരവും സഹിച്ച് ഗതിമുട്ടിയ റാണ ചിന്തിച്ചു. ഒരു വിധവയ്ക്കു് ഭൎത്തൃഗൃഹത്തിൽ താമസിയ്ക്കാനെന്താണവകാശം? അവറംക്കീ ലോകത്ത് തന്നെ ജീവിയ്ക്കാനധികാരമില്ല.

റാണവിൻെറ ദുരവസ്ഥയിൽ ഹൃദയമലിഞ്ഞു്; അയൽക്കാരി ചന്നു, ഒരുദിവസമവളെ തൻെറ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി വയറുനിറയെ ഭക്ഷണംകൊടുത്തു. ഇനി മേലിൽ

കിട്ടുകയില്ലല്ലോ എന്നോർത്തു് റാണു വളരെക്കുറച്ചേ ഭക്ഷിച്ചുള്ളു. ചന്നു വളരെ സഹാനുഭൂതിയോടെ റാണുവിനോടു പറഞ്ഞു. "നോക്കൂ! റാണൂ! നിങ്ങൾ അനുസരിക്കുമെങ്കിൽ ഞാനൊരു കാര്യം പറയാം."

റാണു ജിജ്ഞാസയോടെ ചന്നുവിൻെറ നേരെനോക്കി. ചന്നു തുടർന്നു. "നിങ്ങളുടെ ശ്വശ്രുര ഒരു യക്ഷിയാണു്. അവർ നിങ്ങളെ അവിടെ ജീവിക്കാനനുവദിക്കുകയില്ല. പിന്നെ നിങ്ങൾക്കാവീട്ടിൽ ജീവിക്കാൻ ഒരേ ഒരു മാർഗ്ഗമേയുള്ളു."

"അതെന്താണു്?" റാണു ചോദിച്ചു

അതു്........ നിങ്ങൾ.... ... മംഗലുമായി പുടവമാററം നടത്തണം."

"ഇല്ല." റാണു വായിലേയ്ക്കു് കൊണ്ടുപോയ ഭക്ഷണം പാത്രത്തിൽതന്നെ ഇട്ടതിനു ശേഷം പിടഞ്ഞെഴുന്നേററു. "നിങ്ങളെന്താണീ പറയുന്നതു് ചന്നൂ?"

"ഞാൻ പറയുന്നതു് തികച്ചും ശരിയാണു്. ജ്യേഷ്ഠൻ മരിച്ചാൽ......" "അതൊരിക്കലും സാദ്ധ്യമല്ല." വിറയ്ക്കുന്ന അധരത്തോടെ റാണു പറഞ്ഞു. "മംഗൽ... ... അവൻ കുട്ടിയാണു്. ഞാനവനെ സ്വന്തം പുത്രനെപ്പോലെ വളർത്തി.... വയസ്സിൽ എന്നേക്കാൾ, ചുരുങ്ങിയപക്ഷം പത്തു് പതിനൊന്നു് കൊല്ലത്തെ ഇളപ്പമുണ്ടു്. എനിയ്ക്കതാലോചിയ്ക്കാൻപോലും സാദ്ധ്യമല്ല." റാണു ഒരു ഭ്രാന്തിയെപ്പോലെ സ്വഗൃഹത്തിലേയ്ക്കോടി. അവൾ വീട്ടിൽ ചെല്ലുമ്പോൾ മംഗൽ കുതിരയ്ക്കു് കടലകൊട്ടുത്തുകൊണ്ടിരിയ്ക്കുകയായിരുന്നു. മുറിയ്ക്കകത്തു കടന്നതിനുശേഷം റാണു മംഗലിൻെറ നേരെതിരിഞ്ഞുനോക്കി, ആത്മഗതമെറയി പറഞ്ഞു. "ഇല്ല സാദ്ധ്യമല്ല."

റാണു കട്ടിലിൽ കമഴ്ന്നുകിടന്നു് കരയാൻ തുടങ്ങി. കുറെക്കഴിഞ്ഞപ്പോൾ മംഗൽ ജീൻ എടുക്കാനായി അവിടെ വന്നു. ഇന്നവനു് വേഗം പോകണം. വീട്ടിൽ ഭക്ഷണത്തിന്നൊന്നുമില്ല. ഗോതമ്പുമാവു് വാങ്ങി 'റൊട്ടി'യുണ്ടാക്കണം–പണ്ടത്തെപ്പോലെ തടിച്ചറൊട്ടി—രണ്ടെണ്ണം തിന്നാൽ വയറു് നിറയണം. ചോറായാൽ നിമിഷംകൊണ്ടു് വയറു് കാലിയാകും. പിന്നെ വിശപ്പു് പൊറുക്കാൻ സാധിയ്ക്കുകയില്ല. കഴിഞ്ഞാൽ കറിവെയ്ക്കാനുമെന്തെങ്കിലും വാങ്ങണം. അതിനു്, കഴിഞ്ഞില്ലെങ്കിൽ ഉള്ളിയെങ്കിലും വാങ്ങണം. റൊട്ടിയോടൊന്നിച്ചു് ഉള്ളിയുണ്ടെങ്കിലുംമതി. വിദ്യയുടെ വീട്ടിൽ നിന്നു് വിലകൊടുക്കാതെ മോരുകിട്ടും. അക്കൂട്ടത്തിൽ അല്പം ചുവന്ന മുളകു് പൊടിച്ചതും, ഉപ്പുമുണ്ടായാൽ സുഭിക്ഷമായി. അതെല്ലാം ഓർത്തപ്പോൾ മംഗലിൻെറ വായിൽ വെള്ളമൂറി. അവൻെറ നാവു് താളവുമായി മേളിച്ചു് ശബ്ദം പുറപ്പെട്ടു. മംഗൽ ജിൻ കയ്യിലെടുത്തതിനുശേഷം റാണുവിനോടു് ചോദിച്ചു. "കുതിരയുടെ തലപ്പൂവു് എവിടെ?"

റാണു പിടച്ചെഴുന്നേററതിനുശേഷം തുറിച്ചുനോക്കി; പിന്നീടു് പരിഭ്രമത്തോടെ മുഖംതിരിച്ചുപിടിച്ചുകൊണ്ടു് പറഞ്ഞു. "കുട്ടികൾ സ്കൂളിൽപോയി."

മംഗൽ ആശ്ചര്യസ്തബ്ധനായി റാണുവിൻെറ നേരെ നോക്കിക്കൊണ്ടു പറഞ്ഞു. "ഇവർക്കെന്തുപററി? ഞാൻ തലപ്പൂവിൻെറ കാര്യം ചോദിയ്ക്കുമ്പോൾ ഇവർ കുട്ടികളുടെ കാര്യം പറയുന്നു."

മംഗൽ മുന്നോട്ടുചെന്നു് റാണുവിൻെറ ഉരത്തിൽ വിരൽകൊണ്ടുതൊട്ടു.

വൈദ്യുതസ്പർശമേററതുപോലെ റാണ ഞെട്ടി പിന്നോട്ടുമാറിയതിനുശേഷം ഉച്ചത്തിൽ പറഞ്ഞു. "എന്നെ തൊടരുതു്."

മംഗൽ ഭയന്നു് മുറിയിൽനിന്നു് പുറത്തിറങ്ങി; ആത്മഗതമായി പറഞ്ഞു. "ഇപ്പോഴും, രാത്രിത്തെ കാര്യംതന്നെയാണിവക്കോർമ്മ." മംഗൽ ടാങ്കയും തെളിച്ചു് നഗരത്തിലേയ്ക്കു തിരിച്ചു റാണ വാതുക്കൽവന്നു് മംഗൽ പോകുന്നതു് നോക്കിനിന്നു.

# IV

ചന്നു, പൂരൺദേയിയോട് വിവരം പറഞ്ഞു. പൂരൺദേയി തൻെറ ഭർത്താവിനെ അതറിയിച്ചു. അവൻ വയലിൽ പണിയെടുപ്പിച്ചുകൊണ്ട് നില്ക്കുകയായിരുന്നു. പഞ്ചായത്ത് തലവനായ ഗ്യാൻചന്ദ് തൻെറ ഭാര്യയിൽനിന്നു് മംഗലിൻെറ കുടുംബസ്ഥിതി ഗ്രഹിച്ചതിനുശേഷം പറഞ്ഞു. "ശരിയാണ്. പാവം റാണൂ! അവളെവിടെ പോകാൻ? എന്തുചെയ്യാൻ? പക്ഷെ മംഗൽ—റാണുവിനെക്കാറം വളരെ ചെറുപ്പമാണ്."

പൂരൺദേയി വാദിച്ചു. "അതുകൊണ്ടെന്താ? അവന് വേറെ ഏതു് രാജകന്യകയെ കിട്ടാൽ? വീട്ടിൽ ഉണ്ണാനില്ല, നാണം മറയ്ക്കാൻ വസ്ത്രമില്ല. റാണുവുമായി പുടവ മാററംചെയ്യാലോ! രണ്ടുപേരുടേയും കാര്യവും നടന്നു. സുഖമായി ജീവിക്കുകയുംചെയ്യാം."

ഭർത്താവിനെ ഭീഷിണിപ്പെടുത്താൻവേണ്ടി പൂരൺദേയി കുറെക്കൂടി അടുത്തുചെന്നു് തുടന്നു. "നിങ്ങളറിഞ്ഞോ? സലാമത്തിയും........മംഗലും.... ..."

"ഇല്ല! ഞാനൊന്നുമറിഞ്ഞില്ലല്ലോ?'

"ഞാൻ പറയുന്നതു് ആ രായണിയേയും മക്കളേയും നമ്മുടെ ഗ്രാമത്തിൽനിന്നോടിയ്ക്കണമെന്നാണ്—തെഡലവും അവളുടെ മൂന്നു് പുത്രികളും—കല്യാണം കഴിഞ്ഞവളും, കഴിയാത്തവളും—എല്ലാംനായ്ക്കളെപ്പോലെഅലഞ്ഞുനടക്കുകയാണ്."

ഗ്യാൻചാന്ദ് അല്പം ഈർഷ്യയോടെ പറഞ്ഞു. "നീ കാരും പറയാൻവന്നതോ അതോ വെറുതെ ചിലയ്ക്കാൻവന്നതോ? സംഗതി വല്ലതും നടന്നോ?"

"ഇല്ല. ഇതുവരെ ഒന്നും നടന്നില്ല; പക്ഷെ നടന്നേക്കും."

ഗ്യാൻചന്ദ് ജിജ്ഞാസയോടെ കേൾക്കാൻ പുറപ്പെട്ടതാണെങ്കിലും പൂരൺദേയി പറയുന്നതിൽ കഴമ്പില്ലെന്നുകണ്ട് അവന് കോപംതോന്നി. അതിനാൽ ഭാര്യയെ ഭയപ്പെടുത്താൻവേണ്ടി ഗ്യാൻചന്ദ് പറഞ്ഞു. "അങ്ങനെ വല്ലതും സംഭവിച്ചാൽ, അതു് ചെയ്യുന്നവനും ചൗധുരി മെഹർബാൻദാസ്സിൻെറ അനുഭവമായിരിയ്ക്കും. ഇരുമ്പ് ലങ്കോട്ടിധാരിയായ ബാബാഹരിദാസിന് കിട്ടിയതു് കണ്ടില്ലെ?"

പൂരൺദേയി മുഖംകുനിച്ചു. ഗ്യാൻചന്ദ് അർത്ഥഗർഭമായി തൻെറ ഭാര്യയെ കടക്കണ്ണിട്ടു് നോക്കിയതിനുശേഷം തുടൎന്നു. ഇനി പുരുഷനു മാത്രമേ ശിക്ഷയുണ്ടാകുകയുള്ള എന്നാരും ധരിയ്ക്കേണ്ടാ. സ്ത്രീകൾ സമത്വത്തിനുവേണ്ടി വാദിയ്ക്കാതിരുന്നേടത്തോളംകാലം എല്ലാം ശരിയായിരുന്നു. ഇനി തുല്യാവകാശം വാങ്ങിക്കൊള്ളട്ടെ!"

പൂരൺദേയി ചൊടിച്ചുകൊണ്ടു പറഞ്ഞു. "ഞാനൊന്നു ചോദിയ്ക്കട്ടെ? നിങ്ങൾ ഷെലം രായണിയെ ധൎമ്മശാലയിലേയ്ക്കു് വിളിപ്പിച്ചതെന്തിനാ?" അവൾ ഭർത്താവിനോടു് പകവീട്ടുകയായിരുന്നു.

"ധൎമ്മശാലയിലേയ്ക്കു് വിളിപ്പിച്ചില്ലല്ലോ? അവൾ കർമ്മുദ്ദീൻെറ മാന്തോട്ടത്തിൽ........" ഗ്യാൻചന്ദ് പരിഭ്രമത്തോടെ വിഷയംമാററി—"മുസ്ലിമിനു് ധൎമ്മശാലയിലെങ്ങനെ പ്രവേശിയ്ക്കാൻ കഴിയും?"

"ഓ! ധൎമ്മശാലയുടെ സ്ഥാനമിപ്പോൾ കർമ്മുദ്ദീൻെറ മാന്തോപ്പിലായി അല്ലെ?'

"അല്ല, അവൾ റതാട്ടത്തിൽ കായ്കനികൾ പറിയ്ക്കുകയായിരുന്നു."

"നിങ്ങളുടെ തോട്ടത്തിൽ കൈവെച്ചില്ലല്ലോ, അല്ലെ?"

"കരുതലുണ്ടായിരുന്നു" ഗ്യാൻചന്ദ് മന്ദഹസിച്ചുകൊണ്ടു പറഞ്ഞു. കരുതിയിരുന്നോ? അതോ ആദ്യമാദ്യം വന്നവരും പോയവരും തോട്ടം നശിപ്പിച്ചോ?''

ഗ്യാൻചന്ദിൻെറ മുഖം വിവർണ്ണമായി. അവൻ ഭാര്യയുടെ ചോദ്യങ്ങളിൽനിന്നൊഴിഞ്ഞുമാറാൻവേണ്ടി പറഞ്ഞു. "കൊള്ളാം നീ പറയാൻവന്നതു് മംഗലിൻെറ കാര്യമല്ലെ?''

''അല്ല, റാണുവിൻെറകാര്യം.'' പൂരൺദേയി തിരുത്തി.

"ശരി! റാണുവിൻെറകാര്യം-അവരം മംഗലുമായി പുടവമാററം നടത്തുന്നതു് നല്ലതാണെന്നാണു് എൻേറയുമഭിപ്രായം. ഗ്രാമത്തിൽ വന്നുചേന്ന ഒരു സ്ത്രീ വെളിയിൽപോകേണ്ട ആവശ്യമില്ല. അങ്ങുമിങ്ങും അലയുന്നതെന്തിനു്? ഈ ഗ്രാമത്തിലെ പുരുഷന്മാർക്കതൊരപവാദമാണു്."

ഗ്യാൻചന്ദ് പിന്നീടു് ജോലിക്കാരുടെ നേരെ തിരിഞ്ഞു. യുവാക്കന്മാരെ നല്ലവണ്ണം പണിയെടുക്കു! ആഴത്തിൽ കിളച്ചു് നിരപ്പാക്കണം!''

തൊഴിലാളികരം ചൊവചൊവക്കോടെ പണി തുടന്നു. വിയർപ്പിൽ നനഞ്ഞ, അവരുടെ ശരീരം വെയിലേററു് തിളങ്ങുന്നതായിതോന്നി.

ഗ്യാൻചന്ദ് ചിന്തിച്ചു. സ്ത്രീകരം വളരെ കുറവുള്ള നമ്മുടെ പഞ്ചാബിൽ—അവരെന്തിനാണു് സമത്വത്തിനും, അവകാശത്തിനുംവേണ്ടി വാദിയ്ക്കുന്നതു്! എന്തിനാണൊരു സ്ത്രീയെ സ്വയം നശിയ്ക്കാൻ അനുവദിയ്ക്കുന്നതു്! പിന്നീടവൻ പഞ്ചായത്തിനോടും ഹസ്സൂർസിംഗിനോടും ആലോചിയ്ക്കാൻ വേണ്ടി ഇറങ്ങിത്തിരിച്ചു

മംഗൾ ഗൃഹത്തിലില്ലാതിരുന്ന സമയത്തു് ചിലർ ബഡ്ഡിയെ കാണാൻവന്നു. നിഷ്കളങ്കയായ ബഡ്ഡി ഒന്നുമറിഞ്ഞിരുന്നില്ല. അവരം മുത്തശ്ശിയുടെ നിർദ്ദേശാനുസരണം ആഗതരെ സൽക്കരിയ്ക്കുന്നതിൽ വ്യാപൃതയായി. ബഡ്ഡി ഓടിപ്പോയി വിദ്യയുടെ വീട്ടിൽനിന്നു് 'ബർഫി' (പലഹാരം) വാങ്ങിക്കൊണ്ടുവന്നു. അതിൽ പാൽക്കട്ടിയുടെ അംശം കുറവും, പഞ്ചസാര അധികവുമായിരുന്നു. അമിതലാഭേച്ഛുക്കളായ വ്യാപാരികരം ഒരു സേർ പാൽക്കട്ടികൊണ്ടു് അഞ്ചു സേർ ബർഫിയുണ്ടാക്കും. പട്ടണത്തിലെ ഈ രോഗം ഗ്രാമങ്ങളിലേയ്ക്കും വ്യാപിച്ചുകഴിഞ്ഞിരുന്നു.

ആഗതർ മൂന്നുപേരായിരുന്നു–ഒരാരം നാല്പതു് കഴിഞ്ഞ വൃദ്ധൻ – മററു രണ്ടു പേർ യുവാക്കന്മാരാണു്. ഒരാരം ആ വൃദ്ധൻെറ പുത്രനും മറേറയാരം അവൻെറ സ്നേഹിതനുമായിരിയ്ക്കണം. അവർ ബഡ്ഡിയുടെ നടപ്പും, പെരുമാററവും പ്രത്യേകം സൂക്ഷിച്ചുകൊണ്ടിരുന്നു. അവളുടെ ഓരോ ചലനവും കണ്ണുകൊണ്ടു് തൂക്കിനോക്കുകയായിരുന്നു യുവാക്കന്മാരത്ര കാര്യമായി നോക്കിയിരുന്നില്ല. എന്നാൽ വൃദ്ധൻെറ നോട്ടം ബഡ്ഡിയുടെ ശരീരത്തിൽ തുളഞ്ഞുകയറാൻ പോരുന്നവയായിരുന്നു. ബഡ്ഡി, കുടത്തിൽനിന്നു് കുടിയ്ക്കാൻവെള്ളമെടുത്തപ്പോരം, വൃദ്ധൻ അർത്ഥഗർഭമായൊന്നു ചുമച്ചുകൊണ്ടു പറഞ്ഞു. അമ്മ! എല്ലാം ശരി! സമ്മതം.!!

ബഡ്ഡിയുടെ മസ്തിഷ്കത്തിൽകൂടി ഏതോ ചിന്തയുടെ നിഴൽ കടന്നുപോയി അവരം ഒരു മാൻപേടയെപ്പോലെ അവിടെനിന്നു് കുതിച്ചുപാഞ്ഞു.

ആയിരം രൂപാ മുതൽ വിലപേശാനാരംഭിച്ചു് അവസാനം അഞ്ഞൂററിഅൻപതിൽ ഉറപ്പിച്ചു. ജന്ദാനു് ആലോചി

സ്സാനവസരം നൽകിക്കൊണ്ടു് ആഗതർ സംതൃപ്തിയോടെ സ്ഥലംവിട്ടു. റാണു മററു സ്ത്രീകളോടൊപ്പം വയലിൽ പണിയ്ക്കു പോയിരുന്ന അവസരംനോക്കിയാണു് ജന്ദാൻ ഈ കച്ചവടത്തിനു് വട്ടംകൂട്ടിയതു്. ഇനി തുക എങ്ങനെ വാങ്ങും എന്ന ചിന്തയായി ജന്ദാനു്. പെണ്ണിനെ അവക്കെങ്ങിനെകൊടുക്കും? റാണുവിനോടു് ചോദിയ്ക്കേണ്ടിവരും! പക്ഷെ അവളെ മനസ്സിൽനിന്നും, ഗൃഹത്തിൽനിന്നും പുറംതള്ളിയതല്ലെ!

റാണു ജോലികഴിഞ്ഞു് തിരിച്ചെത്തിയപ്പോറം ജന്ദാൻ വലിയ സ്നേഹം പ്രകടിപ്പിച്ചുകൊണ്ടവളെ, അടുത്തു് വിളിച്ചിരുത്തി തൻെറ ജരബാധിച്ച കരത്താൽ മുതുകത്തു തടവി "മോളേ! റാണു! നീ എൻെറ മരുമകളാണു്. കുടുംബം പുലത്താൽ വേണ്ടി നീ വളരെയധികം കഷ്ടപ്പെടുന്നുണ്ടു്."

ജന്ദാൻെറ നാട്യത്തിനിടയിൽ ബഡ്ഡി തൻെറ അമ്മയെ ആംഗ്യംകാട്ടി അകത്തേയ്ക്കു് വിളിച്ചു്, അവിടെ നടന്ന സംഭാഷണങ്ങളെല്ലാം വിവരിച്ചുകൊടുത്തു. അഞ്ഞൂററിഅൻപതു രൂപയ്ക്കാണു് വാക്കുറപ്പിച്ചതെന്നും പറഞ്ഞു.

ബഡ്ഡി തടസ്സംപറഞ്ഞിട്ടും, റാണു തൻെറ സാഹചര്യങ്ങറം വിസ്മരിച്ചു്, വെളിയിലേയ്ക്കോടി. സ്വന്തം കുഞ്ഞുങ്ങളെ പരുന്തിൻെറ ആക്രമണത്തിൽനിന്നു് രക്ഷിയ്ക്കാൻ പൊരുതുന്ന പിടക്കോഴിയെപ്പോലെ അവറം ജന്ദാൻെറ നേരെ തിരിഞ്ഞു.

"ഇന്നിവിടെ ആരാണു് വന്നതു്? ആരാണതിനു് ധൈര്യപ്പെട്ടതു്—എൻെറ മകളെ വിലപേശാൻ?" ജന്ദാൻ വിസ്മയത്തോടെ പറഞ്ഞു. "ഒന്നുമില്ല മോളെ! റാണു! അവർ വെറുതേ പറഞ്ഞതാണു്. വല്ലവരുടേയും വായ്കെട്ടാൻ നമുക്കു കഴിയുമോ?"

A. 2082

"കെട്ടാൻ സാധിയ്ക്കും. ആ ഹറാമികളുടെ നാവ് മുറിച്ചെടുക്കണമായിരുന്നു. തീക്കൊള്ളി എടുത്ത് വായിൽ കുത്തിത്തിരുകിക്കൂടായിരുന്നോ? എന്റെ മകൾ—അവളുടെ ഓരോ അവയവത്തിനും ലക്ഷംരൂപാ വീതം വിലയുണ്ട്. എന്റെ മകളുടെ ഓരോ നോട്ടവും മുത്ത് വർഷണമാണ്."

ജന്ദാൻ വീണ്ടും തുടങ്ങി. "നിന്റെ മകളാണെങ്കിൽ എന്റെ പൗത്രിയുമാണ്. എനിയ്ക്കും ചില അധികാരങ്ങളൊക്കെയില്ലേ?"

ഹും! ഉണ്ട്! മരുമകളിൽനിന്നാണ് പൗത്രിയുണ്ടാകുന്നത്. മരുമകളേ ഇല്ലാത്തവർക്ക് പൗത്രി എവിടെനിന്നുണ്ടായി? റാണ ശ്വശ്രുരയെ താക്കീത് ചെയ്തതിനുശേഷം മുറിയ്ക്കകത്തു കയറി പഴയ കരച്ചിലും, മാറത്തടിയുമാരംഭിച്ചു.

അയ്യോ! എന്റെ മകളെ വില്ക്കുന്നത് ഞാൻ കാണേണ്ടിവരുമല്ലോ. ഞാനൊന്നും വാങ്ങാതെവന്നിട്ട് തന്നെ ഈ ദുർദശ! പിന്നെ മകൾ വില്ക്കപ്പെടുകയാണെങ്കിൽ! എടുത്തതിനും, തൊട്ടതിനുമെല്ലാം മറ്റനം സഹിയ്ക്കേണ്ടിവരും! ഞാൻ നിന്നെ വിലകൊടുത്ത് വാങ്ങിയതാണെന്നല്ലേ പറയുകയുള്ളൂ? തുലാക്ക ജീവിച്ചിരുന്നകാലത്ത് റാണ ഇങ്ങനെ പറഞ്ഞിരുന്നു. "ഞാനൊന്നും കൊണ്ടുവന്നിട്ടില്ലെങ്കിലും അങ്ങോട്ട് വാങ്ങിയിട്ടുമില്ലല്ലോ? വിവാഹം ചെയ്തുകൊണ്ടുവന്നതാണ്; അല്ലാതെ വിലയ്ക്ക് വാങ്ങിയതല്ല." എന്നാൽ എന്റെ മകളെ വില്ക്കുകയാണ്. വീട്ടിൽ ഉണ്ണാനില്ല, പിന്നെ വിവാഹമെങ്ങിനെകഴിയ്ക്കും? റാണ ചിന്തിച്ചു. ഇന്ന് മെഹർബാൻദാസ് ചൗധുരി ഉണ്ടായിരുന്നെങ്കിൽ! ഒററ രാത്രികൊണ്ടെനിയ്ക്ക് മകളുടെ കല്യാണത്തിനുള്ള വകസമ്പാദിയ്ക്കാമായിരുന്നു. പിന്നെ ബന്ധുമിത്രാദികളൊത്ത് വാദ്യമേളങ്ങളുടെ അകമ്പടിയോടെ

ആഗതനായ വരനു് തൻെറ പുത്രിയെ സമർപ്പിയ്ക്കാമായിരുന്നു. മകൾ പല്ലക്കിലുപവിഷ്ടയായി ഭതൃഗൃഹത്തിലേയ്ക്കു പോകുമ്പോൾ ഞാനകലെ നോക്കിനിന്നു കരയും, പക്ഷെ ഒന്നും പറയുകയില്ല—"മകളേ! നിന്നെ ഭതൃമതിയാക്കാൻവേണ്ടി അമ്മ സ്വന്തം ചാരിത്ര്യം വിലയ്ക്കുവിററു —"

പിന്നെ അഞ്ഞൂറോ, അഞ്ഞൂററിഅൻപതോ രൂപാ കിട്ടിയാൽതന്നെയും, ആ പിശാചു് എനിയ്ക്കു തരുമോ? ഇനി മകളെ വില്ക്കണമെന്നാണെങ്കിൽ ഈ അഞ്ഞൂററി അൻപതിനെന്തുകൊണ്ടു് വില്ക്കണം? ഏതെങ്കിലും നഗരത്തിൽ കൊണ്ടുപോയാൽ അല്പാല്പമായി വിററുകൂടെ? നഗരങ്ങളിൽ അല്പസമയത്തെ ആനന്ദത്തിനുവേണ്ടി മുപ്പതും, നാല്പതും രൂപാ ചിലവഴിയ്ക്കുന്ന എത്രയോ മാന്യന്മാരുണ്ടു്. ഉണ്ണാൻ വിശിഷ്ടഭോജ്യങ്ങളും, ഉടുക്കാൻ പട്ടുവസ്ത്രങ്ങളും ലഭിയ്ക്കും. അങ്ങനെ അല്പകാലംകൊണ്ടു് പെട്ടിനിറയെ പണവും, ആഭരണങ്ങളും സമ്പാദിയ്ക്കാം.

നിശ്ശബ്ദതയുടെ പ്രഹരത്താൽ റാണ ചിന്തയിൽനിന്നു് ഞെട്ടി ഉണന്നു. അവൾ സ്വയംചെകിട്ടത്തടിച്ചു. അജ്ഞാതമായ ഏതോ ഭയത്താൽ റാണവിൻെറ ശരീരം വിറച്ചു.

ജന്ദാൻ, റാണ പറഞ്ഞ അവസാനത്തെ വാചകം ഓക്കുകയായിരുന്നു. "മരുമകളേ ഇല്ലാത്തവൾക്കു് പൗത്രി എവിടെനിന്നുണ്ടായി?"

തൽസമയം ഗ്യാൻചന്ദു്, കേസർസിംഗു്, ജഗ്ഗു, ഉല്ല, കർമ്മുദ്ദീൻ തുടങ്ങിയവർ എത്തിച്ചേന്നു. അവർ ഹസ്സൂർസിംഗിനോടൊന്നിച്ചു് കട്ടിലിൽ ഇരുന്നതിനുശേഷം ജന്ദാനേയും വിളിച്ചു. റാണവിൻെറ പുനർവിവാഹത്തെക്കുറിച്ചു് സംഭാ

ഷണമാരംഭിച്ചു—ഇതും, പഞ്ചായത്തു് തീരുമാനിയ്ക്കേണ്ട ഒരു കാര്യമാണെന്നമട്ടിൽ.

ഈ വാർദ്ധക്യത്തിൽ— മരണത്തേയും പ്രതീക്ഷിച്ചു് കഴിഞ്ഞുകൂടുന്ന ഇക്കാലത്തു - പഞ്ചായത്തും, ബന്ധുമിത്രാദികളും തന്നെ അപമാനിയ്ക്കാൻ വന്നിരിയ്ക്കുകയാണെന്നായിരുന്നു ഹുസൂർസിംഗിൻെറ ധാരണ. എന്നാൽ ജന്ദാൻ-അവൾ സ്ത്രീസഹജമായ ശുദ്ധബുദ്ധിയാൽ കാര്യത്തിൻെറ അടിത്തട്ടു് വരെ ചുഴിഞ്ഞുചെന്നു. ഇത്ര എളുപ്പവും, ലാഭകരവുമായ മാർഗ്ഗം തനിയ്ക്കെന്തുകൊണ്ടാദ്യമേ ഓർമ്മവന്നില്ല; ജന്ദാൻ പശ്ചാത്തപിച്ചു. അതേ! ഓർമ്മവന്നതായിരുന്നു. അപ്പോൾ ബഡ്ഡി തീരെ ചെറുതായിരുന്നു. ഇന്നവൾ വിവാഹപ്രായത്തിലെത്തി. ഇന്നു് റാണു മരുമകളും, ബഡ്ഡി പൗത്രിയുമാകുന്നതു് ലാഭമാണു്.

ഹുസൂർസിംഗ് പഞ്ചായത്തംഗങ്ങളുടെ നേരെ മുഖംതിരിച്ചു്, കണ്ണുപിടപ്പിച്ചപ്പോൾ ജന്ദാൻ പല്ലിളിച്ചുകൊണ്ടു് കയർത്തു. നിങ്ങൾ ഇടയ്ക്കു് വിലങ്ങുതടിയാകാതിരിയ്ക്കു കിഴവാ! ചാവുകയുമില്ല, വാഴുകയുമില്ല. ലോകത്തിലെന്തെല്ലാം നീതികളാണു് നടക്കുന്നതെന്നു് നിങ്ങൾക്കറിയാമോ ഈ ജന്മത്തിലെ അന്ധൻ അടുത്തജന്മത്തിലുമന്ധനായിരിയ്ക്കും.

പഞ്ചായത്തു്, വൃദ്ധൻെറയും, വൃദ്ധയുടേയും വഴക്കു് 'സമരി'യാക്കി; അവരിരുവരുടേയും അനുവാദവുംവാങ്ങി സ്ഥലം വിട്ടു. പോകാൻ സമയം കാരണവത്തി—എന്ന നിലയ്ക്കു് ജന്ദാനവരെ ആശീർവദിയ്ക്കുകയുംചെയ്തു.

പഞ്ചായത്തുകാർ കൺമുമ്പിൽനിന്നു മറഞ്ഞതേയുള്ളൂ; റാണു ശണ്ഠയ്ക്കൊരുങ്ങി. "നിങ്ങൾ ബഡ്ഡിയുടെ വിവാഹകാര്യം സംസാരിയ്ക്കാൻ പോയതല്ലേ? അതിനിടയ്ക്കു എൻെറ ശവം വലിച്ചിട്ടതെന്തിനു്? ലജ്ജയുണ്ടെങ്കിൽ പോയി മുങ്ങിമ

രിയ്ക്കു കിഴവീ! ചിറയിലെ കലക്കവെള്ളത്തിൽമുങ്ങിചത്തുകൂടെ? നിങ്ങൾക്കെൻെറ ചന്തുവിനെ വിവാഹം ചെയ്തുകൂടെ? ബന്ത യുടെ കൂടെ പൊറുത്തുകൊള്ളു. സന്തയുമായി പുടമാറിക്കൊ ള്ളു ശവമേ! ഞാൻ ആരെയാണോ മുലകൊടുത്തു വളത്തിയ തു് അവനെ ഞാൻ വിവാഹം ചെയ്യണമല്ലെ?''

പിന്നിൽനിന്നാരോ റാണുവിൻെറ മുടിക്കെട്ടിൽ സ്പർശി ച്ചു. അവൾ ഞെട്ടി വരാന്തയിൽനിന്നു് താഴെവീണു. റാണു പിടച്ചെഴുന്നേററപ്പോൾ, പല്ലു് ഞെരിച്ചുകൊണ്ടു് നിയ്ക്കുന്ന ചന്തുവിനെയാണു് മുമ്പിൽ കണ്ടതു്. അവൾ റാണുവിനെ വീ ട്ടിൽനിന്നല്പമകലെയായി ഒഴിഞ്ഞുകിടക്കുന്ന മൈതാനത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവിടെയാണു് ഗ്രാമത്തിലെ കാമുകീ കാമുകന്മാർ രാത്രികാലങ്ങളിൽ സമ്മേളിയ്ക്കാറുള്ളതു്.

"എടീ വേശ്യ! ഭത്താവിതെ്തിനി! ഞങ്ങൾ, നിങ്ങളുടെ നന്മയ്ക്കുവേണ്ടി പറയുന്നതാണു്! അപ്പോൾ നീ നായയെപ്പോ ലെ തിരിഞ്ഞുകടിയ്ക്കാൻ നോക്കുന്നു.'' 'ഇല്ല ചന്തു! റാണു തേങ്ങിക്കരഞ്ഞുകൊണ്ടു് ചന്തുവിൻെറ പാദത്തിൽവീണു.'' "ച ന്തു! മംഗൽ ഒരു കുട്ടിയാണു്. ഞാനൊരിയ്ക്കലുമവനെ ആ ദൃഷ്ടിയോടെ നോക്കീട്ടില്ല.'' റാണു കേണപേക്ഷിച്ചു. നോക്കു! റാണു! ചന്തു തുടന്നു നിങ്ങൾക്കീലോകത്തു് ജീവിയ്ക്കണമോ? വയറാകുന്ന ഈ നരകം നിറയ്ക്കണോ, വേണ്ടയോ? ഒരു ദൃഷ്ടി കൊണ്ടു് നോക്കാത്തവൾ വന്നിരിയ്ക്കുന്നു! ബുല്ലേഷാ പറ ഞ്ഞിരിയ്ക്കുന്നതെന്താണെന്നറിയാമോ?

"ഇധറോ. പട്ടു്നാ അധർലാനാ.'' (ഇതിൽനിന്നെടു ത്തു് അതിലിടുന്ന വ്യത്യാസമേയുള്ളു.)

ആദ്യം ആ ദൃഷ്ടിയോടെ നോക്കീട്ടില്ലെങ്കിൽ ഇനി നോ ക്കിക്കൊള്ളു! മറയി!

റാണു തൻെറ ചിത്രത്തിൽ മംഗലിനെ കാണുകയായിരുന്നു.

ചന്നു തുടന്നു. "ചിന്തിച്ചുനോക്കു ശവമേ! രണ്ടു വിവാഹത്തിനുള്ള ഭാഗ്യമിന്നാക്കാണു് കിട്ടുക? ഒന്നുകൊണ്ടു് കാര്യം കഴിഞ്ഞു. അതേ! ഒളിവിൽ മൂന്നും നാലും കഴിയ്ക്കാറുണ്ടെങ്കിലും, അതൊരു നല്ലകാര്യമാണോ? എപ്പോഴും ഭയപ്പെട്ടുകഴിയണം! പക്ഷെ, പുരുഷന്മാരുടെകാര്യം വേറെ—ലോകം അവക്കുള്ളതാണു്. അവരോടാരെങ്കിലും ചോദിയ്ക്കുമോ? നിങ്ങളുടെ മംഗലിനെ പുറത്തുള്ളവരാരെങ്കിലും തട്ടിയെടുക്കും പിന്നെ നിങ്ങാംക്കെന്തുകൊണ്ടതായിക്കൂടാ? സലാമത്തിയുടെ കാര്യം അറിയാവുന്നതല്ലേ? അതെല്ലാം പോകട്ടെ! നിങ്ങാംക്ക മകളുടെ വിവാഹം നടത്തണോ, വേണ്ടയോ?

റാണു ഞെട്ടി. വിവാഹം എൻെറതോ അതോ പുത്രിയുടേതോ? എൻെറ വിവാഹം! റാണു ഒരു ശിശുവിനെപ്പോലെ ശാഠ്യം പിടിച്ചു. "ഇല്ല. ഞാനങ്ങനെ ഒരിയ്ക്കലും ചെയ്യില്ല."

വീട്ടിൽ തിരിച്ചെത്തിയതിനുശേഷം റാണു ചിന്തയിലാണ്ടു. മറെറാരഗ്നി അവളുടെ ഹൃദയം ജ്വലിപ്പിയ്ക്കാൻ തുടങ്ങി. സ്വന്തം കുട്ടികളെക്കുറിച്ചുള്ള ചിന്തയല്ല; പിന്നേയോ? ജനിയ്ക്കാത്ത ഒരു ശിശു തൻെറ ഉദരത്തിൽ ചലിയ്ക്കുന്നതായി റാണുവിനു് തോന്നി.

വൈകുന്നേരം പൂരൺദേയി വന്നപ്പോാം റാണു സുഖമില്ലാതെ കിടക്കുകയായിരുന്നു. നെററിയിൽ തുണികഷ്ണം നനച്ചിട്ടിട്ടുണ്ടു്. പൂരൺദേയി പതിഞ്ഞ സ്വരത്തിൽ ചോദിച്ചു "ഇതെന്തു ജ്വരമാണു് റാണൂ!"

റാണു മന്ദഹസിച്ചുകൊണ്ടു് മുഖംതിരിച്ചു. പൂരൺദേയിയും ചിരിച്ചു. അതു് കണ്ടു് കഥയറിയാത്ത ബഡ്ഡിയും പൊട്ടിച്ചിരിച്ചു.

മഹാന്മാരുടെയും, സന്യാസികളുടേയും, രാധ—കൃഷ്ണന്റെയും, ശിവ—പാർവ്വതിയുടേയും ചിത്രങ്ങൾ തന്നെത്താൻ, എപ്പോൾ, എങ്ങിനെ ഫ്രെയിമുകൾക്കുള്ളിൽ കടന്നുകൂടി എന്നാരുകണ്ടു. ആ ദേവീദേവന്മാരുടെ മുഖത്തു് അഗാധമായ സ്നേഹം തുളുമ്പിനില്ക്കുന്നു. ബഡ്ഡിയുടെ പൊട്ടിച്ചിരിമൂലം വേപ്പിന്മേലിരുന്ന പക്ഷികൾ ചിലച്ചുകൊണ്ടു് പറന്നുപോയി. ക്ഷേത്രത്തിന്റെ സ്വർണ്ണതാഴികക്കുടത്തിന്മേൽ ചെങ്കതിരോന്റെ അന്നത്തെ ആലിംഗനമവസാനിച്ചതോടെ മണിമുഴങ്ങി.

മംഗൽ എങ്ങുനിന്നോ വാതുക്കൽ പ്രത്യക്ഷനായി, അവനിന്നു് അതീവസന്തുഷ്ടനാണു്. മംഗലിനിന്നു് ഏഴു രൂപാ സമ്പാദിയ്ക്കാൻ കഴിഞ്ഞു. അവനതു് പതിവുപോലെ റാണുവിന്റെ കയ്യിൽകൊടുത്തു. തൽസമയം പൂരൺദേയി പറഞ്ഞു. "അതാ! അവൻ സമ്പാദിയ്ക്കും, നീ തിന്നുകൊള്ളുക!" പരിഭ്രാന്തയായ റാണുവിന്റെ കയ്യിൽനിന്നു് പണം താഴെ വീണു. നോട്ടുകൾ കാററിൽ പറന്നു. നാണയം അല്പസമയം തറയിൽ കറങ്ങിയതിനുശേഷം ഒരു മൂലയിലഭയം പ്രാപിച്ചു. മംഗൽ ആശ്ചര്യത്തോടെ പൂരൺദേയിയോടു് ചോദിച്ചു. "നിങ്ങൾ ചിരിയ്ക്കുന്നതെന്താണു് ഇളയമ്മേ?"

"തന്റെ 'ഇവളോടന്വേഷിയ്ക്കു" എന്നു പറഞ്ഞുകൊണ്ടു പൂരൺദേയി പുറത്തുകടന്നു. പരിഭ്രാന്തയായ റാണുവിന്റെ അടുത്തു് മംഗലിനെ ഒററയ്ക്കു് വിട്ടിട്ടു് അവർ ബഡ്ഡിയേയും, കൂട്ടി സ്ഥലംവിട്ടു.

മംഗൽ ഒരു മഠയനെപ്പോലെ ഉറക്കെ ചിരിച്ചു, "കോട്ട്ലയിലെ സ്ത്രീകളെല്ലാം ഒരേതരക്കാരാണ്." റാണുവിനു് ചൊടിച്ചു. "പുരുഷന്മാർ പിന്നിലൊന്നുമല്ല."

മംഗലിനൊന്നും മനസ്സിലായില്ല; ഇരുവരും അവരവരുടെ ചിന്തയിൽ നിമഗ്നരായിരുന്നു. മംഗൽ ട്രങ്കുതുറന്നു കുപ്പായമെടുത്തു-ഒരു കാലത്ത് പെഷാവറിൽനിന്നും വാങ്ങിയതാണതു്. കുപ്പായം കൈത്തണ്ടിലിട്ടു കാററിൽ പറത്തിക്കൊണ്ടു് അവൻ പറഞ്ഞു "പുരുഷന്മാരുടെ കാര്യം മനസ്സിലാകുന്നുണ്ടു്."

"പുരുഷന്മാരുടെ കാര്യം അവക്കും, സ്ത്രീകളുടെ കാര്യം സ്ത്രീകൾക്കും മാത്രമേ മനസ്സിലാകുകയുള്ളു." അത്രയും പറഞ്ഞതിനുശേഷം റാണു കണ്ണുകൊണ്ടു് സംസാരിയ്ക്കാനാരംഭിച്ചു—നൂററാണ്ടുകളായി സ്ത്രീകൾ ഉപയോഗിച്ചുപോന്നകല.

മംഗൽ ചിന്തിച്ചു, ശരിയാണ്! ഇന്നു് രാത്രി, ചധുരിയുടെ, ജീർണ്ണിച്ച വീടിൻെറ മച്ചിൻപുറത്തു് സലാമത്തി മറെറാരു സൗധം നിർമ്മിയ്ക്കാൻ തയ്യാറെടുക്കുന്ന വിവരമാററിഞ്ഞു! അവൻ തിരിഞ്ഞുനിന്നു് റാണുവിനോടു ചോദിച്ചു "ഇന്നെന്താണു് നിങ്ങൾ ഈ സ്ത്രീപുരുഷന്മാരുടെ വഴക്കു് വലിച്ചിട്ടിരിയ്ക്കുന്നതു്?

"അവിടെയാണു് സകലവഴക്കും."

"കുരുക്ഷേത്രയുദ്ധമാണോ?"

"അതിലും പഴക്കമുള്ളതു്; അതിൽ ജയിയ്ക്കുന്നവർ തോല്ക്കുകയും, തോല്ക്കുന്നവർ വീണ്ടും തോല്ക്കുകയും ചെയ്യുന്നു."

മംഗൽ റാണു പറഞ്ഞതിൻെറ അർത്ഥം ഗ്രഹിയ്ക്കാൻ ശ്രമിച്ചു. അവർ പരസ്പരം—ഒരാൾക്കു് മറെറാരാളെക്കുറിച്ചു്

യാതൊന്നുമറിഞ്ഞുകൂടാ. ചിലപ്പോഠം എന്തുപറഞ്ഞാലും അ ൎത്ഥവത്തായി തീരുന്നു. ചിലപ്പോളൎത്ഥശൂന്യവും. ആ സമയ ത്തെ സംഭാഷണത്തിനു് അൎത്ഥമുണ്ടോ ഇല്ലയോ എന്നറിയാൻ ബുദ്ധിയോ സമയമോ ആവശ്യമാണു് എന്നാലവരിരുവൎക്കും അതുരണ്ടും കുറവായിരുന്നു. റാണു—മുപ്പത്തിനാലു്, മുപ്പത്തയ ഞ്ചു്കാരിയായ ഒരു സ്ത്രീ. അവളിൽ മനുഷ്യത്വം ഉണൎന്നു കഴിഞ്ഞിരുന്നു. നവയുവതിയെപ്പോലുള്ള വശ്യതയും ഉന്മാദ വും അവളിൽ കാണുക സ്വാഭാവികമല്ല. എന്നിരുന്നാലും നൂററാണ്ടുകളായി സാഹചൎയ്യങ്ങളുടെ സമ്മൎദ്ദങ്ങഠംക്കു് വഴി പ്പെട്ടു് അമൎന്നുകിടന്നിരുന്ന സ്ത്രീത്വബോധമപ്പോഴും ജാഗരൂ കമായിരുന്നു. അതിന്നു് വിപരീതമായി മംഗൽ—ഇരുപതി രുപത്തിനാലുകാരനായ ഒരു യുവാവു്. ആരംഭവും, അവസാ നവും പാഞ്ഞൊഴുകുന്ന ഒരു നദി,—അതിന്നൊഴുകാനാരും വ ഴിവെട്ടി കൊടുക്കേണ്ടതുമില്ല.

ഇച്ഛിതു് ലഭിച്ച എന്നമട്ടിൽ റാണു പുറത്തുവന്നു് പാത്ര ങ്ങഠം തമ്മിൽ കൂട്ടിമുട്ടിച്ചു ശബ്ദമുണ്ടാക്കി. മംഗലിനു സലാ മത്തിയുടെ അടുത്തു്. തൽസമയം എത്താൻ കഴിഞ്ഞില്ല അമ്മ ജന്ദാൻ അവനെ വിളിച്ചു് അടുത്തിരുത്തി. കാൎയ്യം മന സ്സിലാക്കിയ റാണു ഉടൻതന്നെ ബഡ്ഡിയേയും ഇളയ കുട്ടിക ളേയും അയൽപക്കത്തേയ്ക്കു് കളിയ്ക്കാൻ പറഞ്ഞയച്ചു. റാണു നമ്മുടെ സ്ത്രീകഠം സാധാരണ തിരഞ്ഞെടുക്കാറുള്ള സ്ഥലം— വാതിലിൻെറ പിന്നിൽ നിലഉറപ്പിച്ചു.

ജന്ദാൻ സംഭാഷണമാരംഭിച്ചപ്പോഴേയ്ക്കും മംഗലിനു് കാൎയ്യം മനസ്സിലായി. തലപ്പാവിൻെറ ഇടയിൽക്കൂടി അവൻെറ മുടി പുറത്തു് ചാടാൻ തുടങ്ങി. അവനതു് വീണ്ടും തലപ്പാ വിനുള്ളിലാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. മങ്ങിയ വെളിച്ച ത്തിൽ മംഗലിൻെറ മുഖത്തു് രക്തനിറം വ്യാപിയ്ക്കുന്നതു് റാണുവിനു കാണാമായിരുന്നു,

വാതിലിന്റെ മറവിൽ പതുങ്ങിനിന്നിരുന്ന റാണു മാറിൽ കൈവെച്ചു. വീടിന്റെ മേൽത്തട്ടിൽ കൊലപാതകം നടത്തിയതിനുശേഷം, ഘാതകൻ ഓടിരക്ഷപ്പെടാൻവേണ്ടി ധൃതിയിൽ കോണിപ്പടി ഇറങ്ങുമ്പോഴുണ്ടാകുന്ന ശബ്ദംപോലെ അവളുടെ ഹൃദയമിടിപ്പു് പുറത്തുകേശക്കാമായിരുന്നു. വെയിലേററു് വാടിവീണ വെണ്ടപ്പൂപോലെ റാണുവിന്റെ മുഖം വിളത്തു. കണ്ണുകളുടെ ചൈതന്യം കുറഞ്ഞു. അധരം, ദിവാൻഷായുടെ പീടികയിൽ വില്പനയ്ക്കു് വെച്ചിരിയ്ക്കുന്ന ഉണക്ക കാരയ്ക്കാപോലെ ആയിത്തീൻ. റാണുവിന്റെ പാദങ്ങശ പതറുന്നുണ്ടായിരുന്നു.

മംഗൽ എഴുന്നേററു് അകത്തേയ്ക്കു് കണ്ണോടിച്ചതിനുശേഷം പറഞ്ഞു. ഇല്ല; ഇതൊരിയ്ക്കലും സാദ്ധ്യമല്ല, ഞാൻ അമ്മയെ ചീത്തപറയുന്നില്ല. തീരുമാനമെടുത്ത ആ പഞ്ചായത്തകാരുടെ അമ്മ......'' ലോർഡു് ഇർവിൻ വന്നാലും ജോർജ്ജു് പഞ്ചമൻവന്നാലുംശരി ഇതു് നടക്കാൻപോകുന്നില്ല. അവക്കെന്റെ അമ്മയുടെ പ്രായമുണ്ടു്. ഞാനവരുടെ പാദങ്ങളിൽ നമിയ്ക്കാം, എന്നാൽ ശിരസ്സിൽ കാലൂന്നാൻ സാദ്ധ്യമല്ല.

മംഗൽ ആരോടെന്നില്ലാതെ പുലമ്പിക്കൊണ്ടു് ഇറങ്ങിതിരിച്ചു. അയൽവീടിന്റെ മേൽത്തട്ടിൽകണ്ട നിഴൽ പിന്നോട്ടുമാറി. "മോളേ! റാണൂ! എടി അസത്തേ! വേഗംപോയി അവനെ തടയൂ! അവൻ തന്നെത്താൻ വല്ലതും ചെയ്തുകളയും! മറെറാരു തലോക്കയുടെ മൃതദേഹം വീട്ടിലെത്തുമെന്നു് പറഞ്ഞാണവൻ ഇറങ്ങിയിരിയ്ക്കുന്നതു്."

റാണു മംഗലിനെ തടയുവാൻവേണ്ടി ഇരുട്ടിൽ ഓടി; കാൽ വഴുതി വീണെങ്കിലും വീണ്ടും പിടച്ചെഴുന്നേററു് പാഞ്ഞു. പ

ടിയ്ക്കലെത്തിയപ്പോഴേയ്ക്കും ചന്നു, പൂരൺദേയി, വിദ്യ തുടങ്ങിയവർ റാണുവിനെ തടഞ്ഞു. റാണു അവരെ തള്ളിമാററിക്കൊണ്ടു് അന്ധകാരത്തിലേയ്ക്കു് കൈചൂണ്ടി.

"ഒന്നും ചെയ്യുകയില്ല" ചന്നു റാണുവിനെ സമാശ്വസിപ്പിച്ചു. "അയ്യോ! വല്ലതും ചെയ്തുപോയാൽ കുടുംബം നശിയ്ക്കും കുററം എൻെറ തലയിൽ ചുമത്തുകയുംചെയ്യും." റാണു കരഞ്ഞുകൊണ്ടു് പറഞ്ഞു. അതുകേട്ടു് വിദ്യ മുന്നോട്ടുവന്നു. "എന്നാലവൻ പോയിമരിയ്ക്കട്ടെ! നിങ്ങളുടെ മേൽ കുററം ചാരാൻ വരുന്നവരാണെന്നു് ഞങ്ങളൊന്നുനോക്കട്ടെ!"

"ഹേ! ദേവീ! എൻെറ ശരീരം തണുത്തു മരവിയ്ക്കുന്നേ!" റാണു പൂരൺദേയിയുടെ കൈത്തണ്ടയിലേയ്ക്കു് ചാഞ്ഞു. ചന്നു റാണുവിൻെറ കൈപിടിച്ചമർത്തിക്കൊണ്ടു പറഞ്ഞു. "നിങ്ങൾക്കു് ചൂടു് നൽകാൻവേണ്ടിയാണു് ഞങ്ങളീപാടെല്ലാം പെടുന്നതു്. നിങ്ങൾ ഒരു മഞ്ഞുകട്ടയായിത്തീരുകയല്ലായിരുന്നോ?"

"എന്നെ രക്ഷിയ്ക്കണേ! ഇളയമ്മേ!" റാണു പൂരൺദേയിയുടെ പാദങ്ങളിൽ തലകുനിച്ചുകൊണ്ടു പറഞ്ഞു.

പൂരൺദേയി റാണുവിൻെറ തലയിൽ തലോടിക്കൊണ്ടു പദേശിച്ചു. നീ മരിയ്ക്കാൻപോകുന്നതെന്തിനു്? ഒന്നും സംഭവിയ്ക്കാൻ പോകുന്നില്ല. പൌരുഷമില്ലാത്ത ഇവന്മാർ — ചുമലിൽ അല്പം ഭാരം കയറുമ്പോഴേയ്ക്കും അങ്ങിനെയെല്ലാംചെയ്യും. നാം -- സ്ത്രീകൾ ഇങ്ങിനെയെല്ലാം ചെയ്തില്ലെങ്കിൽ കാര്യം നടക്കാൻ പോകുന്നില്ല.'

റാണുവിനല്പം സമാധാനമായെങ്കിലും അവൾ ഗദ്ഗദത്തോടെ ചന്നുവിനോടു് പറഞ്ഞു. "അവനെന്തുചെയ്യും?"

"നിങ്ങൾ എന്താണോ ചെയ്യുന്നതു് അതു്."

“എന്തു വിചാരിയ്ക്കും?”

“നിങ്ങാം വിചാരിയ്ക്കുന്നതു്.”

അടുത്തുനിന്നു്, എല്ലാം ശ്രദ്ധിച്ചുകൊണ്ടിരുന്ന ബഡിയ്ക്കു കാര്യം മനസ്സിലായി. “അമ്മ അങ്ങിനെ എന്തെങ്കിലും ചെയ്താൽ, ഞാൻ വല്ലതും കഴിച്ചു് ജീവൻകളയും” അതു കേട്ടു് ആശ്ചര്യഭരിതരായ സ്ത്രീകാം മൂക്കിന്മേൽ വിരൽവെച്ചു. ചന്തു ഓടിച്ചെന്നു് ബഡിയുടെ മുടിയ്ക്കുപിടിച്ചു; വലിച്ചിഴച്ചു. അവടെ നിന്നോടി മുറിയ്ക്കകത്തു് അഭയംപ്രാപിച്ച, ബഡിയുടെ മുഖം വ്യസനവും, ലജ്ജയുംകൊണ്ടു്, വിവണ്ണമായി.

# V

മംഗൽ പ്രതിജ്ഞയനുസരിച്ച് നിർദ്ദിഷ്ട സ്ഥലത്തെത്തി. സലാമത്തി, മംഗലിൻെറ വീട്ടിൽ നടന്ന സംഭവങ്ങളെല്ലാം ശ്രദ്ധിച്ചെങ്കിലും മനസ്സിലാകാതെ തിരിച്ചുപോന്നു; മംഗലിനയും പ്രതീക്ഷിച്ചവിടെ ഇരിയ്ക്കുന്നുണ്ടായിരുന്നു. ഹൃദയത്തിലുണ്ടായിരുന്ന ഒരേ ഒരു വികാരം അവരം മംഗലിനെ കേരംപ്പിയ്ക്കാൻ വെമ്പുകയായിരുന്നു.

> "ഹസ്ദിനെ ചന്ദ്മംഗ്ലിയാ—
> യാർഛഡ് ഗയാഗലിദാ ആനാ"

(കളിതമാശയിൽ മുടിക്കത്തി ചോദിച്ചതിനാൽ കാമുകൻ അടുത്തുകൂടി വഴിനടക്കുന്നതുപേക്ഷിച്ചു.)

മംഗൽ സലാമത്തിയുടെ ദൃഷ്ടിയിൽപെട്ടു. അവൻെറ ശരീരമപ്പോഴും വിറയ്ക്കുന്നുണ്ടായിരുന്നു. മംഗൽ അല്പസമയം ആലോചിച്ചുനിന്നതിനുശേഷം സലാമത്തിയുടെ അടുത്തേയ്ക്കു നീങ്ങി. സലാമത്തി എഴുന്നേററ് മംഗലിൻെറ മൗനമെന്തെന്നറിയാൻ ശ്രമിച്ചു. അവളിന്നു ചമഞ്ഞൊരുങ്ങിയാണ് വന്നിരിയ്ക്കുന്നത്. വിവാഹിതയായ മൂത്തജ്യേഷ്ഠത്തിയുടെ ദുപ്പട്ടയാണ് തലയിൽ, അതിലെ കസവുപൂക്കരം അന്ധകാരത്തിലും തിളങ്ങിക്കൊണ്ടിരുന്നു.

മംഗലിൻെറ കണ്ണുകരം തീക്കനൽപോലെ ജ്വലിച്ചുകൊണ്ടിരുന്നു. അവൻ അടുത്തുകിടന്നിരുന്ന മരത്തിനു മുകളിൽ ഒരു കാൽ കയററിവെച്ചതിനുശേഷം അധികാരസ്വരത്തിൽ വിളിച്ചു.

"സലാമത്തീ!''

"ഉം.''

"ഇവിടെ വരൂ!" സലാമത്തി യാതൊരു വൈമനസ്യവും പ്രകടിപ്പിയ്ക്കാതെ മംഗലിൻെറ അടുത്തേയ്ക്കു് ചേൻനിന്നു.

"ദുപ്പട്ട അകലെ മാററൂ!'' അവ൦ ദുപ്പട്ടയെടുത്തു് അല്പം അകലേയ്ക്കെറിഞ്ഞു. ''കുപ്പായമഴിയ്ക്കൂ!" സലാമത്തി കുപ്പായമഴിച്ചു. ഒരു യുവതിയെ സംബന്ധിച്ചിടത്തോളം ഏററവും പ്രയാസമുള്ള ഒരു കാര്യമാണതു്. എന്നിരുന്നാലും സാഹചര്യത്തിൻെറ കഴുമരത്തിലേററപ്പെട്ട സലാമത്തി എല്ലാം വിസ്മരിച്ചു.

ഒരു പക്ഷെ സലാമത്തിയ്ക്കെന്തെങ്കിലും പറയാനുണ്ടായിരുന്നിരിയ്ക്കണം. പക്ഷെ! അങ്ങകലെനിന്നു് വന്ന വെളിച്ചത്തിൽ മംഗൽ സലാമത്തിയുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു പറഞ്ഞു, ''സവാരികഴിഞ്ഞു ഇനി പൊയ്ക്കൊള്ളൂ."

സലാമത്തി പരിഭ്രമത്തോടെ വസ്ത്രംധരിച്ചു്; ദുപ്പട്ടകൈത്തണ്ടിലിട്ടുകൊണ്ടു് നാലുപാടും കണ്ണോടിച്ചതിനുശേഷം സ്ഥലംവിട്ടു.

തൽസമയം വിളക്കുമായി ആരോ അതിലെ കടന്നുപോയി. മൗനംഭഞ്ജിയ്ക്കാനെന്നവണ്ണം മംഗൽ പറഞ്ഞു. ''ആരെടാ നീ?'' ഏററുമുട്ടാനെന്ന ഭാവത്തിൽ അവൻ വീണ്ടും കയത്തു. എന്നാൽ, ആഗതൻ കാര്യമറിയാതെ അല്പമൊന്നു പരിഭ്രമിച്ചെങ്കിലും മംഗലിനെപ്പോലെ അവിവേകിയല്ലാതിരുന്നതിനാൽ തൻെറ പാട്ടിനു് പോയി.

മംഗൽ കുറെസമയം അവിടെത്തന്നെനിന്നു് അന്തരീക്ഷം നിരീക്ഷിച്ചതിനുശേഷം കയ്യടിച്ചു് ശബ്ദമുണ്ടാക്കിക്കൊണ്ടു് സലാമത്തിയുടെ വീടിന്നടുത്തു്, ഹരിജനങ്ങ൦ പാക്കുന്ന തെരുവിൽ അപ്രത്യക്ഷനായി.

SENGUPTA PUBLIC LIBRARY
KOZHIKODE-4.

# VI

പഞ്ചായത്തു് നിശ്ചയിച്ച തീയതിയും വന്നെത്തി. പൂരൺദേയി, വിദ്യാ, ചന്ദ്ര തുടങ്ങിയ സ്ത്രീകൾചേൎന്നു് റാണുവിനെ മൈലാഞ്ചിയണിയിച്ചു. മുടിചീകി തലയിൽ കണ്ണാടിബിംബംപ്ലാവു് നിൎമ്മിച്ചു. ഇത്രയേറെ സമാശ്വസിപ്പിച്ചിട്ടും റാണു കരയുകയായിരുന്നു.

റാണുവിന്റെ കുട്ടികൾ ആശ്ചര്യസ്തബ്ധരായി നോക്കിനിന്നു. ഇന്നു തങ്ങളുടെ മാതാവിനെന്തു സംഭവിയ്ക്കാൻ പോകുന്നു! ബഡ്ഡി തന്റെ ഇളയ അനുജന്മാരെ ആനന്ദിപ്പിയ്ക്കുന്നതിനു പകരം കരയിയ്ക്കാൻ ശ്രമിയ്ക്കുകയായിരുന്നു. അവസാനം മുതിൎന്ന സ്ത്രീകളുടെ തീരുമാനമനുസരിച്ചു് കുട്ടികളെ ചന്നുവിന്റെ വീട്ടിലേയ്ക്കു പറഞ്ഞയച്ചു.

മുററത്തു് മുഷിഞ്ഞ പുടവകൊണ്ടു് ഒരു വിവാഹമണ്ഡപംകെട്ടി. അതിന്റെ നാലു മൂലകളിലും ഓരോ മൺകുടവുമുണ്ടു്. കരിപിടിച്ച ആ കുടങ്ങളുടെമേൽ സിന്ദൂരംചാൎത്തി. റാണുവിനെകൊണ്ടുവന്നു് മണ്ഡപത്തിലിരുത്തിയപ്പോഴവൾ വാവിട്ടുകരഞ്ഞു. "അല്ലയോ പരേതാ! ഇതാ! നിങ്ങളുടെ റാണുവിനോടെന്താണു് പ്രവൃത്തിയ്ക്കുന്നതെന്നുനോക്കു!"

പുരോഹിതൻ ചോദിച്ചു. "വരൻ എവിടെ?"

ഗ്യാൻചന്ദു്, കേസർസിംഗ്, തുടങ്ങിയവർ അങ്ങുമിങ്ങും തിരഞ്ഞു. അവർ മംഗലിനെ ബലമായി പിടിച്ചുകൊണ്ടുവന്നു് അകത്തു് കട്ടിലിനോടു് ചേൎത്തു് കെട്ടിയിരിയ്ക്കുകയായിരുന്നു. ചടങ്ങുകളിൽനിന്നൊഴിഞ്ഞുമാറി അല്പം അകലെ

നിന്നിരുന്ന മെഹർ കർമ്മുദ്ദീൻ മംഗലിനെ അന്വേഷിച്ചുക ത്തുചെന്നെങ്കിലും അതേപടി മടങ്ങിപ്പോന്നു. "അയ്യോ! മം ഗൽ അകത്തില്ലല്ലോ?" അന്നു് വടക്കുനിന്നു വീശിയകാററു്, വിവാഹമണ്ഡപമായി മറച്ചിരുന്ന മുഷിഞ്ഞ പുടവയിൽ തട്ടി സൗജന്യമായി വാദ്യംമുഴക്കി. മണ്ഡപത്തിന്നലങ്കാരമായി തൂ ക്കിയിട്ടിരുന്ന ചെറുവൃക്ഷശാഖകൾ കാററിന്റെ ഗതിയ്ക്കൊത്തു ചൂളംമുഴക്കി.

അങ്ങകലെ വെണ്ണീട്ടുക്കുഴിയിൽ ചുരുണ്ടു് കിടന്നുറങ്ങി ക്കൊണ്ടിരുന്ന ഡബ്ബൃ വാലുകൊണ്ടു് തറവട്ടത്തു്, ദൃശ്യംകാണാ നെത്തി. പ്രായാധിക്യത്താൽ കൂടുതൽ വെളിച്ചവും, കോലാ ഹലവും അതിന്നസഹനീയമായിരുന്നു. തന്മൂലം ഡബ്ബൃ അ വിടെ കൂടിനിന്നിരുന്നവരെനോക്കി കുരയ്ക്കാൻതുടങ്ങി.

"ഛീ! മിണ്ടാതിരിക്കു" ജന്ദാൻ ശകാരിച്ചുകൊണ്ടു തുട ൎന്നു. "സദാ ചിലച്ചുകൊണ്ടിരിക്കുകയല്ലാതെ ഈ കിഴവനു് മററു തൊഴിലൊന്നുമില്ല." പിന്നീടവൾ കുഴിയിലാണ്ടു നയ നങ്ങൾ തുറപ്പിച്ചു് വിവാഹമണ്ഡപത്തിലേക്കുനോക്കി. ഇ നി എന്താപത്താണാവോ വരാൻപോകുന്നതു്!

"അല്പം ക്ഷമിക്കു ബ്രാഹ്മണാ!" ഗ്രാമത്തലവനായ താ രാസിംഗ് പുരോഹിതനോടു് പറഞ്ഞു. "ആ അമ്മയുടെ മ കനെ ഞാൻ പിടിച്ചുകൊണ്ടുവരാം."

"ശരി!" കേസർസിംഗ് അനുകൂലിച്ചു.

"അവന്റെ അമ്മയുടെ കല്യാണത്തിനു് നമ്മൾ ചെരു പ്പു് ചുമക്കണോ? ഞങ്ങളെല്ലാവരും വരുന്നുണ്ടു് നിങ്ങളെ ല്ലാവരും തയ്യാറായിക്കൊള്ളൂ. ഇത്ര അടികൊണ്ടിട്ടും മംഗൽ ഓടിക്കളഞ്ഞോ?"

മംഗലിനെ നേരെയാക്കാൻവേണ്ടി ഗ്രാമവാസികഠം അവനോടെതിൎത്തു. അവന്റെ ഒരു കാലു് അടിച്ചൊടിയ്ക്കണമെന്നായിരുന്നു അവരാദ്യം തീരുമാനിച്ചതു്. അല്ലങ്കിൽ മംഗൽ വിവാഹമണ്ഡപത്തിൽ അടങ്ങിയിരിയ്ക്കുകയില്ല. ആളുകഠം ലാത്തിയും, കുന്തവും, പുല്ലരിയുന്ന കത്തി (ഗണ്ടാസ)കളുമായി മംഗലിനെ അന്വേഷിച്ചു് പുറപ്പെട്ടു. പഞ്ചായത്തിന്റെ നിയമപാലകനായ ഗ്യാൻചന്ദ പുഃമ കാണിക്കാൻവേണ്ടി, അരുതു്, അരുതു്, എന്നാജ്ഞാപിച്ചുകൊണ്ടു് എല്ലാവൎക്കും പ്രോത്സാഹനം നൽകി പിന്നാലെകൂടി. വിവാഹമണ്ഡപത്തിൽ സ്ത്രീകഠം മാത്രമായി. അവരിൽ മംഗലിനെ ഈ ലോകത്തേയ്ക്കു് വഴികാട്ടിയ സുർമാദായിയുമുണ്ടായിരുന്നു

പുരുഷന്മാരുടെ സംരംഭംകണ്ടു ഭയന്ന റാണു ഉച്ചത്തിൽ കരയാൻതുടങ്ങി. "എന്നെ വിട്ടയയ്ക്കു തോഴിമാരെ! ഞാൻ ജീവിയ്ക്കുകയില്ല." എന്നു പറഞ്ഞുകൊണ്ടു് റാണു ബോധരഹിതയായി നിലംപതിച്ചു. സ്ത്രീകഠം, മണ്ഡപത്തിൽ വെച്ചിരുന്ന വെള്ളംകുടമെടുത്തു് റാണുവിന്റെ തലയിലൊഴുക്കി. മരണംകണ്ട സ്ഥിതിയ്ക്കു് ഇനി വിവാഹവും കണ്ടുകൊള്ളുക എന്നായിരുന്നു അവരുടെഭാവം.

ജനങ്ങഠം, മംഗലിനെ കൃഷിഫാറംവക പരുത്തി വയലിൽവെച്ചു് പിടിച്ചു. അവൻ ആദ്യമേ മദ്യനമേററവശനായി കഴിഞ്ഞിരുന്നു. രണ്ടാമത്തെ ഏററമുട്ടലോടെ മൃതപ്രായനായി. വേണമെങ്കിൽ മംഗലിന്നോടിരക്ഷപെടാമായിരുന്നു. നിർഭാഗ്യം 'മിർസയുടെ കുതിരയേയും സാഹബാൻ ബന്ധിയ്ക്കുകയാണല്ലോ ചെയ്തതു്? അതുപോലെ മംഗലിന്റെ കുതിരയും മുൻകാലുകഠം ബന്ധിച്ച നിലയിൽ അല്പമകലെ നിന്നു മേയുന്നുണ്ടായിരുന്നു. വയൽ നശിപ്പിയ്ക്കുന്നതുമൂലം മംഗൽ കു

തിരയുടെ മുൻകാലുകഠം ചങ്ങലകൊണ്ടു് ബന്ധിച്ച് 'അലിഗർ' ആമവിട്ടു് പൂട്ടുക പതിവായിരുന്നു.

തൻെറ സ്നേഹിതന്മാരായ നവാബ്, ഇസ്മായിൽ, ഗുരുദാസ് തുടങ്ങിയവർ ഈ വിപത്തിൽനിന്നു് തന്നെ രക്ഷിയ്ക്കുമെന്നായിരുന്നു മംഗൽ ധരിച്ചിരുന്നതു്. എന്നാൽ ആ വഞ്ചകന്മാരും കോട്ട്ലയ്യിലെ മററുള്ളവരോടു് യോജിയ്ക്കുകയാണു് ചെയ്തതു്. അവർ മംഗലിനെ ഉപദേശിച്ചു. "പോകട്ടെ സ്നേഹിതാ! കല്യാണമല്ലെ? വധിയ്ക്കാനൊന്നുമല്ലല്ലോ?"

മംഗൽ ഒളിച്ചിരുന്ന സ്ഥലത്തുനിന്നല്പം അകലെയായിരുന്നു ജാഠം വക കിണർ. കുറെ വർഷംമുമ്പു് അവിടെവെച്ചാണു് മംഗലിൻെറ ജ്യേഷ്ഠനായ തലോക്ക വധിയ്ക്കപ്പെട്ടതു്. സമയത്തിന്നു് മുമ്പേ പെട്ടെന്നന്ധകാരം വ്യാപിച്ചതും. അന്നായിരുന്നു സൂര്യൻ തലോക്കയുടെ മുററത്തു് രക്തംതളിച്ചതും. അവിടത്തെ മണ്ണിൽനിന്നപ്പോഴും രക്തത്തിൻെറ ഗന്ധം വമിയ്ക്കുന്നുണ്ടായിരുന്നു.

ഗ്രാമവാസികഠം മംഗലിനെ വളഞ്ഞപ്പോഠം, അവൻ പരുത്തിവയലിൻെറ മദ്ധ്യത്തിൽ, ഒരു കിടങ്ങിൽ പതുങ്ങി ഇരിയ്ക്കുകയായിരുന്നു. ചിലപ്പോഠം, ശീതകാലത്തു് കോട്ട്ലയിൽ വല്ലനരിയോ, കാട്ട്പന്നിയോ വന്നെത്തിയാൽ ജനങ്ങളിപ്രകാരം കയ്യിൽകിട്ടിയ ആയുധവുമായി അവയെ വേട്ടയാടാറുണ്ടായിരുന്നു. കിടങ്ങിൽ ഒളിച്ചിരിയ്ക്കുന്ന മംഗൽ ഒരു കാട്ടുപന്നിയെപ്പോലെ തോന്നിച്ചിരുന്നു. കയ്യിൽ ആയുധങ്ങളുമായി അന്തരീക്ഷം ഭേദിയ്ക്കുമാററട്ടഹസിച്ചുകൊണ്ടോടിഎത്തിയ ജനങ്ങഠം മംഗലിനെ കണ്ടതോടെ നിശ്ശബ്ദരായി, ആരാണാദ്യം ആക്രമിയ്ക്കേണ്ടതെന്നറിയാനവർ പരസ്പരം മുഖംനോക്കുകയായിരുന്നു.

മംഗലിൻെറ മുഖഭാവംകണ്ടു് ഗ്രാമവാസികരം ഭയന്നു. അവർ കയ്യിലിരുന്ന ലാത്തി തറയിൽ പ്രഹരിച്ചു് മംഗലിനെ ഭയപ്പെടുത്താൻ ശ്രമിച്ചു. ഭീരുതചത്തിൽനിന്നുളവായ ആവേശത്താൽ അടിച്ചുകൊണ്ടിരുന്ന ലാത്തി മണ്ണിൻപാട്ടുകരംവീഴ്ത്തി. ഗ്രാമവാസികരം നോക്കിനിന്നതല്ലാതെ ആരും മംഗലിൻെറ അടുത്തേയ്ക്കു് ചെന്നില്ല. അവൻെറ ഉററമിത്രമായ ഗുരുദാസ് മുന്നോട്ടുചെന്നു. അതുകണ്ടു് കേസർസിംഗ്, നവാബ്, ഇസ്മായിൽ, ജഗ്ഗു തുടങ്ങിയവരും അടുത്തേയ്ക്കു്ചെന്നു. മംഗൽ ഓടിരക്ഷപ്പെടാൻവേണ്ടി കിടങ്ങിൽനിന്നു് പുറത്തുചാടി. അതോടെ ജനങ്ങരം നാലുഭാഗത്തുനിന്നുമവനെ ആക്രമിച്ചു.

കോലാഹലംകേട്ടു് വഴിപോക്കർ തിരിഞ്ഞുനിന്നു. ഗ്രാമവാസികരം മംഗലിനെ മുടിയ്ക്കു പിടിച്ചു് വലിച്ചിഴച്ചുകൊണ്ടുപോകുകയായിരുന്നു. സിഖ്മതക്കാരനായതുകൊണ്ടു് കുടുമ്മയെ അപമാനിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതു് കേസർസിംഗും, താരാസിംഗുമായിരുന്നു. എന്നാൽ ഈ നീചകൃത്യത്തിനു മുൻകൈ എടുത്തതും ആ നികൃഷ്ടന്മാർതന്നെയായിരുന്നു. വലിച്ചിഴയ്ക്കുന്നതിൽനിന്നു് രക്ഷപ്പെടാൻവേണ്ടി മംഗൽ കുറെസമയം നടക്കും. പിന്നീടവൻ, പൂട്ടാൻകൊണ്ടുപോകുന്ന കള്ളമൂരിയെപ്പോലെ പിന്നോട്ടു് നടക്കും. വയലിൽക്കൂടി വലിച്ചിഴച്ചതിനാൽ മംഗലിൻെറ നീണ്ടകേശത്തിലും, താടിയ്ക്കിടയിലും ധാരാളം ചപ്പും, കരടും പററിപ്പിടിച്ചു. ശരീരം തറയിൽ ഉരഞ്ഞതുമൂലം കീറിപ്പറിഞ്ഞ വസ്ത്രം രക്തത്തിൽ നനഞ്ഞിരുന്നു.

ചിറയ്ക്കടുത്തുനിന്നു് ധർമ്മശാലവരെ എത്തിയപ്പോഴേയ്ക്കും ഘോഷയാത്രയുടെ വലിപ്പം വർദ്ധിച്ചു. വഴിയാത്രക്കാർ നിരത്തിൻെറ ഒരു ഭാഗത്തേയ്ക്കു് ഒഴിഞ്ഞുമാറി, ആശ്ചര്യഭരിതരായി നോക്കിനിന്നു. കിക്കർ വൃക്ഷക്കൂട്ടങ്ങരംക്കിടയിൽക്കൂടി

നുണ്ട്. വഴിമാറിക്കൊടുത്തു ഒരു യാത്രക്കാരി ആ ഗ്രാമത്തിലെ മറെറാരു സ്ത്രീയോടു ചോദിച്ചു.

"ഏട്ടത്തി! ഇതെന്താണ്?"

അവരം ആശ്ചര്യത്തോടെ ആ വഴിയാത്രക്കാരിയെ തുറിച്ചുനോക്കിക്കൊണ്ട് പറഞ്ഞു. "അയ്യോ! നിങ്ങഠംക്കീപ്രായമായിട്ടും ഇതു് കല്യാണമാണെന്നറിഞ്ഞുകൂടെ?'

കോട്ട്ലയിൽനിന്നങ്ങകലെ—വിഷ്ണുദേവി പവ്വതമപ്പോഴും വെള്ളപ്പുടവയണിഞ്ഞു്; വിശ്രമിയ്ക്കുകയായിരുന്നു. ആ സമയമവിടെ ധാരാളം തീത്ഥാടകർ പരിക്രമണം നടത്തി തിരിച്ചുപോകുന്നുണ്ടാകും. പൗണ്ണമിയ്ക്കാണ് വിഷ്ണുദേവി പവ്വതത്തിൽ ധാരാളം തീത്ഥാടകരെത്തുന്നതു്. അവരിപ്പോഠം താളമേളത്തോടെ ഭജനമാലപിയ്ക്കുന്നുണ്ടാകും. "രക്ഷിയ്ക്കാനാണെങ്കിൽ ഇപ്പോഠം രക്ഷിയ്ക്കുക! ദേവീ! അംബികേ! പാപികളെ രക്ഷിയ്ക്കാനുള്ള സന്ദർഭമിതാണ്. തീത്ഥാടകർ ഭജനമാലപിച്ചുകൊണ്ട് തെക്കഭാഗത്തേയ്ക്കും കണ്ണോടിയ്ക്കാതിരിയ്ക്കുകയില്ല. അപ്പോഠം കോട്ട്ലയിലെ ഈ വെളുത്ത അന്ധകാരവും അവരുടെ ദൃഷ്ടിയിൽപ്പെടും.

പഞ്ചായത്ത് തലവൻ ഗ്യാൻചന്ദ് തൊഴിലാളികളെക്കൊണ്ട് നിരപ്പാക്കി സ്വന്തം വയലിലേയ്ക്ക് ചേക്കാതെ ബാക്കി വെച്ചിട്ടുള്ള ഒരേ ഒരു സ്ഥലം ഗ്രാമത്തിനു് വെളിയിൽ ഇതു മാത്രമേ ഉണ്ടായിരുന്നുള്ളു. അവിടെയാണ് മംഗൽ പ്രഹരമേററ് ബോധരഹിതനായി വീണതു്. പിക്കാസും, തൂമ്പയും കൊണ്ടു് വളരെക്കാലം അദ്ധ്വാനിച്ചതിന്റെ ഫലമായാണ് ചിറയിൽനിന്നങ്ങോട്ടു് വെള്ളംതിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞതു്. തൈലം രായണിയുടെ വയൽ നനയ്ക്കാനും തദ്വാരാ അവളുടെ വയലിൽ സദാവസന്തം നിലനിത്താനും അതു്

സഹായകമായിരുന്നു. അവിടെ ഇതിനകമെത്രയോ യാത്രക്കാർ വിശ്രമിക്കുകയും ചെയ്തിരിക്കുന്നു. അല്പദിവസത്തേക്കു് വെള്ളം തടഞ്ഞുനിർത്താൻവേണ്ടി കെട്ടിയ ബണ്ഡിനുമേലെയാണു് മംഗൾ വീണതു്. തന്മൂലം ബണ്ഡു് തകൻ വെള്ളത്തിനു് പ്രവഹിയ്ക്കാൻ മാർഗ്ഗം തുറന്നുകിട്ടി. മംഗലിൻെറ വസ്ത്രം നനയുകയും, മുഖത്തു് ചളിപുരളുകയുംചെയ്തു ജനങ്ങരം മംഗലിനെ പിടിച്ചെഴുന്നേല്പിക്കുമായിരുന്നു. എന്നാൽ അവൻ പിടിവിടുവിയ്ക്കാൻ ശ്രമിച്ചുകൊണ്ടിരുന്നതിനാൽ ആരുമതിനു് തുനിഞ്ഞില്ല.

സുന്ദരനായ വരൻ! മുടി ചിന്നിച്ചിതറി കിടക്കുന്നു—തലപ്പാവു് തലയിലില്ല—കയ്യിൽ ചെറിയ കൃപാണത്തിനു് പകരം രക്തം, സുഗന്ധദ്രവ്യങ്ങളുടെ സ്ഥാനത്തു് ചളി—കണ്ണിൽ പ്രേമത്തിനു് പകരം വെറുപ്പും, അമർഷവും. പരമശിവൻ പാർവ്വതിയെ വിവാഹം ചെയ്യാൻ പോയതുപോലുള്ള ആശ്ചര്യകരമായ വിവാഹഘോഷയാത്ര. വരൻെറ കഴുത്തിൽ രുദ്രാക്ഷമാലയും, സർപ്പവും, അരയിൽ ലങ്കോട്ടി—കയ്യിൽ ത്രിശ്ശൂലവും, ഉടുക്കും — അകമ്പടി സേവിച്ചിരുന്നതോ? കുരങ്ങുകരം, നരി, കരടി, ആന തുടങ്ങിയ മൃഗങ്ങരം.

മംഗലിനെ വിവാഹമണ്ഡപത്തിൽ ഇരുത്തിയപ്പോരം അവൻെറ ശരീരം രക്തപങ്കിലവും, റാണ ബോധരഹിതയുമായിരുന്നു. അവസാനം എല്ലാം നേരെയായിക്കൊള്ളുമെന്നു് സ്ത്രീകരം സമാശ്വസിച്ചു. പുടവമാററം ഒരു നിസ്സാര ചടങ്ങാണു്. അതിനു് വളരെയൊന്നും ഒരുക്കേണ്ടതില്ല. എന്നിരുന്നാലും അയൽപക്കത്തെ സ്ത്രീകളെല്ലാം ചേൻു് ഒരു ചെറിയ വിവാഹത്തിനു് വേണ്ടതെല്ലാം ഒരുക്കിയിട്ടുണ്ടായിരുന്നു.

വരൻ സാധാരണ, ശ്വശ്രൂരാലയത്തിൽ ചെന്നാണ് വധൂവിനെ വിവാഹംചെയ്യാറ് പതിവ്. എന്നാലിവിടെ വധൂഗൃഹവും, ഭർതൃഗൃഹവും ഒന്നുതന്നെയായിരുന്നു. മുമ്പും, പിമ്പും ഒന്നുതന്നെ.

പൂരൺദേയി, വിദ്യാ തുടങ്ങി കുറെ സ്ത്രീകൾ വധുവിൻെറ ബന്ധുമിത്രാദികളായി ചമഞ്ഞു. ജന്ദാൻ, ചന്നു, സ്വരൂപ് തുടങ്ങിയവർ വരൻെറ പക്ഷക്കാരും. യുദ്ധത്തിന്നൊരുങ്ങിനില്ക്കുന്നതുപോലെ ഇരുഭാഗക്കാരും മുഖാമുഖമായി അണിനിരന്നു. അമ്മ എന്ന നിലക്ക് ജന്ദാൻ തൻെറ, പല്ലില്ലാത്ത മോണപ്രദർശിപ്പിച്ചുകൊണ്ട് ഗീതമാരംഭിച്ചു. മററു സ്ത്രീകൾ അതേററുപാടി.

തൽസമയം ബഡി തൻെറ അനുജന്മാരോടൊത്ത് മച്ചിന് മുകളിൽ കയറിനിന്നു. ഇളയകുട്ടി ചമ്മു സ്ത്രീകളുടെ പാട്ടുകേട്ട് ആനന്ദിക്കുകയും കൈകൊട്ടി താളം പിടിക്കുകയും ചെയ്തുകൊണ്ടിരുന്നു. ബഡി അവനെ വേദനിപ്പിക്കുകയും, ശകാരിക്കുകയുംചെയ്തു എങ്കിലും നിഷ്കളങ്കനായ ശിശു അത് കൂട്ടാക്കിയില്ല. റാണുവിൻെറ മക്കൾ അങ്ങിനെ മച്ചിൻ പുറത്ത് നിരന്നുനിന്ന് തങ്ങളുടെ അമ്മയുടെ വിവാഹം കണ്ടുകൊണ്ടിരുന്നു. ബഡി ആദ്യമാദ്യം കരഞ്ഞെങ്കിലും പിന്നീടൊരു ശിശുവിനെപ്പോലെ എല്ലാം വിസ്മരിച്ച് വിവാഹവേദിയിലേയ്ക്കിറങ്ങിവന്നു.

"നിങ്ങൾ പാടാത്തതെന്ത്?" വിദ്യ വിളിച്ചുപറഞ്ഞു. അതോടെ സ്ത്രീകൾ എല്ലാവരും പാടാനാരംഭിച്ചു. സ്ത്രീകളെ ഒളിഞ്ഞുനോക്കിക്കൊണ്ടവിടെ നിന്നിരുന്ന താരാസിംഗ്, ഗ്യാൻചന്ദ്, ദീവാന, കേസർസിംഗ്, ജഗ്ഗു, ഉല്ല, ജമാല, കർമ്മുദ്ദീൻ തുടങ്ങിയവർ പ്രോത്സാഹനം നൽകി, അതേ! പാടുവിൻ! പാടുവിൻ!

റാണുവിനു് ബോധംവീണു. ഒരു നവവധുവും ഇതുവരെ ചെയ്യാത്ത രീതിയിലവൾ അവിടെ കൂടി നിന്നിരുന്നവരെ തുറിച്ചുനോക്കി.

സ്ത്രീകളുടെ ഗാനമേളത്തിന്നിടക്കു് ആരോ കൈചുരുട്ടി ചൂളംവിളിച്ചു. അതോടെ വരൻ വന്നെത്തിയതായി എല്ലാവരും ധരിച്ചു. സ്ത്രീകൾ നൃത്തംചെയ്യാൻ തുടങ്ങി. പൂരൺദേയിയുടെ നൃത്തം നാട്ടുകാരിന്നും വിസ്മരിച്ചിരിക്കുകയില്ല. കരചലനത്തോടൊപ്പം അവളുടെ ബ്ളൗസിന്നടിയിൽനിന്നു് ബിലാത്തി ജമ്പർ കണ്ണടിച്ചുകൊണ്ടിരുന്നു. നവാബിൻെറ ഭാര്യ-ഐഎഷ, ഝേലംരായണിയുടെ മൂന്നു പുത്രിമാർ – ഐഎഷ– ഇനായത്തി—സലാമത്തി ഇവരെല്ലാം നൃത്തത്തിൽ പങ്കുകൊണ്ടു.

ഏറെ താമസമുണ്ടായില്ല. അവിടെ എത്തിയിരുന്ന പുരുഷന്മാരും നൃത്തംചെയ്യാനാരംഭിച്ചു. ആരു്, അരുടെ കൈത്തണ്ടിൽ തൂങ്ങികൊണ്ടാണു് നൃത്തംചെയ്യുന്നതെന്നു് ആരുമറിയുന്നില്ല. പൂരൺദേയി ജമാലയുടെ കരവലയത്തിൽ കിടന്നു കുതിയ്ക്കുന്നു. വിദ്യ ജഗ്ഗുവിനെ കെട്ടിപ്പുണരുന്നു. ബഡി താഴെഇറങ്ങി വന്നപ്പോൾ പിന്നിൽനിന്നാരോ അവളെ തള്ളി. പിന്നെ ബഡി ഗ്യാൻചന്ദിൻെറ കൈത്തണ്ടിൽ തൂങ്ങിക്കിടന്നു് കുതിയ്ക്കുന്നുണ്ടായിരുന്നു.

തൽസമയം തിരശീലനീങ്ങി റാണുവിൻെറ വിവാഹം നടന്നു. പെട്ടെന്നെല്ലാവരും നിശ്ശബ്ദരായി. വധൂവരന്മാരെ പല്ലക്കിൽ യാത്രയയയ്ക്കേണ്ട സമയമായി വധുപക്ഷക്കാർ പാടാനാരംഭിച്ചു

ആദ്യം റാണുവിനേയും, പിന്നീടു് മംഗലിനേയും, മണവറയിൽ തള്ളിവിട്ടതിനുശേഷം വാതിലടച്ചു് പുറമേനിന്നു് പൂട്ടുന്നതു് ബഡിയും, അനുജന്മാരും നോക്കിനിന്നു് അശ്രു പൊഴിച്ചു.

# VII

അന്നു് രാത്രി റാണു ഒരമ്മ, ഒരു സഹോദരി, ഭാര്യ എന്നീ നിലകളിൽ മംഗലിനെ പരിചരിച്ചുകൊണ്ടിരുന്നു. വെളിയിൽ പോകാൻ നിവ്വാഹമില്ലായിരുന്നു. അതുകൊണ്ടു വരം ഉപ്പുട്ടചുരുട്ടി ഊതി ചൂടു് പിടിപ്പിച്ചു് മംഗലിൻെറ പരുക്കകളിൽ കിഴിപിടിച്ചു. അതുകൊണ്ടവനു് ആശ്വാസം ലഭിച്ചിരുന്നെങ്കിലും; ശരീരസ്ഥിതി വഷളായിക്കൊണ്ടിരുന്നു. മംഗൽ ചിലപ്പോരം വേദനയുള്ള സ്ഥാനം കാണിച്ചുകൊടുക്കാതെയും, കിഴിപിടിക്കേണ്ടതെവിടെയാണെന്നു് പറയാതെയും ചിന്തയിലാണ്ടു് പോയിരുന്നു. ചിലപ്പോരം റാണുവിൻെറ കരസ്പർശനം മംഗലിനു് എന്തെന്നില്ലാത്ത ഒരനുഭൂതി നൽകിക്കൊണ്ടിരുന്നു. അവളുടെ കരങ്ങളിലണിഞ്ഞിരുന്ന മൈലാഞ്ചിയ്ക്കു് രാത്രിയേക്കാളും അന്ധകാരമാണുള്ളതെന്നു് മംഗൽ സംശയിച്ചു.

തൻെറ കുട്ടികരം എന്തെങ്കിലും കഴിച്ചുകാണുമോ? അവരെവിടെ? എങ്ങിനെ ഉറങ്ങുന്നു എന്നകാര്യം റാണു തികച്ചും വിസ്മരിച്ചുപോയി. ഇളയകുട്ടി ചമ്മുവിനെക്കുറിച്ചോർത്തപ്പോരം റാണു ഞെട്ടി അവിടെ നടന്നുകൊണ്ടിരിയ്ക്കുന്നതു് ചമ്മുവിൻെറ സ്ഥിതിയേക്കാളെത്ര പരിതാപകരമാണു്. ചമ്മുവും, അവനെപ്പോലുള്ള ലക്ഷക്കണക്കിനു് ശിശുക്കളും ഈദൃശസംഭവങ്ങളുടെ ഒരു ഭാഗം മാത്രമാണു്.

മംഗൽ ഞരങ്ങിക്കൊണ്ടു് വശംതിരിഞ്ഞു കിടക്കുമ്പോരം റാണു അടുത്തിരുന്നു വിങ്ങിക്കരഞ്ഞും പെട്ടെന്നവരംക്കു് ശക്തിയായ ദാഹംതോന്നി. എന്തുചെയ്യും, ജനൽ തുറന്നു് ആ

രോടെങ്കിലും അല്പം വെള്ളം ചോദിയ്ക്കാൻപോലും ധൈര്യമില്ല.

മംഗൽ എഴുന്നേററു് ഇരുട്ടിൽ അങ്ങുമിങ്ങും നോക്കി. പിന്നീട്ടു് ചിത്തഭ്രമം ബാധിച്ചവനെപ്പോലെ തൻെറ ശരീരത്തിലവശേഷിച്ച കുപ്പായം വലിച്ചുചീന്തി.

അയ്യോ! എന്താണിതു ? റാണു കരഞ്ഞുകൊണ്ടു് മംഗലിൻെറ അടുത്തേയ്ക്കുചെന്നു.

"ഛീ! ദൂരെപ്പോകു!" മംഗൽ ഗർജ്ജിച്ചു.

റാണു മംഗലിൻെറ പാദത്തിൽ വീണുകൊണ്ടു് പറഞ്ഞു: "ഇതിൽ എൻെറ യാതൊരു കുറവുമില്ലെന്നു് നിങ്ങൾക്കറിയാമല്ലോ മംഗലാ!"

"അറിയാം" മംഗൽ ഉദാസീനതയോടെ ഇത്രയുംപറഞ്ഞതിനുശേഷം മറെറന്തിൻേറയോ പ്രേരണയാൽ റാണുവിൻെറ വലതുകരം ഗ്രഹിച്ചു. തുടർച്ചയായി ഇരുട്ടിൽ കഴിച്ചുകൂട്ടിയതുമൂലം അവനെല്ലാം ശരിയ്ക്കു് കാണാമായിരുന്നു.

റാണു കൈവലിച്ചില്ല പിടയ്ക്കുന്ന ഹൃദയത്തോടെ കാത്തിരുന്നു—തൻെറ ജീവിതത്തിൻെറ പങ്കാളി, മൈലാഞ്ചിയണിഞ്ഞ ഈ കരം ചമ്മട്ടം പിടിയ്ക്കുന്ന കരത്തിൽതന്നെ വയ്ക്കുമോ, അതോ തട്ടിമാററുമോ? എന്നാലങ്ങിനെയൊന്നും സംഭവിച്ചില്ല. മംഗലിൻെറ കരം തന്നെത്താൻ താഴെവീണു. അക്കൂട്ടത്തിൽ റാണുവിൻെറ കരവും.

വിവാഹം, ആനന്ദവും, ആവേശവും നൽകുന്ന ഒന്നാണെന്നാണു്, ജനങ്ങൾ ധരിച്ചുപോരുന്നതു്. ചിലക്കതുസംബന്ധിച്ചൊന്നുമറിഞ്ഞുകൂടാ മററു ചിലക്കു് അറിയാമെങ്കിൽത

ന്നേയും, വിവാഹത്താൽ ലഭിച്ച ആനന്ദവും, ആവേശവും, ഉന്മാദവും വിസ്മൃതിയിലാണ്ടുപോയി. വിവാഹത്തിലെ ആനന്ദം യാചകൻ ഭിക്ഷയ്ക്കായി 'ഹാത്തി'മിന്റെ ദർബാറിൽ ചെന്നു് മനുഷ്യത്വവും, ആത്മാഭിമാനവും അടിയറവെയ്ക്കുന്നതിന്റെ ഫലമായി ലഭിയ്ക്കുന്ന ഒന്നോ രണ്ടോ ചില്ലിക്കാശിനു നന്ദിപറയുന്നതുപോലെയാണു്.

രാവിലെ മംഗലും, റാണവും ഉണർന്നപ്പോൾ പുറത്തു് നിന്നാരോ പൂട്ടു തുറന്നു. മംഗൽ വെളിയിൽ കടക്കാൻവേണ്ടി രണ്ടുമൂന്നടി മുന്നോട്ടുവെച്ചെങ്കിലും പെട്ടെന്നു്, ഞരങ്ങിക്കൊണ്ടു് തറയിൽ ഇരുന്നു. റാണ ധൃതിയിൽ ശ്വശ്രൂരയുടെ അടുത്തേയ്ക്കോടി. "അമ്മേ! അറപ്പുരയുടെ താക്കോലെവിടെ?"

"എന്തിനാണു് മോളേ!" ജന്ദാൻ ചോദിച്ചു.

"മഞ്ഞളെടുക്കണം, അദ്ദേഹത്തിനു് നല്ലവണ്ണം പരുക്കു് പററീട്ടുണ്ടു്."

ജന്ദാൻ ദുപ്പട്ടയുടെ അഗ്രത്തിൽനിന്നു് താക്കോലഴിച്ചുകൊടുത്തു. റാണ താക്കോലുമായി അറപ്പുരയിലേയ്ക്കു പോകേണ്ടതിനു പകരം, വരാന്തയിലേയ്ക്കോടി. അവിടെ അവളുടെ കുട്ടികളും, പുതച്ചും, പുതയ്ക്കാതെയും ഉറങ്ങിക്കിടക്കുന്നുണ്ടു്. റാണ തന്റെ മക്കളെ നല്ലവണ്ണം പുതപ്പിച്ചതിനുശേഷം മൂത്തമകളുടെ അടുത്തെത്തി. ബഡ്ഡി ഉണർന്നുകിടക്കുകയായിരുന്നു. റാണ മാതൃസ്നേഹത്തോടെ തന്റെ പുത്രിയുടെ തലയിൽ തലോടി. കുപിതയായ ബഡ്ഡി, നീണ്ടനഖങ്ങളാൽ തന്റെ അമ്മയുടെ മുഖത്തു് പരുക്കേല്പിച്ചുകൊണ്ടു് പറഞ്ഞു. "എന്നെ തൊടരുതു്, മുഖത്തു് കരിതേയ്ക്കാൻ അയാളുടെ അടുത്തേയ്ക്കു് തന്നെ പൊയ്ക്കൊള്ളു."

റാണുവിൻെറ മേൽ ഇതുവരെ അല്പമെങ്കുമാണോ അക്രമം നടന്നതു്? അതിലുമുപരിയായി ഇതാ മകളും പരുക്കേല്പിച്ചിരിയ്ക്കുന്നു. "മോളേ! ഞാൻ നിനക്കുവേണ്ടിയാണിതെല്ലാം സഹിയ്ക്കുന്നതു്. എന്നാൽ നീയാകട്ടെ"......എന്നു വേണമെങ്കിൽ റാണുവിനു് പറയാമായിരുന്നു. എന്നാലതിനെല്ലാമവൾക്കു് സമയമെവിടെ? റാണു ഇത്രയുംകൂടി ചിന്തിച്ചില്ല. സ്വന്തം മകൾ! ഒൻപതുമാസക്കാലം ഗർഭത്തിൽ ചുമന്നു്, അനേകം യാതനകളും, വേദനകളും സഹിച്ചൊരു ദിവസം ഭൂമിയിൽ കൊണ്ടുവന്നു. പിന്നീടു് പട്ടിണിയും, പാടും സഹിച്ചു് വളർത്തി വലുതാക്കി. ആ മകൾ ഇന്നിതാ അമ്മയുടെ മുഖത്തു് പരുക്കേല്പിച്ചിരിയ്ക്കുന്നു. എൻെറ മകൾ നഖമേല്പിയ്ക്കുകയല്ല, പുഷ്പവൃഷ്ടി നടത്തുകയാണു് ചെയ്തതു്.

നിർവികാരമായി റാണു അറപ്പുരയിൽനിന്നു് മഞ്ഞളെടുത്തു് എണ്ണയിൽ ചൂടാക്കി, മണവറയിൽ തിരിച്ചെത്തിയപ്പോൾ മംഗലിനെ കാണ്മാനില്ല. അവൾ നാലുപാടും പരതിയതിനുശേഷം പടിയ്ക്കലേയ്ക്കോടി. പക്ഷെ മംഗൾ സ്ഥലം വിട്ടുകഴിഞ്ഞിരുന്നു

പരിഭ്രാന്തയായ റാണു മംഗലിനെ അന്വേഷിച്ചു് നടക്കുമ്പോൾ ഡബ്ബു വാലാട്ടിക്കൊണ്ടവളുടെ അടുത്തുചെന്നു് മുൻകാൽ രണ്ടും റാണുവിൻെറ ശരീരത്തിലൂന്നി. "റാണൂ"! നിങ്ങളോടിവരെന്താണു് പ്രവൃത്തിയ്ക്കുന്നതു് എന്നെനിയ്ക്കറിയാം. പക്ഷെ എല്ലാം നേരെയാകും! എന്നിങ്ങനെ റാണുവിനെ സമാശ്വസിപ്പിയ്ക്കുകയായിരിയ്ക്കാം ആ നായ ചെയ്തതു്.

ചന്നു നിത്യേന രാവിലെ ക്ഷേത്രത്തിൽ പോകാറുണ്ടായിരുന്നു. അവളുടെ രാമനാമജപംകേട്ടാണു് അയൽപക്കത്തെ സ്ത്രീകൾ ഉണരാറു് പതിവു്. അന്നു് ക്ഷേത്രത്തിൽ പോകു

ന്നതിനു പകരം ചന്നു, റാണുവിൻെറ വീട്ടിലേയ്ക്കു തിരിച്ചു. പടിയ്ക്കൽ റാണുവിനെ കണ്ടുമുട്ടി.

"എന്താ റാണു! സൗഖ്യമല്ലെ?"

റാണു മറുപടി പറഞ്ഞില്ല.

"വേഗം പറയൂ! ഇപ്പോഴെങ്ങിനെയിരിയ്ക്കുന്നു?" അപ്പോഴും മറുപടി പറയാൻ കൂട്ടാക്കാതെനിന്ന റാണുവിൻെറ ഉരത്തിൽ പിടിച്ചു കുലുക്കിക്കൊണ്ടു് ചന്നു ചോദിച്ചു. "എന്താ! രാത്രി വല്ലതും നടന്നോ?....... പറയാൻ വയ്യാത്തവിധം നിങ്ങളുടെ വായിലെന്താണു്?"

റാണു വായിലിട്ടിരിയ്ക്കുന്നതെന്താണെന്നു അവഠം അന്യരെ എങ്ങിനെ പറഞ്ഞു ധരിപ്പിയ്ക്കും? വായിലിട്ടിരിയ്ക്കുന്ന പദാൎത്ഥം വേവിച്ചതിൻെറ, ആവിയും, ചൂടുമേററു്, റാണുവിൻെറ വികാരവും, ആഗ്രഹവും, ആവേശവും പുകഞ്ഞുപോയി.

റാണു തറയിൽ ദൃഷ്ടിപതിപ്പിച്ചുകൊണ്ടു പറഞ്ഞു. "രാത്രി ഒന്നും നടന്നില്ല."

ചന്നു റാണുവിൻെറ മുഖത്തു് സൂക്ഷിച്ചുനോക്കിയതിനുശേഷം പറഞ്ഞു. "ശുദ്ധകള്ളം! നിങ്ങളുടെ മുഖത്തുകാണുന്നപാടുകളെന്താണു്?

റാണുവിൻെറ മുഖത്തു് വിയൎപ്പു് തുള്ളികഠം സ്ഫുരിച്ചു. അവഠം അല്പസമയം ലജ്ജിച്ചു് തലതാഴ്ത്തിനിന്നതിനുശേഷം വിറക്കുന്ന അധരത്തോടെ പറഞ്ഞു. "നിങ്ങഠം ഉദ്ദേശിക്കുന്നതു് ഞാൻ ആവശ്യപ്പെടുന്നില്ല ചന്നു! നാണം മറയ്ക്കാൻ രണ്ടുതുണ്ടം വസ്ത്രവും, വിശപ്പടക്കാനൊരുനേരത്തെആഹാരവും മാത്രമാണെനിയ്ക്കാവശ്യം. അതിൽ ഗുരുപരമാത്മാവിനെന്താ

ണിഷ്ടമെന്നാരറിഞ്ഞു? അംബാദേവി എന്താണാവോ ആഗ്ര ഹിക്കുന്നതു്?......അദ്ദേഹം വീണ്ടുമെവിടേയ്ക്കോപോയി.'

"രാമ! രാമ! ആ നശിച്ചവനെവിടെപ്പോയി?" ഉദയസൂര്യ നെനോക്കിക്കൊണ്ടു ചന്നു പറഞ്ഞു. "അയ്യോ നിങ്ങളുടെ മു മ്പിൽ വെച്ചങ്ങിനെ പറയേണ്ടതില്ലായിരുന്നു." അതു കേട്ടു് റാണു കരയുന്നതരത്തിലൊന്നു മന്ദഹസിച്ചു. ചന്നു അവളെ സമാശ്വസിപ്പിച്ചു. "ഒന്നുകൊണ്ടും ഭയപ്പെടാനില്ല റാണു! അവൻ പോയതുപോലെതന്നെ തിരിച്ചു വന്നുകൊള്ളും."

ചന്നു പറഞ്ഞതുപോലെതന്നെ ഉച്ചയായപ്പോഴേയ്ക്കും മം ഗൽ തിരിച്ചെത്തി. നവാബിന്റെ കുപ്പായവും, ഇസ്മായിലിന്റെ തലപ്പാവും ഗുരുദാസിന്റെ ചെരുപ്പുമായിരുന്നു അപ്പോഴവൻ ധരിച്ചിരുന്നതു്. ശരീരത്തിൽ പല സ്ഥലത്തും ബാൻേറജ് ചെയ്തിട്ടുണ്ടായിരുന്നു. മഞ്ഞൾ പുരട്ടുന്നകൊണ്ടു് പ്രയോജന മൊന്നുമുണ്ടാവുകയില്ലെന്നുകണ്ടു് മംഗൽ അതിരാവിലെ ഇസ്മാ യിലിന്റെ ടാങ്കയിൽ നഗരത്തിലെ ആശുപത്രിയിൽപോയി മരുന്നു വാങ്ങുകയും, പരുക്കു പററിയ സ്ഥാനങ്ങളിൽ ബാൻേറ ജ് ചെയ്യിക്കുകയുംചെയ്തു.

മംഗൽ രാവിലെ ഭക്ഷണമൊന്നും കഴിച്ചതല്ല. ഇന്നലെ മുതൽ മട്ടനം സഹിച്ചുപോന്നു. അല്ലെങ്കിൽ വിവാഹംചെ യ്തു അത്രമാത്രം. മംഗൽ പകൽ മുഴുവൻ കട്ടിലിൽ ഇരുന്നു കൊണ്ടു് തറയിൽ കിടന്നിരുന്ന കരടുകൾ എണ്ണാൻ തുടങ്ങി. കരടിനേക്കാളും ഘനംകുറഞ്ഞവനാണോ താനെന്നു് മംഗൽ സംശയിച്ചു. ചിലപ്പോൾ ഈ ഭൂമിയേക്കാൾ ഭാരിച്ചതാണു് താനെന്നും അവനുതോന്നി, കട്ടിലിൽതന്നെ ഇരുന്നുകൊണ്ടു മംഗൽ തറയിൽ വിരൽകൊണ്ടു് വരച്ചു. എപ്പോഴും ഇരട്ട രേഖയല്ലാതെ ഒററരേഖ അവശേഷിയ്ക്കുന്നില്ല. തന്റെ ഭാഗ്യം

നേരെയാകുന്നില്ലെന്നുകണ്ടു് മംഗൽ ഉടൻതന്നെ എല്ലാ രേഖകളും മാച്ചുകളഞ്ഞു. പിന്നീടവൻ മുഖം വൃത്തിയാക്കാൻവേണ്ടി തുടച്ചപ്പോഠം കയ്യിൽ പററിയിരുന്ന ധൂളി മുഴുവനും മുഖത്തുപററി. വൃത്തിയാക്കാൻ ശ്രമിയ്ക്കുന്തോറും,വൃത്തിഹീനനാകുകയാണെന്നു് മനസ്സിലാക്കിയ മംഗൽ അസ്വസ്ഥതയോടെ എഴുന്നേററു. അവൻ മുററത്തു വേപ്പിന്മേലിരുന്നു ശബ്ദിച്ചു കൊണ്ടിരുന്ന പക്ഷികളെ എറിഞ്ഞകററി. കൂടാതെ വിഷം കൊടുത്തു കൊല്ലേണ്ടതായ കുറെ നായ്ക്കളുടെ ആക്രമണത്തിൽ നിന്നു്, രോമംകൊഴിഞ്ഞു്, വൃദ്ധനായ ഒരു നായയെ രക്ഷിയ്ക്കുകയുംചെയ്തു.

അല്പം കഴിഞ്ഞപ്പോഠം അരഡസനിലധികം നായകഠം, പരസ്പരം കടികൂടി ബഹളമുണ്ടാക്കിക്കൊണ്ടാവഴിയേവന്നു. മംഗൽ അവയെ എറിഞ്ഞോടിച്ചതിനുശേഷം ആത്മഗതമായി പറഞ്ഞു. "കോട്ട്ലയിൽ മരിയ്ക്കുന്നവരെല്ലാം 'നായ'യായി ജനിയ്ക്കുകയാണെന്നുതോന്നുന്നു."

അങ്ങകലെയായി നീണ്ടുനിവൎന്നുകിടക്കുന്ന ഹിമവാൻ—ഒന്നു മറെറാന്നിൽ ലയിച്ചുനില്ക്കുന്ന പൎവ്വതശിഖരങ്ങഠംകാണാം. മഞ്ഞണിഞ്ഞ ആ പർവ്വതനിരയ്ക്കു് തെക്കുഭാഗത്താണു് 'സൂസ്സു്' ജനിച്ചതു്. അവിടത്തെ കാമുകീകാമുകന്മാർക്കൊരിയ്ക്കലും സംയോഗത്തിനുള്ള ഭാഗ്യം ലഭിച്ചിട്ടില്ല. കാമുകൻ ഈ ശിഖരത്തിലാണെങ്കിൽ, കാമുകി മറെറാരു ശിഖരത്തിലാണു്—നടുവിൽ പുഴയും.

അവരുടെ വിരഹവേദന, രാവി, ചെനാബ്, ഝലം എന്നീ നദീതീരങ്ങളിൽക്കൂടി വാരിസ്ഷാ, ഖാദിരിയാർ, ഗഞ്ചിബാർ തുടങ്ങിയ പ്രേമഗായകരുടെ ഹൃദയത്തിലെത്തി. അവരതു് ചിത്രണംചെയ്തു. കഴിഞ്ഞുപോയ ഓരോ സംഭവവും മംഗലിന്നോൎമ്മവന്നു. അവൻ നെടുതായൊന്നു നിശ്വ

സിച്ചതിനുശേഷം മിർസാ—സാഹബാൻ എന്ന പ്രണയകഥ യിലെ നായകൻെറ ഭാഷയിൽ പറഞ്ഞു "നിങ്ങറം എൻെറ കുതിരയുടെ മുൻകാലുകറം ബന്ധിച്ചതും, വില്ലിൻെറ ഞാണ റത്തതും വലിയ തെററായിപ്പോയി സാഹബാൻ! അല്ലെങ്കിൽ ഒററ അമ്പുകൊണ്ടു് ഞാൻ നിങ്ങളുടെ ജ്യേഷ്ഠനേയും, ഭാവി വരനേയും, യമപുരിയ്ക്കയയ്ക്കുമായിരുന്നു."

'മിർസാ—സാഹബാൻ' കഥയ്ക്കും മംഗലിൻെറ വ്രണിത ഹൃദയത്തിന്നാശ്വാസം നൽകാൻ കഴിഞ്ഞില്ല. അതിനാലവൻ വാരിസ്ഷായുടെ ഈരടികളുരുവിട്ടു് ഹൃദയത്തിന്നാശ്വാസം നൽകി.

മംഗൽ അകത്തു് കയറി കിടന്നു. പ്രഭാതവും, മദ്ധ്യാഹ്ന വും, സായാഹ്നവും കഴിഞ്ഞു. അവ അഴുക്കു പുരണ്ട ഒരു ഭി ത്തിയായിരുന്നു. ആകാശപ്പുഴയിൽനിന്നു് ചൊരിഞ്ഞ വെള്ള ത്താൽ, സൂര്യൻ കിരണമാകുന്ന ചൂൽകൊണ്ടു് ആ ഭിത്തി ക ഴുകി വൃത്തിയാക്കിയതുപോലെ—അന്തരീക്ഷം നിർമ്മലമായി ത്തീർന്നു.

റാണു ഭക്ഷണം തയ്യാറാക്കി. അവറംതന്നെ ചന്നുവിൻെറ വീട്ടിൽചെന്നു് നെയ്യ് വാങ്ങിക്കൊണ്ടുവന്നു. മംഗലിനുള്ള റൊട്ടികളിൽ പുരട്ടി. ഉത്തമഭാര്യയെപ്പോലെ ഭക്ഷണവുമെ ടുത്തു് റാണു ഭർത്താവിൻെറ മുമ്പിലേയ്ക്കു നടന്നു. എന്നാൽ പെട്ടെന്നു് ഏതോ ചിന്തയാൽ അവറം ഞെട്ടി. അല്പസമയം ചിന്തിച്ചുനിന്നതിനുശേഷം റാണു പുത്രിയോടു പറഞ്ഞു. "ഇ താമോളേ! ഈ റൊട്ടി മുറിയ്ക്കകത്തേക്കു് കൊടുക്കു." "ഞാന ല്ല. നായയാണു് കൊണ്ടുകൊടുക്കുക" എന്നു പറഞ്ഞുകൊ ണ്ടു് ബഡി സ്ഥലംവിട്ടു. ദുഃഖാർത്തയായ റാണു ഭക്ഷണവും കയ്യിലെടുത്തു ചിന്തിച്ചുനില്ക്കുന്നതുകണ്ടു. അവളുടെ ഇളയകുട്ടി ചമ്മു പറഞ്ഞു. "ഞാൻ കൊടുത്തിട്ടുവരാം അമ്മേ! തരൂ!"

റാണു തന്റെ പുത്രന്റെ നേരെനോക്കി. നിഷ്കളങ്കനായ ആ ശിശുവിന് മാത്രമേ അമ്മയുടെ ദുഃഖം മനസ്സിലാക്കാൻ കഴിഞ്ഞുള്ളു. റാണു ഭക്ഷണം കുട്ടിയുടെ കയ്യിൽ കൊടുത്തതിനു ശേഷം ദുപ്പട്ടയുടെ അഗ്രംകൊണ്ട് കണ്ണുതുടച്ചു.

അങ്ങിനെ മാസങ്ങൾ പലതുകഴിഞ്ഞു. മംഗലിനും ഉത്തരവാദിത്വബോധം വൎദ്ധിച്ചു. അവൻ നിത്യേന അഞ്ചും, ആറും രൂപാ സമ്പാദിയ്ക്കാനാരംഭിച്ചു. അല്ലെങ്കിലവനു് റാണുവുമായി ഭാൎയ്യാഭൎത്തൃബന്ധം ഉണ്ടായിരുന്നില്ല. എന്നിരുന്നാലും താൻ സമ്പാദിച്ചുകൊണ്ടുവരുന്ന രൂപ അമ്മയെ ഏല്പിക്കുന്നതിനു പകരം മംഗൽ റാണുവിനെയാണേല്പിച്ചിരുന്നതു്. റാണു അതിൽ സന്തോഷിയ്ക്കുകയും, ചിലപ്പോൾ ദുഃഖിയ്ക്കുകയുംചെയ്തുപോന്നെങ്കിലും എന്തെന്നില്ലാത്ത ഒരനുഭൂതി അവളുടെ ഹൃദയത്തിൽ സ്ഥലംപിടിച്ചു. അയൽപക്കത്തെ സ്ത്രീകളെല്ലാം—ചന്നു, പൂരൺദേയി, വിദ്യാ, സ്വരൂപ് തുടങ്ങിയവർ "എന്തെങ്കിലും നടന്നോ? എവിടംവരെ എത്തി?" എന്നു ചോദിച്ചുകൊണ്ടു് പാവപ്പെട്ട റാണുവിനെ അലട്ടുമ്പോൾ, അവൾ മറുപടി പറയും! ദൈവത്തിനു് സ്തുതി. എനിയ്ക്കു് ആഹാരവും, ഭക്ഷണവും ലഭിയ്ക്കാൻ തുടങ്ങി, എന്റെ കുടുംബം വസിച്ചു. ഇനി എന്നെ ആരുമിവിടെനിന്നടിച്ചു പുറത്താക്കുകയില്ല. എന്റെ മകളെ വില്ക്കുകയും ചെയ്യുകയില്ല."

പക്ഷെ ആ തേനീച്ചകളുണ്ടോ റാണുവിനെ വിടുന്നു? അവർ അവളെ വളയും.

"എന്തു്! രാത്രി മുഴുവനും നിങ്ങൾ വെവ്വേറെ കിടക്കുകയാണോ?"

"അതേ."

"നിങ്ങൾ ഇവിടേയും, അവൻ അവിടെയും?"

"അതേ."

"നിങ്ങളും അവനെ ഉണർത്താൻ ശ്രമിയ്ക്കാറില്ലേ?"

"ഇല്ല."

"എന്തുകൊണ്ട്? നശിച്ചവളേ! നിങ്ങളവനെ വിവാഹംചെയ്തതല്ലേ? പുടവ മാറിയതല്ലേ?"

റാണ വേദന കലർന്നസ്വരത്തിൽ പറയും, "അതുകൊണ്ടെന്താ? എനിയ്ക്കിന്നും അയാൾ ആ പഴയമംഗൽതന്നെയാണ്."

അതുകേട്ടമാത്രയിൽ സ്ത്രീകളൊററ സ്വരത്തിൽ റാണവിനെ ശകാരിച്ചു.

"നിങ്ങളെങ്ങിനെ ഉറങ്ങുന്നു?"

"പണ്ട് ഉറങ്ങിയിരുന്നതുപോലെ"

മംഗലും അങ്ങിനെതന്നെ ഉറങ്ങുകയേയുള്ളു.

"അതേ."

"രാത്രി ഉണരുകയോ, വശംതിരിഞ്ഞു കിടക്കുകയോ ചെയ്യാറില്ലേ?"

അതുകേട്ട് അവരെല്ലാവരും പൊട്ടിച്ചിരിച്ചുകൊണ്ട് പരസ്പരം ആലിംഗനംചെയ്തു. പിന്നീടാ സ്ത്രീകൾ റാണവിനെ ഉപദേശിച്ചു.

"റാണ! കാര്യം നേരെയാക്കാൻ നിങ്ങളെന്തെങ്കിലുംചെയ്യണം. അല്ലെങ്കിൽ കയ്യിൽ കിട്ടിയനിധി നഷ്ടപ്പെടും."

"വേണമെങ്കിൽ ഞാനൊരു ഏലസ് വാങ്ങിത്തരാം" പൂരൺദേയി പറഞ്ഞു.

"കൊള്ളാം." വിദ്യ പിന്താങ്ങി.

"വേണ്ടാ, എനിയ്ക്കു് എലസും, മന്ത്രവുമൊന്നുമാവശ്യമില്ല." റാണ പറഞ്ഞു.

"വേണ്ടെങ്കിൽ അവസാനം കരയേണ്ടിവരും" പൂരൺദേയി ചൊടിച്ചുകൊണ്ടു പറഞ്ഞു.

"നിങ്ങറം കരയാറില്ലല്ലോ അല്ലെ?" വിദ്യ പൂരൺദേയിയോടു് ചോദിച്ചു.

പൂരൺദേയി ലജ്ജയും, ആത്മാഭിമാനവും വിസ്മരിച്ചു് തൻെറ ചെരുപ്പിൻെറനേരെ വിരൽ ചൂണ്ടിക്കൊണ്ടു പറഞ്ഞു. എൻെറ...... അതാണു് കരയുക......., "ഞാൻ എലസ്സല്ലകൊണ്ടുവരിക, എൻെറ ശംഭു ജനിച്ചില്ലെങ്കിൽ നിങ്ങളുടെ ഇളയച്ഛൻ എന്നെ പൊറുപ്പിയ്ക്കുമായിരുന്നോ?"

അതുകേട്ടപ്പോഴെല്ലാവരുടെയും മുഖം വികസിച്ച പരുത്തിപ്പൂ പോലെ വെളുത്തു.

"നിങ്ങറം അതിനുവേണ്ടി ബാബാഹരിദാസിൻെറ ആശ്രമത്തിലെത്രദിവസം താമസിച്ചു?" ചന്നു ചോദിച്ചു.

പൂരൺദേയി ചന്നുവിൻെറ മുടിയ്ക്കു കടന്നുപിടിച്ചു. ചന്നുവിൻെറ "അയ്യോ! അയ്യോ! ഞാൻ മരിച്ചേ" എന്ന അട്ടഹാസത്തോടെ ആ തമാശ അവസാനിച്ചു.

നസീബൻ വാലസ്റ്റാൻറിൽ നവാബ്, ഗുരുദാസ്, ഇസ്മായിൽ തുടങ്ങിയ കുതിരവണ്ടിക്കാർ ചേർന്നു് മംഗലിനെ അലട്ടിക്കൊണ്ടിരുന്നു. "ഇപ്പോഴെങ്ങിനെയുണ്ടു്?" അതോടെ മംഗലിൻെറ മുഖം വിവർണ്ണമാകും. മംഗലുടൻതന്നെ തൻെറ കു

തിരയെ തലോടുകയോ, ജീൻ വൃത്തിയാക്കുകയോ ചെയ്യാൻ തുടങ്ങും അപ്പോറം ഗുരുദാസ് പറയും. "വാസ്തവം പറഞ്ഞാൽ രണ്ടാം വിവാഹക്കാരിയിലാണ് കൂടുതലാനന്ദം. "അതെങ്ങിനെ?'' നവാബോ, ഇസ്മായിലൊ രംഗം ചൂടുപിടിപ്പിയ്ക്കും. "എല്ലാ പരിശീലനങ്ങളും ലഭിച്ചവളായിരിയ്ക്കും, കാര്യങ്ങളൊക്കെ വേണ്ടതുപോലെ മനസ്സിലാകും."

അതുകേട്ടെല്ലാവരും പൊട്ടിച്ചിരിയ്ക്കുമ്പോറം മംഗൽ രൂക്ഷമായി നോക്കിക്കൊണ്ടു പറയും.' "നിങ്ങളെ എല്ലാവരേയും ഞാൻ നേരെയാക്കിക്കൊള്ളാം ഹറാമികളേ!'' തൽസമയമെല്ലാവരും മൗനമവലംബിയ്ക്കുമെങ്കിലും ധീരനും സുശക്തനുമായ ഗുരുദാസ് ചോദിയ്ക്കും.

"അപ്പോറം അമ്മയുടെ സ്ഥാനത്തു് പൂജിയ്ക്കാൻവേണ്ടിയാണോ പുടവകൊടുത്തതു്?''

മംഗൽ കോപത്തോടെ ഗുരുദാസിൻെറ നേരെ നോക്കുമെങ്കിലും മറുപടി പറയുകയില്ല.

ഇസ്മായിൽ കഥപറയാനാരംഭിച്ചു. "ഒരു ദിവസം ഒരു സിഖ്മതക്കാരൻെറ 'ഒരണ' ചളിയിൽവീണു."

"പിന്നെ എന്തുണ്ടായി?" നവാബ് മംഗലിൻെറ നേരെ കണ്ണെറിഞ്ഞുകൊണ്ടു് പറഞ്ഞു. അതോ പിന്നെ അയാറം ഒരു തോർത്തുടുത്തുകൊണ്ടു് ചളിയിലിറങ്ങി. അണതപ്പിയെടുക്കാൻ ശ്രമിച്ചു. കുറെ തപ്പിയിട്ടും അണകിട്ടാതെ വന്നപ്പോറം ആ സിഖ്കാരൻ "അള്ളാഹ! എൻെറ ഒരണ! എൻെറ അള്ളാ! എൻെറ ഒരണ തരുവിയ്ക്കണേ!' എന്നുച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു് ചളി മുഴവനും പരിശോധിയ്ക്കാൻ തുടങ്ങി. തൽസമയം ഒരു മുസ്സൽമാൻ അതിലെ കടന്നുപോയി. അ

ള്ളാഹുവിൻെറ നാമംകേട്ട് അയാം തിരിഞ്ഞുനിന്നു, "നി ങ്ങാം എന്താണ് സർദാർസാഹെബ്! വാഗുരു എന്ന് വി ളിയ്ക്കുന്നതിന് പകരം ഞങ്ങളുടെ അള്ളാഹുവിനെ വിളിയ്ക്കു ന്നതു്?"

"ഹും! ഒരണയ്ക്കുവേണ്ടി ഞങ്ങളുടെ ഗുരുവിനെ ചളിയിൽ ചാടിയ്ക്കുകയോ?" സിക്ക്മതക്കാരൻ പറഞ്ഞു എല്ലാവരും പൊട്ടിച്ചിരിച്ചെങ്കിലും മംഗൽ ഗൗരവംവിടാതെ പറഞ്ഞു. ആ ഹറാമി ഇസ്ലാമിൽനിന്നു് സിക്കമതത്തിലേയ്ക്കു് മതംമാറി യതായിരിക്കും.

അതിന്നിടക്ക് ഏതെങ്കിലും തീൎത്ഥയാത്രക്കാരെ കണ്ടാൽ വണ്ടിക്കാരെല്ലാവരും ഓടിഎത്തും. യാത്രക്കാരിയാണെങ്കിൽ അവരുടെ കയ്യിലുള്ള സാമാനം നവാബിൻെറ ടാങ്കയിലും, ചെരുപ്പ് മംഗലിൻെറ ടാങ്കയിലും അവാം ഗുരുദാസൻെറ ടാങ്കയിലുമായിരിക്കും. ഭാര്യ ഒരു ടാങ്കയിലാണെങ്കിൽ ഭൎത്താവ് മറെറാരു ടാങ്കയിൽ, അവരുടെ കുട്ടി മൂന്നാമതൊരു ടാങ്കയിലായിരിക്കും. അവസാനം വണ്ടിക്കാർ പരസ്പരം കലഹംകൂടി യഥാസ്ഥാനത്തു് തിരിച്ചുവരും.

മംഗലിന്നിപ്പോാം സ്ത്രീകളിൽ വലിയ ഭ്രമമില്ല. യുവതികളെ ആൎത്തിയോടെ നോക്കിനില്ക്കുന്ന സ്വഭാവവും അവനിൽനിന്നു് വിട്ടുമാറി. എന്നിരുന്നാലും മംഗൽ സലാമത്തിയെ വിസ്മരിച്ചില്ല. ഇന്നോളം ഭാൎയ്യയുമായി അടുത്തിട്ടില്ല മംഗൽ, എന്ന വാൎത്ത ഗ്രാമത്തിലെ മററു സ്ത്രീകളിൽനിന്നും സലാമത്തി മനസ്സിലാക്കി. അവാം അണിഞ്ഞൊരുങ്ങി മംഗലിനെ സമീപിക്കുകയും ടാങ്കയിൽ സവാരിചെയ്യാനിംഗിതം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. എന്നിരുന്നാലും അവാംക്കവനോട്ട് വലിയ പകയുണ്ടായിരുന്നു. സലാമത്തി ആ പക വീട്ടാൻതന്നെ തയ്യാറായി. അതിന്നു് ഒരുദിവസം രാത്രി മം

ശലിനെ ക്ഷണിയ്ക്കണം, അവൻ ശരീരത്തിൽ സ്പർശിയ്ക്കാനൊരുങ്ങുമ്പോഠം ബഹളമുണ്ടാക്കി ആളുകളെ വിളിച്ചുകൂട്ടണം. അങ്ങനെ എന്നെന്നേയ്ക്കും ഓർമ്മയുണ്ടാകത്തക്കവിധം മംഗലിനെ അപമാനിയ്ക്കണം. അങ്ങിനെയുള്ള പദ്ധതിയുമായാണ് സലാമത്തി മംഗലിനെ സമീപിച്ചുകൊണ്ടിരുന്നതു്.

അന്നു വൈകുന്നേരം മംഗൽ നസീബൽവാല സ്റ്റാൻറിൽ വെച്ച്, ഭയപ്പെട്ടുകൊണ്ടാണെങ്കിലും മദ്യപിച്ചു. ജേഷ്ഠൻ ജീവിച്ചിരുന്നകാലത്തവൻ കുപ്പിക്കണക്കിനു് മദ്യം കഴിയ്ക്കാറുണ്ടായിരുന്നു. എന്നാൽ ഇന്നു് മംഗലിന്നതിനു് ഭയമാണു്.

റാണുവും, സാധാരണ സ്ത്രീകളെപ്പോലെതന്നെ വിവാഹദിവസം മുതല്ക്കേ ഭർത്താവിൻെറ മുഖം പരിചയപ്പെട്ടുന്നകൂട്ടത്തിൽ പെട്ടവളായിരുന്നു. ഭർത്താവിൻെറ ഓരോ ഭാവചലനവും പെട്ടെന്നവഠംക്കു് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. പക്ഷെ റാണു അതു് വ്യക്തമാക്കിയിരുന്നില്ലെന്നതു് ശരിയാണു്. എന്നിരുന്നാലും ഭർത്താവിന്നു് എന്തപരാധമാണു് ചെയ്തതു് എന്നറിയാൻ റാണുവിന്നു് യാതൊരു പ്രയാസവുമില്ലായിരുന്നു

അതിന്നുമുമ്പും മംഗൽ മൂന്നു നാലു പ്രാവശ്യം മദ്യപിച്ചിട്ടു് വീട്ടിൽ വരികയുണ്ടായി. റാണു അതു് മനസ്സിലാക്കുകയും ചെയ്തു. എന്നിരുന്നാലും അവഠം മൗനമവലംബിച്ചതേയുള്ളു.

ദിവസങ്ങഠം കഴിയുന്തോറും അയൽക്കാരികഠം, റാണുവിനെ കൂടുതൽ, കൂടുതൽ ഉപദ്രവിയ്ക്കുകയും, ശകാരിയ്ക്കുകയും ചെയ്യാൻ തുടങ്ങി. അവർ പറയുന്നതും ഒരു പക്ഷെ ശരിയായിരിയ്ക്കും. റാണു ചിന്തിച്ചു. എൻേറയും കുട്ടികളുടേയും കാര്യത്തിൽ അദ്ദേഹത്തിന്നു് യാതൊരു ചിന്തയുമില്ല. "ഇതെന്തു തമാശയാണു്. ആ വിഷം തന്നെ എൻെറ മുമ്പിൽ വലിച്ചിട

രുതു്'' എന്നു് മംഗൽ താക്കീതു ചെയ്യുന്നതും റാണു കേട്ടിട്ടുണ്ടു്. അവനോടു് മംഗലിനോടെന്തെങ്കിലും പറയാനും കഴിയുന്നില്ല. റാണുവിന്നെന്താണവനിൽ അധികാരമുള്ളതു്?"

ഉണ്ടു്; പഞ്ചായത്തിന്റെ സാന്നിദ്ധ്യത്തിൽ, ഗ്രാമത്തിലെ സ്ത്രീ, പുരുഷന്മാരുടെ മുമ്പിൽവെച്ചു് അദ്ദേഹം എനിയ്ക്കു പുടവതന്നതാണു്. ചിന്തിച്ചാൽ എനിയ്ക്കധികാരമുണ്ടു്, ഇല്ലെന്നുംവരാം. പുടവ എന്താണു്? അഞ്ചുമുഴം തുണി. പിന്നെ വിവാഹത്തിന്റെ ചടങ്ങുതന്നെ എന്താണു്? ശരിയാണെങ്കിൽ എല്ലാം ശരി, അല്ലെങ്കിൽ എല്ലാംതെററു്.

തലോക്കയെ റാണു ഇത്രഭയപ്പെട്ടിരുന്നില്ല. അവസാനം അടികൊള്ളേണ്ടിവന്നാലും വായിൽവന്നതെല്ലാം വിളിച്ചുപറയുമായിരുന്നു. എന്നാൽ മംഗലിനോടൊന്നും പറയാൻ കഴിയാത്തതെന്താണു്? അവൻ വിരൽചൂണ്ടുന്നതുപോകട്ടെ എന്റെ നേരെ നില്ക്കുകപോലും ചെയ്യാറില്ല. എന്നിരുന്നാലും ....... അതിന്റെ ഉദ്ദേശമെന്താണു്? പോകട്ടെ! നല്ലതു് തന്നെ. അടികൊള്ളേണ്ടതില്ലല്ലോ?

അങ്ങിനെ കുറെദിവസം ചിന്തിച്ചതിന്റെ ഫലമായി റാണുവിനു് മനസ്സിലായി, തനിയ്ക്കെന്തുകൊണ്ടാണു് മംഗലിനോടൊന്നും സംസാരിയ്ക്കാൻ കഴിയാത്തതെന്നു്. മററുള്ള സ്ത്രീകൾ സന്ദർഭത്തിനൊത്തു് ഭർത്താക്കന്മാരോടെന്തെങ്കിലുമാവശ്യപ്പെടുന്നു. പകൽ മോതിരം—രാത്രി ആഭരണം—. ഭർത്താക്കന്മാരതു് വാങ്ങികൊടുക്കാൻ നിർബന്ധിതരാകുന്നു.

അന്നു് മംഗൽ വീട്ടിൽ തിരിച്ചെത്തിയപ്പോൾ അല്പം പകലുണ്ടായിരുന്നു. അഷ്ടമിയിലെ പ്രകാശം കുറഞ്ഞ ചന്ദ്രൻ-ഒരുപട്ടം കിക്കർ വൃക്ഷത്തിൽ കുടുങ്ങിക്കിടക്കുന്നതുപോലെകാണപ്പെട്ടു. മംഗൽ വണ്ടിയിൽനിന്നു് കുതിരയെ അഴിച്ചു മാററി

തീററി കൊടുത്തു. ടാങ്ക നിൽക്കുന്ന സ്ഥലത്തിൻെറ വലതു് ഭാഗത്തായിരുന്നു കൃഷി ഫാറം വക കരിമ്പു് വയൽ. പതിനഞ്ചും, പതിനാറും അടി ഉയരമുള്ള കരിമ്പു് ചെടികൾ ഇടതിങ്ങി നില്ക്കുന്നു. ചിലന്തികൾ വലനെയ്തുകൊണ്ടു് ഒരു ചെടിയിൽ നിന്നു് മറെറാന്നിലേയ്ക്കു് ഊഞ്ഞാലിക്കൊണ്ടിരുന്നു. വയിലിൻെറ ഇടതുഭാഗത്തു് നിരത്തുവക്കിലായി ധാരാളം ചെറിയ ചെറിയ വീടുകളുണ്ടു്. അതിൻെറ അങ്ങേഅററത്താണു് മദർസാ. മദർസയുടെ പിന്നിലാണു് ഝെലം രായണിയുടെ വീടു് അവിടെയാണിപ്പോൾ ചന്ദ്രൻ അപ്രത്യക്ഷനാകാൻപോകുന്നതു്.

അന്തരീക്ഷത്തിൽ എന്തിൻേറയോ ഗന്ധം വ്യാപിച്ചിട്ടുണ്ടു്. അതെന്താണെന്നു് മംഗലിന്നറിയാം. കൃഷിക്കാർ ആ കാലഘട്ടത്തിലാണു് കരിമ്പു് ആട്ടി നീരെടുത്തു് ശക്കരയുണ്ടാക്കാറുള്ളതു്. അവർ കുടങ്ങളിൽ കിക്കർ വൃക്ഷത്തിൻെറ, ചതച്ചതോലും ശക്കരയുമിട്ടു് വായ്മൂടികെട്ടി കരിമ്പുവയലിൻെറ മദ്ധ്യത്തിൽ കുഴിച്ചിടുന്നു. കുറച്ചുദിവസം കഴിയുമ്പോൾ ആ കുടങ്ങൾ സ്വയം സംസാരിയ്ക്കാൻ തുടങ്ങും. പിന്നീടവ ലഹരിയുള്ള മദ്യക്കുടങ്ങളായിത്തീൎന്നു അന്തരീക്ഷത്തെ മലീമസമാക്കുന്നു.

ഭദ്രമാസം അശ്വിനത്തിലേയ്ക്കു് കടക്കുകയാണു്. ചൂടും ഉഷ്ണവായുവുമേററു് തപ്തമായ ശരീരത്തിന്നപ്പോഴത്തെ ശീതവായു ദുസ്സഹമായിത്തീരുന്നു. എന്തെന്നില്ലാത്ത ഒരനുഭൂതിയും ആസക്തിയും മനുഷ്യഹൃദയത്തെ അലട്ടുന്ന കാലഘട്ടമാണതു്. പുരുഷന്മാരെ സംബന്ധിച്ചിടത്തോളം പുതയ്ക്കാനുംവയ്യ, പുതപ്പുപേക്ഷിയ്ക്കാനുംവയ്യാത്ത കാലഘട്ടം—സ്ത്രീകൾ പഴയ പുതപ്പുകളും, രസായികളും അലക്കിവൃത്തിയാക്കി തണുപ്പിനോടു് മല്ലിടാൻ തയ്യാറെടുക്കുകയായി. ഇനി അവരെ സംബന്ധ

ച്ചിടത്തോളം ഹിമപാതംപോലും നിസ്സാരമാണ്. എന്നാൽ തണുത്തകാററിൻെറ ആലിംഗനത്തോടെ പുരുഷന്മാരുടെ സിരകൾ ഉണരാനാരംഭിയ്ക്കുന്നു. അവരുടെ, ഫണമുയർത്തുന്ന സിരകളെ തണുപ്പിയ്ക്കാൻ സ്ത്രീകൾക്കു മാത്രമേ സാദ്ധ്യമാകുതാനും.

മംഗൽ സ്വഭവനത്തിലേയ്ക്ക് തിരിയ്ക്കാനാരംഭിയ്ക്കുകയായിരുന്നു. അപ്പോൾ മദർസയുടെ പിന്നിലുള്ള ഭവനത്തിൻെറ മേൽത്തട്ടിൽനിന്ന് ആരോ വിളിച്ചു. "ഏയ് മംഗലാ!" മംഗൽ മുകളിലേയ്ക്കു നോക്കി. സലാമത്തി! നല്ലമനുഷ്യനെപ്പോലും ഭ്രാന്തനാക്കിത്തീർക്കാൻ പോരുന്ന, സലാമത്തിയുടെ ഭാവഭംഗി മംഗലിനെ സ്തബ്ധനാക്കി. അവൾ പറഞ്ഞു. "അവിടെ നിയ്ക്കൂ! എനിയ്ക്കല്പം സംസാരിയ്ക്കാനുണ്ട്."

മംഗൽ ഒരു ശിലാപ്രതിമപോലെ അവിടെത്തന്നെനിന്നു. സലാമത്തി വീട്ടിന്നകത്തേയ്ക്കുള്ള കോണിയിൽക്കൂടി ഇറങ്ങുന്നതിനു പകരം വെളിയിലേയ്ക്കുള്ള കോണിയിൽക്കൂടി ഇറങ്ങിവന്നു.

"എന്താ സലാമത്തി!" മംഗൽ ചോദിച്ചു.

"ഒന്നുമില്ല" അവളുടെ സ്വരത്തിൽ ദുഃഖവും, ആവലാതിയും കലർന്നിരുന്നു.

"ഞാൻ നിങ്ങളുടെ മുമ്പിൽനിന്നു കരയുമെങ്കിലും ഒന്നും പറയുകയില്ല" എന്ന ഭാവത്തിലായിരുന്നു സലാമത്തിയുടെ നില്പ്.

"എന്താണ്? പറയൂ!" മംഗൽ മുന്നോട്ടടുത്തുകൊണ്ടു പറഞ്ഞു.

"ദൂരെ, ദൂരെ!" സലാമത്തി ഭയന്ന് പിന്നോട്ടുമാറി.

സലാമത്തിയുടെ ശരീരത്തിൽനിന്നപ്പോഠം വമിച്ച സുഗന്ധം മംഗലിന്നപരിചിതമായിതോന്നി. അതു് നഗരത്തിലെ സുഗന്ധമാണു്. പ്രേമത്തെ മലീമസമാക്കുന്ന ഗന്ധം—ശീതവായുവേഠവ്, പിടച്ചുകൊണ്ടിരുന്ന, മംഗലിൻെറ സിരകഠം പെട്ടെന്നു് പാമ്പിനെപ്പോലെ ഫണമുയത്തി. അവൻ സലാമത്തിയുടെ സ്വയംരക്ഷയെ വകവയ്ക്കാതെ, ആവേശത്തോടെ ആഞ്ഞടുത്തു.

"നിങ്ങഠംക്കെന്നെ ഭയമാണോ സലാമത്തീ!"

"അതെ! അന്നൊരു ദിവസം........"

"ഓമ്മയുണ്ടു്, പക്ഷെ എന്നും ഒരുപ്പോലെയാണോ സലാമത്തീ?"

മംഗൽ മുന്നോട്ടടുക്കുന്തോറും സലാമത്തി, "അരുതു്, അരുതു്," എന്നു് വിലക്കികൊണ്ടു് ഒഴിഞ്ഞുമാറി ഭിത്തിയോടു് ചേൻനിന്നു. ഇനിയും മംഗൽ മുന്നോട്ടടുക്കുന്നപക്ഷം ബഹളംകൂട്ടാമെന്നവഠം ഉറപ്പിച്ചു.

പക്ഷെ, മംഗൽ നരിക്കുട്ടിയാണു്. സലാമത്തി ചിന്തിച്ചു. അവൻ എൻെറ വായ് അടച്ചുപിടിയ്ക്കുകയോ, മുഖം, രോമം നിറഞ്ഞ തൻെറ മാറിനോടമത്തുകയോ ചെയ്താൽ എൻെറ പദ്ധതികളെല്ലാം നിഷ്ഫലമാകും!

എന്നാൽ ആ നരിക്കുട്ടി സലാമത്തിയെ വളയുകയാണു് ചെയ്തതു്. അവളുടെ ശബ്ദം തൊണ്ടയിൽ തടഞ്ഞുപോയി സലാമത്തി ഭയന്നു് വിറയ്ക്കാൻതുടങ്ങി. ഇനി ഒരടി ദൂരമേയുള്ള. സലാമത്തിയെ സംബന്ധിച്ചിടത്തോളം എല്ലാം അസാദ്ധ്യമായി. ഇരുവരും മുഖത്തോടുമുഖമായിനിന്നു് പരസ്പരം, കണ്ണുകളിലെന്തോ അന്വേഷിയ്ക്കുകയായിരുന്നു. അങ്ങിനെയു

ള്ള സന്ദർഭങ്ങളിൽ സ്ത്രീകളുടെ ബുദ്ധിയേ പ്രവൃത്തിയ്ക്കാറുള്ളൂ. മംഗലുമായുള്ള അകലം സലാമത്തിതന്നെ ഇല്ലാതാക്കി. അവരം മംഗലിന്റെ മാറിൽ തലയണച്ചുകൊണ്ടെല്ലാം സമ്മതമാണെന്ന ഭാവത്തിൽനിന്നു.

മംഗൽ പ്രേമത്തോടെ പറഞ്ഞു.

“എന്താണ് സലാമത്തി?”

“ഒന്നുമില്ല. നിങ്ങളുടെ കലപ്പ എവിടെയാണോ അവിടേയ്ക്ക് എന്റെ ചക്കയുംകൊണ്ടുപോകുക എന്ന് പറയാനായിരുന്നു.” മംഗൽ ആവേശത്തോടെ സലാമത്തിയെ മാറോടണച്ചു.

“അയ്യോ! ഭ്രാന്തോ? ഇത് വല്ലസമയവുമാണോ?” സലാമത്തി ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

“പിന്നെ എപ്പോഴം? എവിടെവെച്ച്?”

കരിമ്പുവയലിലേയ്ക്ക് വിരൽ ചൂണ്ടിക്കൊണ്ട് സലാമത്തി പറഞ്ഞു. “ക്ഷേത്രത്തിൽ മണിമുഴങ്ങുകയും, ‘മുല്ല’ വാങ്കുകൊടുക്കുകയും ചെയ്യുമ്പോഴം!”

മംഗൽ ആദ്യം കാർമേഘാവൃതമായ ആകാശത്തേയ്ക്കും, പിന്നീട് കരിമ്പു വയലിലേയ്ക്കും നോക്കിയതിനുശേഷം പറഞ്ഞു. “അതേ! ഇന്നലെ ഹസാറി അവിടെനിന്നും ചാരായക്കുടം മാററിയിട്ടുണ്ട്. ഒന്നോ രണ്ടോ കുടത്തിന്റെ സ്ഥലം നമുക്ക് ധാരാളമാണ്.”

മംഗൽ കയ്യുഴച്ചു. മാംസപേശികരം തുടിച്ചുകൊണ്ടിരുന്ന, അവന്റെ കരങ്ങരംക്ക് വിശ്രമിയ്ക്കാൻ കഴിഞ്ഞില്ല.

എന്താണി വലയത്തിൽ കുടുങ്ങിയതും, അതിൽനിന്നു് മുക്തമായതും? ആത്മബലം കുറഞ്ഞുപോകുന്നതായി മംഗലിന്നുതോന്നി. ഹാ! രണ്ടുതുള്ളി ചാരായം ഉള്ളിലാക്കിയിരുന്നെങ്കിൽ, അന്നത്തെ നിർഭാഗ്യത്തിൽ പശ്ചാത്തപിച്ചുകൊണ്ടു് മംഗൽ പറഞ്ഞു. "കൊള്ളാം! സലാമത്തി! മറക്കരുതു്!"

സലാമത്തി മംഗലിൻെറ സംശയമകററാൻവേണ്ടി പറഞ്ഞു. "എന്നും ഞാനല്ല മറക്കാറുള്ളതു്."

"ഇല്ല, ഞാൻ മറക്കുകയില്ല" മംഗൽ ഉറപ്പിച്ചു പറഞ്ഞു.

പിന്നീടു് അർദ്ധചന്ദ്രൻെറ വെളിച്ചത്തിൽ, മംഗൽ സലാമത്തിയുടെ ദൃഷ്ടിയിൽനിന്നപ്രത്യക്ഷനായി. പെട്ടെന്നുണ്ടായ വികാരാവേശത്താൽ മംഗലിൻെറ പാദങ്ങൾ പതറുന്നുണ്ടായിരുന്നു. അവൻെറ നടപ്പുകണ്ടാൽ തോന്നും ഒരു മനുഷ്യനല്ല ലാത്തിയാണാപോകുന്നതെന്നു്.

മംഗൽ പോകുന്നതുംനോക്കി സലാമത്തി അവിടെതന്നെ നിന്നു. ഭദ്രമാസത്തിലെ തണുത്തകാററു് അവളുടെ ശരീരത്തേയും തഴുകി. സലാമത്തിയുടെ വികാരാവേശം കാററേററു് മിന്നുകയും മങ്ങുകയും ചെയ്യുന്ന തീക്കനൽപോലെയായിരുന്നു. രാത്രി മംഗൽ വരുമ്പോൾ ബഹളംകൂട്ടി അവനെ അപമാനിയ്ക്കണമെന്ന പദ്ധതിയും അവൾ ഉപേക്ഷിച്ചു.

സലാമത്തി വീട്ടിലേയ്ക്കു പോകുമ്പോൾ വഴിയ്ക്കുവെച്ചു് ജ്യേഷ്ഠത്തി ഇനായത്തിയെ കണ്ടുമുട്ടി. "നിങ്ങൾ എവിടെനിന്നു് വരുന്നു ജ്യേഷ്ഠത്തി!" സലാമത്തി ചോദിച്ചു.

"ഞാൻ സുർമാദായിയുടെ അടുക്കൽനിന്നു് കഷായത്തിനുള്ള മരുന്നുംവാങ്ങി വരികയാണു്."

"കഷായമോ? അതെന്തിനു്?"

"മരിയ്ക്കാൻ" ഇനായത്തി നൈരാശ്യത്തോടെ പറഞ്ഞു.

ജ്യേഷ്ഠത്തി പറഞ്ഞതിൻെറ അർത്ഥം മനസ്സിലാക്കാൻ കഴിയാതെ സലാമത്തി ആശ്ചര്യപ്പെട്ടു.

"സ്ത്രീയായി ജനിച്ചുപോയില്ലേ? എന്തുചെയ്യാം?" ഇനായത്തി ലജ്ജയോടെ മുഖംകുനിച്ചുകൊണ്ടു് പറഞ്ഞു.

"ഹെ! അതുവ്വോ?" സലാമത്തിയ്ക്കു് കാര്യം മനസ്സിലായി. അവരം ചോദിച്ചു. "ഒരു വർഷം കൂടി തികഞ്ഞില്ലല്ലോ?"

"അതുകൊണ്ടല്ലെ മരിയ്ക്കാൻ പോകുന്നതു്?" ഇനായത്തി മരുന്നുപൊതി നെററിയിൽ അടിച്ചുകൊണ്ടു് പറഞ്ഞു. "അല്ല! ജ്യേഷ്ഠത്തി! നിങ്ങളങ്ങിനെ ചെയ്യുന്നതിനു മുമ്പേ മുറാദിനോടന്വേഷിച്ചോ?"

ഇനായത്തി കൈകുടഞ്ഞുകൊണ്ടു് പറഞ്ഞു. "ആവൂ! ആ നശിച്ചവനോടു് ചോദിയ്ക്കാതിരുന്നാൽ ഇപ്പോഠം പതിനൊന്നെണ്ണമായാനേ! ഇതെൻെറ വയറാണോ അതോ മിൽക്കാസിംഗിൻെറ വയലോ?"

സലാമത്തിയുടെ ശരീരം കോരംമയിർക്കൊണ്ടു. ജീവിതത്തെക്കുറിച്ചവരംക്കു് അധികമൊന്നുമറിഞ്ഞുകൂടെങ്കിലും പ്രകൃതിദത്തമായ ഒരു മാതൃഹൃദയം എല്ലാസ്ത്രീകരംക്കുമുണ്ടല്ലോ? ഗർഭധാരണം, പ്രസവം, എന്നെല്ലാമോർക്കുമ്പോരം താനറിയാതെതന്നെ രോമാഞ്ചമുണ്ടായിപ്പോകുന്നതു് ഹൃദയമുള്ള സ്ത്രീകളെസംബന്ധിച്ചിടത്തോളം സ്വാഭാവികമാണു്. സലാമത്തി ചിന്തിച്ചു. "ഇങ്ങനെയെല്ലാം സംഭവിയ്ക്കുമെന്നറിഞ്ഞിട്ടും മനുഷ്യൻ.......?

ഇനായത്തി വീട്ടിനുള്ളിൽ പ്രവേശിയ്ക്കാൻ പോകുകയായിരുന്നു. അപ്പോഠം തൻെറ ഭത്താവായ മുറാദ് അനുജത്തി ഐഷയുമായി ശൃംഗാരത്തിലേർപ്പെട്ടിരിയ്ക്കുന്നതു് കണ്ടു. ഇനായത്തി അതേപടി തിരിച്ചുപോന്നു് സലാമത്തിയുമായി സംഭാഷണത്തിലേർപ്പെട്ടു.

"നീ പിന്നീടു് അവനെകണ്ടോ?"

"ആരെ?" സലാമത്തി ഒന്നുമറിയാത്തമട്ടിൽ ചോദിച്ചു.

"ആ കുതിരവണ്ടിക്കാരൻ—മംഗലിനെ?"

"ഇല്ല."

പിന്നീടു് ഇനായത്തി അകത്തേയ്ക്കുചെന്നു് മുറാദ്, ഐഷ തുടങ്ങിയവരുമായി നാട്ടുവാത്തകഠം സംസാരിയ്ക്കുന്നതിൽ വ്യാപൃതയായി. തൈലം രായണി പച്ചക്കറിയ്ക്കു പകരം, രാവിലെ ഇറച്ചിയിലിട്ടുവേവിയ്ക്കാൻ കടലപ്പരിപ്പു് വാങ്ങാൻപോയിരിയ്ക്കുകയായിരുന്നു.

സലാമത്തി ഏകാന്തയിൽ, മംഗലുമായി താനാദ്യം കണ്ടുമുട്ടിയ രംഗങ്ങളനുസ്മരിച്ചു. അവളുടെ മുഖം ലജ്ജയാൽ വിയത്തു. ഹും! എനിയ്ക്കന്നു് എന്താണു് സംഭവിച്ചതു്? അങ്ങിനെ വല്ലവരും സമ്മതിച്ചുകൊടുക്കുമോ? അവൻ പറഞ്ഞു കുപ്പായമഴിച്ചുമാററു! ഭ്രാന്തു്! പിന്നെ ഞാനെത്ര പാടുപെട്ടാണു് വസ്ത്രം ധരിച്ചതു്! ദൈവമേ! വല്ലവരും കണ്ടുപോയിരുന്നെങ്കിലോ!

അല്പസമയത്തിനുശേഷം സലാമത്തി കോപത്താൽ ജ്വലിയ്ക്കാൻ തുടങ്ങി.

"ഹും! സവാരി കഴിഞ്ഞു ഇനി പൊയ്ക്കൊള്ളു" പിന്നെ ഞാൻ പോന്നു. ഓ! ഇതുവരെ ഇങ്ങിനെ ഒരു സ്ത്രീയും അപമാനിതയായിട്ടുണ്ടായിരിയ്ക്കയില്ല, എൻെറ ജ്യേഷ്ഠത്തി അപമാനമെന്നു് പറയുന്നതു് ഞാൻ അപമാനമായി ഗണിയ്ക്കുന്നില്ല.

സലാമത്തി ഭക്ഷണം വിളമ്പാനായി അടുക്കളയിൽചെന്നു. ഭക്ഷണാനന്തരം അവസരം കൈവന്നപ്പോഴവൾ ജ്യേഷ്ഠത്തി ഇനായത്തിയോടു് കാര്യം തുറന്നുപറഞ്ഞു. മംഗൽ ഇന്നു് കരിമ്പിൻതോട്ടത്തിൽ വരാമെന്നു് വാഗ്ദത്തം ചെയ്തിട്ടുണ്ടെന്നും അവൾ അറിയിച്ചു.

മുറാദ് അല്പസമയംകൊണ്ടു് ഗ്രാമത്തിലെ കുറെ തെമ്മാടികളെ വിളിച്ചുകൂട്ടി. ദാരിദ്ര്യവും കഷ്ടതയുമാണെങ്കിലെന്താ? ഒരു കാഫർ മുസ്ലിംസ്ത്രീയുടെ അഭിമാനത്തിൽ കൈവെയ്ക്കുന്നതൊരിയ്ക്കലും പൊറുപ്പിച്ചുകൂടാ. എല്ലാവരും ലാത്തി, കുന്തം, കത്തി തുടങ്ങിയ ആയുധങ്ങളേന്തി കരിമ്പിൻതോട്ടത്തിലേയ്ക്കു തിരിച്ചു. അവിടെയവർ തീത്ഥാടകയുടെ മരണത്തെക്കുറിച്ചും, തലോക്കയുടെ വധത്തെക്കുറിച്ചും സംസാരിച്ചുകൊണ്ടു് മംഗലിൻെറ വരവും പ്രതീക്ഷിച്ചു് ഇരുപ്പായി.

# VIII

മംഗൽ കുളിയുംകഴിഞ്ഞു് താടിചീകി മിനുക്കുകയായിരുന്നു. സ്റ്റാൻറിൽനിന്നു് തിരിച്ചുപോന്ന മംഗൽ ഇന്നു് ഉത്സാഹഭരിതനായി കാണപ്പെട്ടു. അവനിന്നു റാണുവിൻെറ ഇളയകുട്ടിയായ ചമ്മുവിനെ എടുത്തു് ലാളിച്ചു. ബഡിയുടെ മുടിയ്ക്കുപിടിച്ചു വലിച്ചു. അവൾക്കു് വരനെ അന്വേഷിയ്ക്കുന്നതിനെ സംബന്ധിച്ചു് അമ്മയുമായി സംസാരിച്ചു. അങ്ങിനെ കുടുംബത്തിലെ അന്തരീക്ഷം ആനന്ദമായിത്തീൎന്നു.

മംഗലിനു് ഇന്നു് റാണുവിനോടും സ്നേഹംതോന്നി. വിവാഹം കഴിഞ്ഞിട്ടു് മൂന്നുനാലു വർഷം കഴിഞ്ഞതുപോലുള്ള പെരുമാററമാണിന്നവൻേറതു്. കുട്ടികൾ തൻെറ ആദ്യഭാര്യയുടേതാണു്. അല്ലെങ്കിൽ താൻ മൂത്തസഹോദരനാണു് അനുജൻ മരിച്ചുപോയതിനാൽ ജ്യേഷ്ഠൻ അനുജഭാര്യയെ വിവാഹംചെയ്തു. അല്ലെങ്കിൽ പുടവകൊടുത്തു. അല്ല, ല്ല.! അതു് സാദ്ധ്യമല്ല. ജ്യേഷ്ഠനെ സംബന്ധിച്ചിടത്തോളം അനുജൻെറ ഭാര്യ സ്വന്തം സഹോദരിയ്ക്കു തുല്യമാണു്. അനുജനാണെങ്കിൽ ജ്യേഷ്ഠഭാര്യയെ വിവാഹംചെയ്യാം.

പതിവിന്നു വിപരീതമായി മംഗൽ ഇന്നു് കുളിയും കഴിഞ്ഞു് അണിഞ്ഞൊരുങ്ങി ഇരിയ്ക്കുന്നതു് കണ്ടപ്പോൾ റാണു തെററിദ്ധരിച്ചു. ഈ ഒരുക്കങ്ങളെല്ലാം തനിയ്ക്കുവേണ്ടിയാണെന്നവൾ ധരിച്ചു. ഇന്നത്തെ പകൽ എനിയ്ക്കുള്ളതായിരുന്നു. രാത്രിയും അങ്ങനെതന്നെ. ഇതെല്ലാം റാണുവിൻെറ ദൃഷ്ടിയുടെ കുററമാണെന്നു് മംഗലും ധരിച്ചു. എന്നാൽ കുററം റാണുവിൻെറ കവിൾത്തടം, അധരം, നയനം, തുടങ്ങിയ അവ

യവങ്ങളുടേതായിരുന്നു. അവളിന്നു് ചിറയിൽപോയി കളിച്ചു വന്നു് അക്രോട്ടു് വൃക്ഷത്തിൻെറ തുകലരച്ചു് കവിൾത്തടങ്ങളിലും, അധരത്തിലും; കൈകളിൽ മൈലാഞ്ചിയുമണിഞ്ഞു് ഉടുത്തൊരുങ്ങി ഒരു മേനകയെപ്പോലെ നടന്നിരുന്നു. ഉണക്കകാരയ്ക്കാപോലെ കറുത്തു് ഒട്ടിയ അധരമിന്നു് രസംതുളുമ്പിനില്ക്കുന്ന അക്രോട്ടു് പഴംപോലെ കാണപ്പെട്ടു. മംഗൽ റാണവിൻെറ നേരെ സൂക്ഷിച്ചുനോക്കായതിനുശേഷം ചോദിച്ചു. "നിങ്ങളിന്നു് അങ്ങാടിയിൽപോയിരുന്നോ?"

മംഗൽ തൻെറനേരെ തുറിച്ചുനോക്കുന്നതുകണ്ടു് റാണ ഒരു നവോഢയെപ്പോല ലജ്ജിച്ചുകൊണ്ടു് പറഞ്ഞു. "ഉവ്വ്" പിന്നീടവൾ ജോലിചെയ്യാനെന്നഭാവത്തിൽ മംഗലിൻെറ ദൃഷ്ടിയിൽനിന്നൊളിയ്ക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

റാണ എന്തിനാണങ്ങിനെ ഒളിയ്ക്കുന്നതു്? അവൾ ഒരു നവോഢയെപ്പോലെ പെട്ടെന്നു് തൻെറ സർവ്വസ്വവും അടിയറവെയ്ക്കാനാഗ്രഹിച്ചില്ല. പ്രേമം തുളുമ്പുന്ന നയനങ്ങൾ—രസംതുളുമ്പുന്ന അധരവും, കവിൾത്തടങ്ങളും. അവയ്ക്കുമുപരിയായി മറെറാന്നുംകൂടിയുണ്ടായിരുന്നു. അതിന്നു് സ്ത്രീയുടെ രൂപവും, ആകൃതിയും, സൗന്ദര്യവുമായി യാതൊരു ബന്ധവുമില്ല. സ്ത്രീ അതു് മെല്ലെ, മെല്ലെ, പുറത്തുകൊണ്ടുവരുന്നു. അഷ്ടമിയിലെ ചന്ദ്രൻ തൻെറ പകുതിഭാഗം മറച്ചുവെയ്ക്കുന്നു. പിന്നീടു് നിത്യേന ഓരോ പർദ—ദുപ്പട്ട, കുപ്പായം, ജമ്പർ തുടങ്ങിയ ആവരണങ്ങൾ അകലെ മാററുന്നു. അവസാനമൊരുദിവസം — ഒരു രാത്രി പൗർണ്ണമിയുടെ രൂപത്തിൽ — അബോധാവസ്ഥയിൽ, എന്തിനോ വഴിപ്പെട്ടു തൻെറ സർവ്വസ്വവും കവർച്ചചെയ്യിയ്ക്കുന്നു.

എന്തു്! ഇതു് ജ്യോതിശാസ്ത്രത്തേക്കാളും, ഗണിതശാസ്ത്രത്തേക്കാളും ഗഹനമായ വിഷയമാണോ? ശാസ്ത്രങ്ങൾ ഒന്നു

ഒന്നിൽനിന്നു് വ്യത്യസ്ഥമാണ്. നൂററാണ്ടുകളോളം ആകാശനിരീക്ഷണം നടത്തി നക്ഷത്രങ്ങളുടെ തിളക്കത്തോടൊത്തു ജീവിയ്ക്കുകയും, മങ്ങലോടൊത്തു് മരിയ്ക്കുകയും, അമാവാസ്യയോടൊത്തു് വാടിവീഴുകയും, ശിശിരത്തോടൊത്തു് വികസിയ്ക്കുകയും ചെയ്ത മനുഷ്യൻ, രജനിയുടെ നയനത്തിൽ—കൺപോളകൾക്കടിയിൽ—ഭൂമി, ആകാശം എന്നിവയേക്കാളും വലിയ—വൈദ്യുത പ്രസരമുള്ളതും ചലിയ്ക്കുന്നതുമായ രണ്ടുചെറുഗോളങ്ങളുടെ രഹസ്യം മനസ്സിലാക്കുന്നു. അവനു് അഷ്ടമിയിലെ ചന്ദ്രന്റെ രഹസ്യവും മനസ്സിലാകും.

മംഗൽ — കുതിരവണ്ടിക്കാരൻ—പിന്നീടു് സലാമത്തിയുടെ ചിന്തയിലുന്മത്തൻ—അവനെങ്ങിനെ സ്വന്തം ഗൃഹത്തിൽ ഉദിച്ചുയന്ന അഷ്ടമിയിലെ ചന്ദ്രന്റെ രഹസ്യം മനസ്സിലാക്കാൻ കഴിയും? മംഗൽ ഒരിയ്ക്കലും ആകാശം നിരീക്ഷിച്ചിട്ടില്ല. താനൊരു താരമാണെന്നുപോലുമവനറിഞ്ഞുകൂടാ സൂര്യൻ ആരേയും തന്റെ നേരെനോക്കാൻ അനുവദിയ്ക്കുകയില്ല. നോക്കുന്നവന്റെ കണ്ണു് താനെമങ്ങും. സൂര്യൻ നിത്യേന ഉദിയ്ക്കുകയും, അസ്തമിക്കുകയുംചെയ്യുന്നു. നിശ്ചിത വലയത്തിൽ നില്ക്കുന്ന സപ്തതാരകളതു് നോക്കിനില്ക്കുന്നു. നിഷ്പ്രഭമായ ചന്ദ്രൻ ക്രമേണ ചക്രവാളത്തിൽ മറയുന്നു. പക്ഷെ സൂര്യനതൊന്നുമറിയുന്നില്ല. എന്നാൽ ഇന്നു് അറിഞ്ഞുകൂടാത്ത മംഗലിനു് ചില അറിവുകൾ നൽകാൻ റാണ ആഗ്രഹിയ്ക്കുന്നു. അവൾ തന്റേയും, മംഗലിന്റേയും മദ്ധ്യത്തിൽ വിലങ്ങുതടിയായിനില്ക്കുന്ന പർദ അകററാനാഗ്രഹിച്ചു. "പർദ, കാണുന്നവരെ അന്ധരാക്കുന്നു, അല്ലയോ വധു! നീയതു് മുഖത്തു്നിന്നു് മാററൂ! മുത്തുകൾ ഒളിച്ചുവെയ്ക്കുകയോ പൂക്കളെതീയിലെരിയ്ക്കുകയോ ചെയ്യാറില്ല." വാരിസ് ഷാ പറഞ്ഞിട്ടുള്ളതാണു്. ഇന്നു് റാണ ആ പർദയകററുവാൻ തയ്യാറെടുത്തിരിയ്ക്കു

കയായിരുന്നു. അതു് മാററാതെ ഈശ്വരനെപ്പോലും ലഭി യ്ക്കുകയില്ല.

മംഗൽ റാണുവിനിന്നു് എന്തോ കൈക്കൂലികൊടുക്കാനാ ഗ്രഹിച്ചു. അവൻ പോക്കററിൽനിന്നു് കുറെ ഹെയർ പി ന്നെടുത്തു് അവൾക്കു് കൊടുത്തു. അങ്ങാടിയിൽനിന്നു് തിരി ച്ചുപോരുമ്പോൾ വാങ്ങിയതാണു് അവ റാണു ഞെട്ടി. അ വളറിയാതെ നെടുവീർപ്പുകൾ പുറത്തുവന്നു. സ്ത്രീയിൽ ആവേ ശത്തിന്റെ തള്ളൽ—എന്നാൽ മംഗൽ അങ്ങകലെ എന്തോ ശ്രദ്ധിയ്ക്കുകയായിരുന്നു. പിന്നീടവൻ കീശയിൽനിന്നു് രൂപ എടുത്തു് റാണുവിന്റെ കയ്യിൽകൊടുത്തു അവളുടെ നയന ങ്ങൾ അശ്രുപൂർണ്ണമായി. എങ്കിലും റാണു ആശ്ചര്യത്തോടെ ചോദിച്ചു.

"എട്ടു രൂപാ........ എങ്ങിനെ കിട്ടി?"

"ഇന്നു് പെഷാവറിലേയ്ക്കു് യാത്രക്കാരെ കിട്ടി."

"അപ്പോൾ—?"

"അപ്പോഴെന്താ? ഭക്ഷണത്തിനുള്ളതെല്ലാം വാങ്ങുക." പിന്നീടു് മംഗൽ വൈവാഹികജീവിതത്തിലാദ്യമായി ഭാര്യ യുടെ നേരെ അർത്ഥഗർഭമായൊന്നു നോക്കിക്കൊണ്ടു പറഞ്ഞു. "നമ്മുടെ ചിലവും വർദ്ധിച്ചില്ലെ?"

റാണു തന്റെ പുതിയ വൈവാഹികജീവിതത്തിലാദ്യ മായി ഒരു ഭാര്യയെപ്പോലെ ലജ്ജിച്ചു. മൈലാഞ്ചിയും, കൺമഷിയും, രസംനിറഞ്ഞ അധരവും ലജ്ജയാകുന്ന പർ ദയിൽ ഒളിപ്പിച്ചു. റാണു മംഗലിനോടടുക്കുന്നതിനു് പകരം അകലുകയും, അകലുന്നതിനു് പകരം അടുക്കുകയും ചെയ്തിരു

ന്നു. അവരം ചിന്തിച്ചു. ഇപ്പോരം വേണ്ട ക്ഷേത്രത്തിൽ മണിമുഴങ്ങുകയും, പള്ളിയിൽ 'മുല്ല'വാങ്കു കൊടുക്കുകയുംചെയ്യില്ല............

"ഭക്ഷണം വിളമ്പൂ!" മംഗൽ പറഞ്ഞു.

"ഇത്ര വേഗമോ?" റാണു ചോദിച്ചു.

"ഇപ്പോഴെന്താ?"

റാണു അല്പം പരിഭ്രമിച്ചു. ആ ചോദ്യത്തിനു് മറുപടി പറയാനവരംക്കു് കഴിഞ്ഞില്ല. എന്നാൽ മംഗൽ റാണുവിനെ ആശയക്കുഴപ്പത്തിൽനിന്നു് രക്ഷിച്ചു.

"വല്ലപലഹാരവും തയ്യാറാക്കിട്ടുണ്ടോ?"

"ഉണ്ടു്. കടല പരിപ്പു്, പൊതിനചട്ടു്ണി, എരുവുള്ള മസലയിട്ടതു്."

ഓ! വലിയ തെററായിപ്പോയി. മംഗലിനെന്തോ ഓർമ്മ വന്നു. അവൻ എഴുന്നേററു. മംഗലിൻെറ നാസാഗ്രം വികസിയ്ക്കുവാൻ തുടങ്ങി. മുടി തലപ്പാവിൽനിന്നു് സ്വയം പുറത്തുചാടി. മുടിയിലല്ലെങ്കിലും, അവൻെറ ഹൃദയത്തിൽ അന്നത്തെ ഹൃദയഹാരിയായരംഗം പൊന്തിവന്നു. മംഗൽ ക്ഷോഭത്തോടെ പറഞ്ഞു. "എന്താണെങ്കിലും വേഗംവിളമ്പൂ, അല്ലെങ്കിൽ ഞാനിതാപോകുന്നു."

റാണു നിയന്ത്രിച്ചു്, നിയന്ത്രിച്ചു് കാര്യം അനിയന്ത്രിതമായി. അവരം ചിന്തിച്ചതും തയ്യാറാക്കിയതും മറെറന്തോ ആയിരുന്നു. അത്ര തിടുക്കംകൂട്ടേണ്ട കാര്യമില്ലല്ലോ! തിരിച്ചെത്തുമ്പോഴയ്ക്കും കുട്ടികരം ഉറങ്ങിക്കഴിയും, ശ്വശ്രുരൻ ചുമയട

ക്കി ഗാഢനിദ്രയിലാണ്ടുകാണും. ശ്വാസതടസമാണെങ്കിൽ കൂക്ക് വലിച്ചുറങ്ങുകയുമായിരിയ്ക്കും. അല്ലെങ്കിൽ ശ്വാസംപോലും നിയന്ത്രിയ്ക്കേണ്ടിവരും........."

"എന്റെ കുപ്പായമെവിടെ? '

മംഗൽ പെട്ടെന്ന് ചോദിച്ചു. റാണുവിന്ന് കാര്യം മനസ്സിലായി, "എവിടെപ്പോകാനാണ്? കാർമേഘം ഗർജ്ജിക്കുന്നത് കേൾക്കുന്നില്ലേ?"

"ആകട്ടെ! നിങ്ങൾ ആരാണെന്നെ തടയാൻ?"

റാണു വേദനനിറഞ്ഞ സ്വരത്തിൽ പറഞ്ഞു. "ആരുമല്ല, അറിയാതെ ചോദിച്ചുപോയതാണ്."

റാണു തലോക്കയെ എതിർത്തിരുന്നതുപോലെ മംഗലിനേയുമെതിർത്തെങ്കിൽ കാര്യംകുഴപ്പത്തിലാകുമായിരുന്നു. റാണുവിന്ന് തന്റെ മുഷിഞ്ഞ പുടവയുടെ ബന്ധം ഓർമ്മയുണ്ട്. റാണുവിന്റെ ശോകമൂകമായ മറുപടികേട്ട് മംഗലിന്റെ കോപം ശമിച്ചു. അവൻ വിഷയം മാററാൻവേണ്ടി തുടർന്നു, "ഞാൻ വേശ്യാലയത്തിൽ പോകുകയാണ്."

സാധാരണ എല്ലാഭർത്താക്കന്മാരും യഥാർത്ഥത്തിൽ വേശ്യാലയങ്ങളിൽ പോകുമ്പോൾ തങ്ങളുടെ ഭാര്യമാരോടുപയോഗിയ്ക്കാറുള്ള വാചകമാണിത് തന്റെ ഭർത്താവൊരിയ്ക്കലും അത്തരം ഹീനപ്രവൃത്തി ചെയ്യുകയില്ലെന്ന് ഭാര്യ ധരിക്കും. അല്ലെങ്കിലദ്ദേഹമങ്ങിനെ തുറന്നു പറയുമോ?

പക്ഷെ സ്വജീവിതത്തിലെ തിക്താനുഭവങ്ങൾ റാണുവിനെ മററുള്ള സ്ത്രീകളിൽനിന്ന് വ്യത്യസ്ഥമായ അറിവും, ബുദ്ധിയുമുള്ളവളാക്കിത്തീർത്തിരുന്നു. പെട്ടെന്നവൾ ഒരു ദേവിയിൽ

നിന്നു്, രക്തവും, മാംസവുമുള്ള സ്ത്രീയായിമാറി. അല്ലാതെ ന്തുചെയ്യും? സാഹചര്യങ്ങളുടെ സമ്മർദ്ദം മനുഷ്യനെ സന്ദർഭത്തിനൊത്തുയരാൻ പഠിപ്പിയ്ക്കുന്നു. അല്ലെങ്കിൽ മനുഷ്യനു് ദൈവം ഇത്രയധികം ഞരമ്പുകളെന്തിനു് നൽകി?

കുപ്പായത്തിൻെറ ആവശ്യം റാണുവിൻെറ സംശയം യഥാർത്ഥമാക്കിമാററി. അവളും ഏററമുട്ടാനൊരുങ്ങി. മുഖത്തെ ഗാംഭീര്യം ഉപ്പൂട്ടയുടെ മറകാരണം മംഗലിനു് കാണാൻ കഴിഞ്ഞില്ല. ഒരു ഭാര്യ തൻെറ അവകാശസംരക്ഷണത്തിനായി ഒരു വേശ്യയുടെ നിലവാരത്തിലേക്കിറങ്ങി. റാണുവിൻെറ കൺമുമ്പിൽ സലാമത്തിയുടെ, യുവത്വം തുളുമ്പുന്ന മാംസപേശികറം ചലിയ്ക്കുന്നതായികണ്ടു. ആ ശരീരത്തിനു് മൈലാഞ്ചിയുടെയും, മററു ശൃംഗാരവസ്തുക്കളുടേയും, ആവശ്യമില്ലായിരുന്നു. അവയെല്ലാം മംഗലിനെപ്പോലുള്ള പാഷാണഹൃദയനു് അർത്ഥശൂന്യമാണു്. അവൻ ഒരു പാറക്കെട്ടായിരുന്നു. ഉരുക്കിടനാട്ടു് ഏററമുട്ടാൻ തയ്യാറുള്ള ഒരു ഉരുക്കു്കൂടം—റാണുവിനതെല്ലാമറിയാമായിരുന്നു. അതിനാലവറം അതിനെല്ലാം തയ്യാറായിരുന്നു.

റാണു അകത്തിരുന്ന ട്രങ്കിനുനേരെ ആഗ്യംകാണിച്ചുകൊണ്ടു് ഈർഷ്യയോടെ പറഞ്ഞു. "അതിലുണ്ടു് കുപ്പായം"

അപ്പോറം വെളിയിൽനിന്നു് വിദ്യയുടെ ശബ്ദം കേട്ടു "റാണു!"

അതു് കേട്ടു് റാണു വാതുക്കൽ ഓടിഎത്തി. വിദ്യ എന്തോ പറയുവാൻ തുടങ്ങുകയായിരുന്നു. അതിനു മുമ്പു് റാണു അവളെ തടഞ്ഞുകൊണ്ടു പറഞ്ഞു. "വിദ്യേ! നിങ്ങറം ദയവുചെയ്തു് ഇവിടെനിന്നു് പോകു."

വിദ്യ ശാഠ്യത്തോടെ ചോദിച്ചു "എന്തിനു്?"

റാണു ക്രൂപ്പുകയ്യോടെ വീണ്ടുമപേക്ഷിച്ചു. "ഇപ്പോഠം നിങ്ങഠം പോകൂ."

ആശ്ചര്യത്തോടെ വീണ്ടും, വീണ്ടും, തിരിഞ്ഞുനോക്കിക്കൊണ്ടു് വിദ്യ സ്ഥലംവിട്ടു.

റാണു മുറിയിൽ തിരിച്ചെത്തിയപ്പോഴേയ്ക്കും മംഗൽ ട്രങ്കു് തുറന്നുകഴിഞ്ഞിരുന്നു. അവൻ അതിലിരുന്ന തുണികഠം പുറത്തു് വിതറിയിട്ടിരുന്നു. മംഗലിൻെറ കയ്യിൽ ഒരു ചാരായ കുപ്പിയുമുണ്ടായിരുന്നു.

"ഇതെവിടെനിന്നു് വന്നു?" മംഗൽ റാണുവിനോടു് ചോദിച്ചു.

"എന്തു്?"

മംഗൽ കുപ്പികൊണ്ടമ്മാനമാടി, വീണ്ടും പറഞ്ഞു. "ചാരായം."

റാണു പരിഭ്രമത്തോടെ പുറവും നോക്കിയതിനുശേഷം പറഞ്ഞു.

"എനിയ്ക്കെങ്ങിനെയറിയാം?"

പിന്നീടു് റാണുവിനു് വളരെയൊന്നുംതന്നെത്താനൊളിപ്പിയ്ക്കേണ്ട ആവശ്യം നേരിട്ടില്ല. ഡബ്ബൂ കരയ്ക്കാനാരംഭിച്ചു. റാണു ഉടൻതന്നെ മുറിയിൽനിന്നെത്തിനോക്കിക്കൊണ്ടു് നായയെ ആട്ടിഅകററി. "ഛീ! പോ! ശവമേ! ഇവിടെ എന്താണു് വെച്ചിരിയ്ക്കുന്നതു് കരയാൻ? ഇറച്ചിയും, എല്ലും തരുന്നവൻെറ വീട്ടിൽചെന്നു് കരയൂ!"

പിന്നീടവഠം മംഗലിനോടു് പറഞ്ഞു. "നിങ്ങളുടെ ജ്യേഷ്ഠൻ കുടിയ്ക്കുമായിരുന്നില്ലേ?"

“ഉവ്വ്! പക്ഷെ ഇത്രയുംകാലം കഴിഞ്ഞിട്ടും... ...? “പെട്ടിയിൽ കിടന്നതായിരിയ്ക്കാം, ഞാനതു് ഇതുവരെ തുറന്നുനോക്കീട്ടുപോലുമില്ല” മംഗൽ കുപ്പി കയ്യിലെടുത്തു് വിശ്വസിയ്ക്കാൻ കഴിയാത്തപോലെ തിരിച്ചും, മറിച്ചുംനോക്കി. അതേ മദ്യം—ഇന്നവന്നു് ഏററവും അത്യാവശ്യമായിരുന്ന അതേ സാധനംതന്നെ. പത്തു കുതിരയുടെ ശക്തിയും പുലിയെപ്പോലെ ചങ്കൂററവും ലഭിയ്ക്കാനിതാണാവശ്യം. ദൃഢഗാത്രയായ സലാമത്തിയുടെ രൂപം മംഗലിൻെറ മനോമണ്ഡലത്തിൽ പൊന്തിവന്നു. മംഗൽ പുറത്തേയ്ക്കുവന്നു് ആകാശത്തേയ്ക്കു് നോക്കി. കാർമേഘാവൃതമായ ആകാശം ചന്ദ്രനെ തൻെറ പുതപ്പിൽ ഒളിപ്പിച്ചു. തീർച്ചയായും എവിടെയെങ്കിലും ഉഷ്ണം വർദ്ധിച്ചിട്ടുണ്ടായിരിയ്ക്കും. ഭദ്രമാസാവസാനത്തിൽ കോട്ട്ല ഗ്രാമത്തിൽ വ്യാപിച്ച ധൂളിപടലം ആകാശത്തേയ്ക്കുയരുന്നുണ്ടാകും. രാവും പകലും തുല്യമാകാൻപോകുകയാകാം. കാർമേഘാവരണത്തിൽനിന്നു് എത്തിനോക്കുന്ന താരകളെനോക്കി മംഗൽ സമയം നിശ്ചയിച്ചു. ഇപ്പോഠം രാത്രിയുടെ ആദ്യയാമം ആരംഭിച്ചതേയുള്ളു. മംഗൽ തിരിച്ചുവന്നു. അതോടെയവൻ ആദ്യത്തെ മംഗലല്ലാതായിതീന്നു. അവൻെറ നയനങ്ങളിൽ രൗദ്രത വ്യാപിച്ചു.

“ഞാൻ ചിലപ്പോഠം........അവിടെ.... ...നസീബൻവാലസ്റ്റാൻറിൽവെച്ച് കുടിയ്ക്കാറുണ്ടു്.” ആഗ്യം കാണിച്ചുകൊണ്ടു് മംഗൽ പറഞ്ഞു. “എനിയ്ക്കറിയാം” റാണു വ്യക്തമാക്കി. മംഗൽ യാതൊരുഭാവഭേദവും പ്രകടിപ്പിയ്ക്കാതെ കുപ്പിയുടെനേരെനോക്കി. അതിനാലവന്നു്, റാണുവിൻെറ മുഖത്തു പ്രത്യക്ഷപ്പെട്ട വികാരാവേശം ശ്രദ്ധിയ്ക്കാൻ കഴിഞ്ഞില്ല.

“ഞാൻ നിങ്ങളുടെ മുമ്പിൽവെച്ച് കുടിയ്ക്കുകയില്ല.”

റാണു ജാഗരൂകയായി.

"എന്തുകൊണ്ട്?"

"നിങ്ങൾക്കതിൽ വെറുപ്പല്ലെ?"

ഇല്ല, ഞാനെന്തിന് വെറുക്കണം? എനിയ്ക്കെന്താണതി നധികാരമുള്ളത് എന്ന് ചോദിയ്ക്കാൻ ഭാവിയ്ക്കുകയായിരുന്നു. എന്നാൽ അജ്ഞാതമായ ഏതോ പ്രേരണ റാണുവിനെ തടഞ്ഞു. പ്രേയസിയെപ്പോലെ നയനങ്ങൾ വികസിച്ചുകൊണ്ട് റാണു പറഞ്ഞു. "അതേ! നിങ്ങൾക്കറിയാമല്ലൊ? ഞാനതു് വിഷത്തിനു തുല്യമായികരുതുന്നു."

പിന്നീട് റാണു അനുമാനിയ്ക്കുകയും, ആഗ്രഹിയ്ക്കുകയും ചെയ്തതുപോലെതന്നെ മംഗൽ അനിയന്ത്രിതനായി, കുപ്പിയുടെ കോക്ക് തുറന്നതിനുശേഷം പറഞ്ഞു. "നിങ്ങൾ ഭാര്യമാർ, ഭർത്താക്കന്മാരെതിന്നാനും കുടിയ്ക്കാനും അനുവദിയ്ക്കുകയില്ല"

റാണുവിനു് സന്തോഷമായി, നാവുകൊണ്ടെങ്കിലും, ഭാര്യാഭർതൃബന്ധം സ്വീകരിച്ചല്ലൊ? പിന്നീടവൾ കോപംനടിച്ചുകൊണ്ടു പറഞ്ഞു.

"കുടിയ്ക്കാൻ ഞാൻ സമ്മതിയ്ക്കുകയില്ല."

മംഗൽ കുപ്പിയുടെ കോർക്കെടുത്തതോടെ മുറിയിൽ മദ്യത്തിന്റെ ദുർഗന്ധം വ്യാപിച്ചു. റാണു ദുപ്പട്ടയുടെ അഗ്രം കൊണ്ടു് മൂക്കുപൊത്തിയതിനുശേഷം ഒരു കൈകൊണ്ടു് മംഗലിന്റെ കയ്യിൽനിന്നു് കുപ്പി പിടിച്ചുവാങ്ങാൻ ശ്രമിച്ചു. മംഗൽ റാണുവിന്റെ കൈതട്ടിമാററിക്കൊണ്ടുപറഞ്ഞു. "ഞാൻ കുടിയ്ക്കും, തീർച്ചയായും കുടിയ്ക്കും. "നിങ്ങൾ സ്വന്തം ജ്യേഷ്ഠനെ മദ്യപാനത്തിൽനിന്നു തടയുകയും കുപ്പി എറിഞ്ഞുടയ്ക്കുകയും ചെയ്തതാണല്ലൊ?"

"അതു്—നിങ്ങളെ രക്ഷിയ്ക്കാൻവേണ്ടിയായിരുന്നു." മംഗൽ പറഞ്ഞു.

പിന്നീടു് റാണുവിൻെറ പ്രതീക്ഷപോലെതന്നെ മംഗൽ അവളുടെ പിടിവിടുവിയ്ക്കാൻവേണ്ടി കൈയ്ക്കു് പിടിച്ചുവലിച്ചു. തൽസമയം 'ബഡി' അവിടെവന്നു. ഇളയച്ഛനേയും, അമ്മയേയും ഒരുമിച്ചുകണ്ടതിലവരാഞ്ഞെട്ടി. മേഘഗജ്ജനം കേട്ടു് റാണു പുറത്തേയ്ക്കു നോക്കിയപ്പോരം 'ബഡി'യെ കണ്ടു. "നീപോയി കുട്ടികാംക്കു ഭക്ഷണംകൊടുത്തു് അവരെ ഉറക്കു! ഇപ്പോരം മഴപെയ്യും" ബഡി സ്ഥലംവിട്ടതോടെ റാണു അകത്തുനിന്നു് വാതിലടച്ചു. രാവിലെ മുതൽ അമ്മയുടെ തയ്യാറെടുപ്പു്കണ്ട 'ബഡി'യ്ക്കു് കാര്യം മനസ്സിലായി.

റാണു കുപ്പിപിടിച്ചുവാങ്ങാൻവേണ്ടി മംഗലിനോടു മല്ലിട്ടു. അവൻെറ സുശക്തകരം റാണുവിൻെറ ശരീരത്തിൻെറ പല ഭാഗങ്ങളിലും സ്പർശിച്ചു. റാണു ഇടയ്ക്കിടക്കു് ഒഴിഞ്ഞുമാറാൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷെ പുടവയുടെ നാമമാത്രബന്ധം നിലവിലുണ്ടല്ലോ? റാണുവിൻെറ ദേഹംവേദനിയ്ക്കാൻ തുടങ്ങി. മൽപിടുത്തത്തിന്നിടയിൽ ചാരായം വായിലാക്കിക്കൊണ്ടു് മംഗൽ പറഞ്ഞു. "ഞാൻ ജ്യേഷ്ഠനെപ്പോലെ ശിഖണ്ഡിയല്ല; ഭാര്യയുടെ മുമ്പിൽ അടിയറവെയ്ക്കാൻ."

മംഗൽ കുപ്പിയിലെ മുക്കാൽഭാഗം ചാരായവും ഉള്ളിലാക്കി. വീണ്ടും പിടികൂടിയപ്പോരം അവൻ റാണുവിനെ തറയിൽവീഴ്ത്തി റാണു എഴുന്നേല്ക്കാൻ ശ്രമിക്കുന്തോറും മംഗൽ അവളെ തറയോടു് ചേർത്തു് അമർത്തി. ശ്വാസം മുട്ടിയതോടെ റാണുവിൻെറ അവയവങ്ങരം ശക്തിയുരംക്കൊണ്ടു. പിടച്ചെഴുന്നേററപ്പോരം മംഗൽ അവളെ ഭിത്തിയോടുചേർത്തു അടിച്ചു.

റാണുവിൻെറ തലയിൽനിന്നു് രക്തം ചിന്തി. കാലുകഠംക്കു് ശരീരഭാരം താങ്ങാൻ കഴിയാതെവന്നു. അവഠം തറയിൽവീണു— വായു് തുറന്നു കണ്ണുകളടഞ്ഞു.

റാണുവിൻെറ നിശ്ശബ്ദസമരത്തിൻെറ ശബ്ദം ശ്വശ്രുവിൻെറ ചെവിയിൽ പതിഞ്ഞു. ജന്ദാൻ വിളിച്ചുചോദിച്ചു. "എന്താ മോളേ!"

"ഒന്നുമില്ലമ്മേ! പൂച്ചയാണു്." അദ്ധപ്രജ്ഞയായി കിടക്കുന്ന റാണു മറുപടി പറഞ്ഞു. അവളുടെ അവയവങ്ങഠം തളന്നു. കിടന്നിടത്തുനിന്നനങ്ങാൻപോലും ശക്തിയില്ലാതായി. ഇതുവരെ നടന്ന സംഭവങ്ങളിൽനിന്നു അവരിൽ ആരാണു് മദ്യപിച്ചതു? ആക്കാണു് ലഹരിബാധിച്ചതു് എന്നു തിരിച്ചറിയാൻ പ്രയാസമായിരുന്നു.

മംഗൽ ആശ്ചര്യസ്തബ്ധനായി നോക്കിനിന്നു. അത്ഭുതസ്ത്രീ! ഇത്രയേറെ മദ്ദനങ്ങളേററിട്ടും പറയുന്നു ഒന്നുമില്ല, പൂച്ചയാണു് എന്നു്. മംഗലിൻെറ ഹൃദയമലിഞ്ഞു. അവനുടൻ തന്നെ തലപ്പാവു് കീറി റാണുവിൻെറ ശരീരത്തിലെ പരുക്കുകഠം തുടച്ചു. പിന്നീടു് തുണി ചുരുട്ടി ഊതി ചൂടാക്കി കിഴിപിടിച്ചു അന്നൊരുദിവസം രാത്രി റാണു പരിചരിച്ചതുപോലെതന്നെ. റാണുവിനാനന്ദവും, ആശ്വാസവും തോന്നി. മംഗലിനു് കരച്ചിൽ വരുന്നുണ്ടായിരുന്നു. അവൻ റാണുവിൻെറ കാല്ക്കൽവീണു് ക്ഷമയാചിച്ചു. റാണു അവനെ തൻെറ അടുത്തിരുത്തി മുതുകിൽ തലോടാൻ തുടങ്ങി. അടി തനിയ്ക്കല്ല; കൊണ്ടതു് മുഴുവൻ മംഗലിനാണു് എന്ന മട്ടിൽ—"എന്നോടു ക്ഷമിയ്ക്കണം" മംഗൽ വീണ്ടും മാപ്പിരന്നു.

"ഇനി ഒരിയ്ക്കലും മദ്യപിക്കുകയില്ലെന്നു് പ്രതിജ്ഞചെയ്യാമോ?" റാണു മംഗലിനെ തൻെറ ശരീരത്തോടണച്ചുകൊ

ണ്ടു പറഞ്ഞു. പിന്നീടവരം അപകടത്തിൽനിന്നൊഴിഞ്ഞുമാറുന്നതുപോലെ, അകന്നതിനുശേഷം തുടന്നു. "അങ്ങിനെചെയ്താൽ ഇന്ന് ഞാനെന്റെ കൈകൊണ്ടു് ചാരായം പകന്നു തരാം."

മംഗൽ പ്രതിജ്ഞചെയ്തു. പിന്നീടവൻ താനെന്തിനെകുറിച്ചാണ് പ്രതിജ്ഞ ചെയ്തതു് എന്നു് ചിന്തിയ്ക്കാൻ തുടങ്ങി.

റാണു എഴുന്നേററു് പുറത്തേക്കു് പോയി. മംഗൽ, അവിടെ പാത്രങ്ങളിൽ മഴത്തുള്ളി വീഴുമ്പോഴുണ്ടാകുന്ന ജലതരംഗം ശ്രദ്ധിച്ചുകൊണ്ടിരുന്നു. 'ബഡി' കുട്ടികളെ വരാന്തയിൽ, ഉറക്കികിടത്തിയിട്ടുണ്ടായിരുന്നു. മനുഷ്യനും, പ്രകൃതിയും തമ്മിൽ നടത്തുന്ന ഈ ഗൂഢതന്ത്രത്തിലവരും പങ്കെടുക്കുന്നതു പോലെ—. അടുപ്പിൽ വെള്ളം വീഴാതിരിയ്ക്കാൻവേണ്ടി റാണു അതു് മുഖംകൊണ്ടുമൂടി.

കിണ്ണത്തിൽ, ഒരുഭാഗത്തു് റൊട്ടിയും; ഉള്ളി അരിഞ്ഞതും, മറുഭാഗത്തു് ഇറച്ചി പൊരിച്ചതുമായി റാണു തിരിച്ചുവന്നു. മംഗൽ ആശ്ചര്യത്തോടെ ആദ്യം റാണുവിനേയും, പിന്നീടു് കിണ്ണത്തിലുള്ള വിഭവങ്ങളേയും സൂക്ഷിച്ചുനോക്കി. അവന്റെ വായിൽ വെള്ളമൂറി. റാണു ഗ്ലാസ്സിൽ ചാരായം പകന്നു് മംഗലിന്റെ നേരെനീട്ടി. അവനതു് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. മംഗൽ റാണുവിന്റെ നയനങ്ങളിലേക്കു് തുറിച്ചു നോക്കികൊണ്ടു് ചാരായം നിറച്ച ഗ്ലാസ്സു് വാങ്ങി. "ഇനി ഞാൻ മദ്യപിക്കുകയില്ല. അങ്ങിനെ ചെയ്താൽ ഗോമാംസമാണ് ഭക്ഷിച്ചതെന്നു് ധരിച്ചുകൊള്ളൂ."

മംഗൽ ഗ്ലാസ്സു് തന്റെ അധരത്തോടടുപ്പിച്ചപ്പോരം റാണു തടഞ്ഞതിനുശേഷം എന്തോ എടുക്കാൻവേണ്ടി വീണ്ടും വെളിയിൽപോയി. പിന്നീടവരം ഒരു പിഞ്ഞാണ

ത്തിൽ ഉള്ളിയും തക്കാളിയുമരിഞ്ഞു് കൊണ്ടുവന്നു. മംഗൽ തിന്നാനും, കുടിയ്ക്കാനുമാരംഭിച്ചു. റാണു അടുത്തിരുന്നു് അശ്രുപൊഴിച്ചുകൊണ്ടു് ഗ്ലാസ്സിൽ ചാരായം ഒഴിച്ചുകൊടുത്തു. ഇത്രയുമാനന്ദം നസീബൻവാലസ്ഥാൻറിലെവിടെ?

അല്പം കഴിഞ്ഞപ്പോഴേയ്ക്കും ചാരായത്തിൻെറ ലഹരി റാണുവിനേയും ബാധിച്ചു. അവരിൽ ആരാണ് മദ്യപിച്ചതു്? എന്നറിയാൻ പ്രയാസമായി. റാണുവിൻെറ ദുപ്പട്ട താഴെവീണു. പിന്നീടു് കുപ്പായത്തിൻെറ ബട്ടനഴിഞ്ഞു. അമ്പലത്തിൽ മണിമുഴങ്ങി, പള്ളിയിൽ 'മുല്ല' വാങ്കുകൊടുത്തു. മണിമുഴക്കവും, വാങ്കും കേട്ടു് മംഗൽ ഈർഷ്യയോടെ പറഞ്ഞു "ഛേ!"

"എന്താണ്?" റാണു ചോദിച്ചു.

"ഈ 'മൊല്ല'യും, പൂജാരിയും" മംഗൽ ത്ധേലം രായണിയുടെ വീടിൻെറ ഭാഗത്തേക്കു് കൈനീട്ടിക്കൊണ്ടു പറഞ്ഞു.

മംഗൽ എഴുന്നേററു് വാതിൽവരെ എത്തി. വെളിയിൽ കൂരിരുട്ടു് കണ്ടു് പതറുന്ന പാദങ്ങളോടെ തിരിച്ചുപോന്നു. പിന്നീടവൻ തൻെറ കണ്ണിനു് മുഴുവൻ ശക്തിയുംകൊടുത്തു തുറിച്ചുനോക്കി. റാണു മുമ്പിൽ നില്ക്കുന്നു—പൂർണ്ണചന്ദ്രൻ—അഷ്ടമിയിലെ അദ്ധാകൃതിയിൽനിന്നു് പൂർണ്ണരൂപംകൊണ്ടു് കാർമേഘാവരണം ഭേദിച്ചു് താഴെ ഭൂമിയിൽ ഇറങ്ങി വന്നിരിക്കുകയാണ്. മംഗൽ ശ്വാസമടക്കിക്കൊണ്ടു് പറഞ്ഞു "നിങ്ങരം........നിങ്ങരം വസ്ത്രംധരിച്ചിരിക്കുന്നതെന്തിനു്?"

റാണു തൻെറ മുഷിഞ്ഞ ദുപ്പട്ട—പുടവയെടുത്തു് തൻേറയും മംഗലിൻേറയും മദ്ധ്യത്തിൽ മറപിടിച്ചു. "ഇതാ തിരശ്ശീലനീക്കി." ഉയന്ന രണ്ടു കരങ്ങളാ പുടവയുടെ അഗ്രത്തിൽ പതിഞ്ഞു. മംഗലിൻെറ മുമ്പിൽ, സ്ത്രീയുടെ യഥാത്ഥ സൗ

ന്ദര്യം—പൗരുഷമുള്ള ഒരു പുരുഷനു് തിരസ്കരിക്കാൻ കഴിയാത്ത സൗന്ദര്യം. മദ്ധ്യത്തിൽ വികാരമാകുന്ന പർദ—പിന്നീടാ സൗന്ദര്യം മൂരിനിവർന്നു.

മംഗലിൻെറ മുഖത്തു് ചുവപ്പുനിറം വ്യാപിച്ചു. അവൻെറ നയനങ്ങളടഞ്ഞു. ശരീരത്തിലെ രോമകൂപങ്ങൾ സ്വസ്ഥാനമുപേക്ഷിച്ചു്, ഇറങ്ങിതിരിച്ചു. അവ ചിലപ്പോൾ മഴത്തുള്ളികളെ ഭയന്നു് ഒളിക്കുന്നു. ചിലപ്പോഴതിനുവേണ്ടി പുറത്തുവരുന്നു. ശ്രാവണം, ഭദ്രം എന്നീ മാസങ്ങളിൽ മഴയുണ്ടാകും എവിടെയെങ്കിലുമുണ്ടാകും—ഭദ്രത്തിനും അസ്സൂജിനുമിടക്കു് രാവും പകലുമൊരുമിക്കുകയും തുല്യമായിത്തീരുകയും ചെയ്യുന്നു. അപ്പോൾ ദേവിയുടെ കോട്ട്ലയിൽ മഴപെയ്യാതിരിക്കുകയില്ലെന്നാണു് പഴമക്കാർ പറയുന്നതു്.

മംഗൽ ഒരന്ധനെപ്പോലെ തപ്പിത്തടഞ്ഞു് റാണുവിൻെറ കരംഗ്രഹിച്ചു...... കുറെ കഴിഞ്ഞപ്പോഴവൻ പറഞ്ഞു. "നിങ്ങളിന്നു് വലിയ സുന്ദരിയായിതോന്നുന്നു ഏട്ടത്തി.!"

# IX

വാതുക്കൽനിന്ന സലാമത്തി തുടർച്ചയായി നിലംപതിക്കുന്ന മഴത്തുള്ളികഠം കണ്ടു് രസിക്കുകയായിരുന്നു. അവഠം തൻെറ ഉരങ്ങളിൽ തലോടിക്കൊണ്ടു് എരുവുള്ള മുളകു് കടിച്ചതുപോലെ ശീ—ശീ—ശബ്ദം പുറപ്പെടുവിച്ചു. ക്ഷേത്രത്തിലെ മണിയുടെയും, പള്ളിയിലെ വാങ്കിൻെറയും അവസാനത്തെ മുഴക്കവും കണ്ണുങ്ങളിൽനിന്നകന്നുകഴിഞ്ഞു. സലാമത്തി, മനുഷ്യശരീരം സൃഷ്ടിയ്ക്കാൻ കഴിഞ്ഞില്ലെങ്കിലും, അതിൽനിന്നു് മനുഷ്യനെ തടയുകയും, അപലപ്പിക്കുകയുംചെയ്യുന്ന മൊല്ലയേയും പൂജാരിയേയും മനസാശപിച്ചുകൊണ്ടിരുന്നു.

രാത്രിയുടെ രണ്ടാം യാമവുമവസാനിയ്ക്കാറായി. കരിമ്പിൻ വയലിന്നടുത്തു് മദർസയുടെ വരാന്തയിൽ നിന്നിരുന്ന മുറാദ് ആകാശത്തേക്കു് നോക്കിയതിനുശേഷം മററുള്ളവരോടു് പറഞ്ഞു. "ശുദ്ധകള്ളമാണ് സ്നേഹിതന്മാരേ! ഈ പെണ്ണുങ്ങഠം പറയുന്നതൊന്നും വിശ്വസിച്ചുകൂടാ." 'ഖലീഫ' ഒന്നു മൂളി. അള്ളാഹുവും ഹിക്മത്തും അനുകൂലിച്ചു. പിന്നീടവർ തങ്ങളുടെ ആയുധങ്ങളുമെടുത്തു് മജ്ജപോലും മരവിപ്പിയ്ക്കാൻപോരുന്ന മഴയുംനനഞ്ഞു് തിരിച്ചുപോന്നു. "ഹും.! സിക്കു്കാരൻ ഇപ്രാവശ്യം രക്ഷപ്പെട്ടു."

മുറാദു് നിരാശനായി മടങ്ങിവരുന്നതു് കണ്ട സലാമത്തി കൈവീശി ദീപമണച്ചതിനുശേഷം കട്ടിലിൽ നിവർന്നു കിടന്നുകൊണ്ടു പറഞ്ഞു. "അള്ളാഹു! നിൻെറ കൃപ."

# X

ഇന്നു് സൂര്യൻ കാർമേഘമാകുന്ന പർദയിൽ ഒളിച്ചിരിക്കുകയാണ്. ആകാശത്തിലെ കോട്ട്ലയിൽ ആ അലസൻ അധഃപതനത്തിലുള്ള ദുഃഖവും ലജ്ജയും നിമിത്തം തൻെറ കീറിപ്പറിഞ്ഞ പുതപ്പും പുതച്ചു് കിടന്നുറങ്ങുകയാവാം.

ഹിമവായു വീശാനാരംഭിച്ചു. അതിൻെറ പ്രവാഹത്താൽ ലോബ്നാർ, കോക്കനാർ, പാമീർ, സുലൈമാൻ തുടങ്ങിയ പർവ്വതനിരകളിൽനിന്നു് വെളുത്ത, ചെറുപക്ഷികൾ പറന്നെത്താനാരംഭിച്ചു. ആയിരംമൈലപ്പുറത്തു് കളിച്ചുകൊണ്ടിരിയ്ക്കുന്ന കുട്ടികളുടെ കടലാസ് തോണികൾ സമയമാകുന്ന ഒഴുക്കിൽ പെട്ടുപോയതാകാം. അല്ലെങ്കിൽ നൂററാണ്ടുകളായി തീർത്ഥാടകർ ഭക്ത്യാദരവോടെ അർപ്പിച്ചുപോന്ന നിവേദ്യങ്ങൾ വിഷ്ണുദേവി ചെറിയ ചെറിയ താലങ്ങളിലാക്കി ഭക്തർക്കു് മടക്കി അയയ്ക്കുന്നതായിരിയ്ക്കാം.

കാലാവസ്ഥയുടെ പരിവർത്തനം, രാത്രി പകലിന്നൊരു ഭാരമായിത്തീർന്നു. പരാജിതനായ സൂര്യൻ മേഘമറക്കുള്ളിൽ നിന്നു് ഭൂമിയിലേയ്ക്കെത്തിനോക്കി മന്ദഹസിയ്ക്കാനാരംഭിച്ചു. സൂര്യൻ മന്ദഹസിയ്ക്കേണ്ട താമസം—തിത്തർ, മൈന തുടങ്ങിയ പക്ഷികളുടെ തൂവൽ വർണ്ണശബളമാകാൻ തുടങ്ങി. കുയിലുകൾ വൃക്ഷശാഖകളിൽ ഉഞ്ഞാലാടി സ്വന്തം തൂക്കമെന്നുമാനിച്ചു് മധുരശീതമാലപിയ്ക്കാനാരംഭിച്ചു. സൂര്യൻ ഞാവൽ, നാസ്പതി, വേപ്പു് തുടങ്ങിയ വൃക്ഷങ്ങളെ മാത്രമല്ല, കിക്കർ, കൈനി, തുടങ്ങിയ മുള്ളുകളുള്ള വൃക്ഷങ്ങളേയുമാശ്ലേഷിച്ചുകൊണ്ടു് ഭൂമിയുടെ അശ്രുകണങ്ങളൊപ്പിയെടുത്തു.

അശ്രുപാതത്തിൻെറ പിന്നിലും മന്ദഹാസത്തിൻെറ മധുരിമകാണാൻ കഴിഞ്ഞ കർഷകർ കലപ്പയുമേന്തി വയലുകളിലേയ്ക്കിറങ്ങി. കർഷകബാലന്മാർ നാസ്സതിവൃക്ഷത്തിൻെറ ചെറുശാഖകരംകൊണ്ടു് വില്ലുകളുണ്ടാക്കി ലക്ഷ്യമില്ലാതെ അമ്പുകളെയ്യാൻ തുടങ്ങി. 'മൊല്ല'യും പൂജാരിയും ആശയുടെ അശ്വമേധത്തിനു് തയ്യാറെടുത്തു. അങ്ങനെ നാടാകെ ഒരിക്കലുമന്ത്യമില്ലാത്ത അദ്ധ്വാനത്തിൽ വ്യാപൃതമായി.

മംഗൽ ജീൻ പുറത്തെടുത്തു് തുടച്ചുമിനുക്കി. റാണ അടുപ്പിൻെറ മുകളിൽനിന്നു് മുറംമാററി. അവരം തലേദിവസത്തെ സമ്പാദ്യത്തിൽനിന്നു് ഒരു രൂപായെടുത്തു് 'ബഡി'യുടെ കയ്യിൽ കൊടുത്തു. "ജട്ടിൻെറ വീട്ടിൽനിന്നു് ശുദ്ധനെയ്യ് അളന്നുവാങ്ങണം." മൂത്ത ആൺകുട്ടികരംക്കു് കാൽക്കൊല്ലപരീക്ഷയായിരുന്നതിനാൽ ശ്വേലം രായണിയുടെ അടുത്തുനിന്നു മുള്ളങ്കിയും ഉരുളൻകിഴങ്ങും വാങ്ങാൻ ചമ്മുവിനെ അയച്ചു.

സലാമത്തി ഉപ്പട്ട തലക്കുചുററികെട്ടി നെററിയിൽ, കടുകുമരച്ചുപുരട്ടി ഇരിക്കുകയായിരുന്നു. ചമ്മു മുള്ളങ്കിയും, ഉരുളക്കിഴങ്ങും വാങ്ങുന്നതുകണ്ടു് അവരം ചോദിച്ചു. "എന്താ ചമ്മൂ! ഇന്നു് നിൻെറ വീട്ടിൽ മുള്ളങ്കിയും, ഉരുളക്കിഴങ്ങും ചേർത്തു് റൊട്ടിയുണ്ടാക്കുമല്ലെ?"

"റൊട്ടിയല്ല, പൊറാട്ടയാണുണ്ടാക്കുന്നതു്. അമ്മ തന്തൂർ (അടുപ്പു്) ചൂടാക്കിയിട്ടുണ്ടു്." ചമ്മു പറഞ്ഞു.

"അയ്യയ്യോ! നിൻെറ അമ്മ തന്തൂരിൽ തീപിടിപ്പിച്ചോ? ശ്വേലം രായണി പരിഹാസസ്വരത്തിൽ പറഞ്ഞു. "അതേ!' ചമ്മു തലയാട്ടികൊണ്ടു പറഞ്ഞു. "നിങ്ങരംക്കും പൊറാട്ട ചുടണമെങ്കിൽ വന്നുകൊള്ളൂ. അല്ലെങ്കിൽ സലാമത്തിയെ അയച്ചാലുംമതി.' ചമ്മു കറിസാമാനങ്ങളും വാങ്ങി തിരിച്ചു

പോന്നു ദ്ധേലം രായണിയും, ഇനായത്തിയും, ഐഷയും, ചമ്മുവിനെ നോക്കി ചിരിച്ചു. തലവേദനമൂലം സലാമത്തി ഒരു ഭാഗത്തു് മാറിഇരുന്നു് അതെല്ലാം ഈർഷ്യയോടെ ശ്രദ്ധിച്ചതേയുള്ളു.

ചൂടൽ പൊറാട്ടയിൽനിന്നു് നെയ്യിന്റെ സുഗന്ധം വമിച്ചുകൊണ്ടിരുന്നു. ഹസൂർസിംഗിന്റേയും, ജിന്ദാന്റേയും, വായിൽ വെള്ളമൂറി. "മോളേ! ലേശംമാത്രവുമുള്ളതായിരിയ്ക്കണേ! എനിയ്ക്കു തരുന്നതു്." ഹസൂർസിംഗ് വിളിച്ചുപറഞ്ഞു. ജന്ദാനു് അടങ്ങിയിരിയ്ക്കാൻ കഴിഞ്ഞില്ല. "ഹും! ഈ കിഴവന്നെപ്പോഴും തീററിയുടെ ചിന്തയേയുള്ളു."

റാണ നെയ്യിററുവീണുകൊണ്ടിരുന്ന പൊറാട്ട വൃത്തിയുള്ള ഒരു തുണിക്കഷ്ണത്തിൽപൊതിഞ്ഞു മംഗലിന്റെ നേർക്കുനീട്ടി. മംഗൽ അതു് വാങ്ങിയതിനുശേഷം ഒരു കാമുകന്റെ ദൃഷ്ടിയോടെ റാണവിന്റെ മുഖത്തു് നോക്കി. പിന്നീടവൻ, ചപ്പും, ചവറുംനിറഞ്ഞ മുററവും, കുണ്ടുംകുഴിയും നിറഞ്ഞ വരാന്തയും ചൂണ്ടിക്കാണിച്ചുകൊണ്ടു് പറഞ്ഞു. "ഇതെല്ലാം വൃത്തിയാക്കാൻ വളരെ ബദ്ധപ്പെടേണ്ടിവരും."

"ഞങ്ങൾ—സ്ത്രീകൾ പിന്നെ എന്തിനുള്ളതാണു്?" റാണ പ്രേമം നിറഞ്ഞ സ്വരത്തിൽ പറഞ്ഞു.

മംഗൽ 'നസീബൻ വാലാസ്റ്റാന്റി'ലെയ്ക്കു് പുറപ്പെടുകയായിരുന്നു. അതിനുള്ളിൽ റാണവിനെന്തോ ഓർമ്മവന്നു. അവൾ വിളിച്ചുപറഞ്ഞു. "നില്ക്കു" മംഗൽ ടാങ്ക നിർത്തി താഴെ ഇറങ്ങി. റാണ നിമിഷത്തിനുള്ളിൽ അവന്റെ മുമ്പിലെത്തി. "എനിയ്ക്കു് രണ്ടു് ശിൽവാറിനു് (സ്ത്രീകൾ ധരിയ്ക്കുന്ന പായ്ജാമ) തുണി വേണം.... ..വിശേഷ ദിവസമാണു് അടുത്തു വരാൻപോകുന്നതു്." മംഗൽ മറുപടി പറയുന്നതിനുമുമ്പേ അ

വരം തന്റെ കുപ്പായത്തിന്റെ മുൻഭാഗത്തേയ്ക്കു് ആംഗ്യംകാണിച്ചുകൊണ്ടു് പറഞ്ഞു എല്ലാവൎക്കും ഇതുണ്ടു്. എനിയ്ക്കുമാത്രമില്ല. പിന്നീടു് റാണു മംഗലിന്റെ മുഖത്തേയ്ക്കു നോക്കി പൊട്ടിച്ചിരിച്ചു.

മംഗൽ തലയാട്ടിയതിനുശേഷം പറഞ്ഞു "ആകട്ടെ! നോക്കാം."

"നോക്കിയാൽപോരാ! ഞാനെന്താ എല്ലാവരുടേയും മുമ്പിൽ ശിൽവാർ കൂടാതെ നടക്കണോ? അതുകൊണ്ടെനിയ്ക്കൊന്നും വരാനില്ല."

സ്വന്തകൎത്തവ്യപാലനത്തിന്നു് മററാരുടേയും ഉപദേശമാവശ്യമില്ല എന്നമട്ടിൽ മംഗൽ വീണ്ടും തലയാട്ടി.

റാണു തുടൎന്നു. "ചന്നുവിന്നവളുടെ ഭൎത്താവു് ഒരു വൂളൻ കോട്ടു് തുന്നിച്ചുകൊടുത്തിട്ടുണ്ടു്. നല്ല ഭംഗിയുള്ള കമ്പിളികോട്ടു്. അവളുടെ വെളുത്ത ശരീരത്തിനാകറത്തകോട്ടു് നല്ലചേൎച്ചയുണ്ടു്."

റാണു മുന്നോട്ടുചെന്നു് മംഗലിന്റെ കരംഗ്രഹിച്ചുകൊണ്ടു് പറഞ്ഞു "നിങ്ങളിന്നു് വളരെ അകലേയ്ക്കുള്ള യാത്രക്കാരെ അന്വേഷിയ്ക്കണം, കുട്ടികളും പുതിയ വസ്ത്രങ്ങളാവശ്യപ്പെടുന്നു."

മംഗൽ ആവശ്യങ്ങളുടെ ഭാരത്താലമൎന്നുപോയി. കുതിരയുടെ ജീനിൽനിന്നു് തലപ്പൂച്ച് താഴെവീണു. അതെടുത്തു ജീനിൽ പിടിപ്പിച്ചുകൊണ്ടവൻ റാണുവിന്റെ മുഖത്തേയ്ക്കു് നോക്കി അവളപ്പോഴും മംഗലിന്റെകരം തഴുകിക്കൊണ്ടു് നില്ക്കുകയായിരുന്നു. മംഗൽ റാണുവിന്റെ കടക്കാരനാണു്. അവനാ കടംവീട്ടേണ്ടിയിരിയ്ക്കുന്നു.

“കൊള്ളാം” മംഗൽ കൈവിട്ടുവിച്ചതിനുശേഷം ടാങ്ക യിൽ കയറി. റാണു അവിടത്തന്നെ നോക്കിനിന്നു. ഭർത്താവ്—അനുസരണത്തിൻേറയും, സഹനത്തിൻേറയും ഒററ രാത്രി—ജീവിതത്തിൻെറ ദിനങ്ങളും, മാസങ്ങളും, കൊല്ലങ്ങളും പരിവർത്തനപ്പെടുത്തി. അങ്ങിനെ ചിന്തിച്ചുനിന്ന റാണു പെട്ടെന്നു് ഞെട്ടി. തലോക്ക! അല്ല! മംഗൽ—മംഗൽ റാണു ഒരുകാലത്തു് കണ്ട മംഗൽ അല്ല ഇതു്. അമ്മ പുടവമാററത്തെക്കുറിച്ചു സംസാരിച്ചപ്പോഴെല്ലാം അശ്രദ്ധനായി ‘വാരിസ് ഷാ’ യുടെ ഈരടികഠം പാടിക്കൊണ്ടു് ഇടവഴിയിൽക്കൂടി നടന്നു മറഞ്ഞ മംഗലുമല്ല. ഇന്നു് മംഗൽ നിശ്ശബ്ദനാണു്. ഇന്നവൻെറ ചുമലുകഠം പ്രേമഭാരത്താൽ അമന്നു. തന്മൂലം മംഗൽ തന്നെ ത്താൻ സ്വന്തം ജ്യേഷ്ഠനായി കരുതിപ്പോകുന്നു.

മംഗൽ വളരെ അകലെഎത്തി. ഗ്രാമത്തിനു് വെളിയിൽ നീണ്ടുനിവന്നുകിടക്കുന്ന നിരത്തുകഠം പരസ്പരം ബന്ധപ്പെട്ടിരിയ്ക്കുന്നു. അവ എത്രവളഞ്ഞതും, നീണ്ടതുമായിക്കൊള്ളട്ടെ ഒരു കാര്യം തീർച്ചയാണു്. നിരത്തുകളിൽനിന്നുയരുന്ന ധൂളിപടലം, ചളി, പൂഴി എന്നിവയുമായി ഗ്രാമങ്ങളിലെ ഓരോ മംഗലിൻേറയും രക്തത്തിനും, വിയർപ്പിനും ബന്ധമുണ്ടു്. നിരത്തുകളെത്രയുണ്ടായിരുന്നാലും അവയിലൊരു നിരത്തു് എല്ലാ മനുഷ്യരേയും, മൃഗങ്ങളേയും വൈകുന്നേരം തങ്ങളുടെ ആലയങ്ങളിലേയ്ക്കു് തിരിച്ചുകൊണ്ടുവരുന്നു.

മംഗൽ തൻെറ ദൃഷ്ടിയിൽനിന്നകന്നപ്പോഠം റാണു തിരിച്ചുപോന്നു. ഇന്നവളുടെ പാദങ്ങഠം വിശ്വാസത്തോടെ നിലത്തു് പതിയുന്നുണ്ടു്. എല്ലാ ജോലികളുമിന്നു് എളുപ്പമാണു്. വരാന്തയും, മുററവും വൃത്തിയാക്കുന്നതു് ഇപ്പോഠം റാണുവിനെ സംബന്ധിച്ചിടത്തോളം ഒരു ഭാരമല്ല.

# XI

ഇപ്രാവശ്യം കോട്ട്ല ഗ്രാമത്തിലിത്രയധികം തീൎത്ഥാടകരെത്തുമെന്നും, സമയത്തിനുമുമ്പ് ഹിമപാതമുണ്ടാകുമെന്നും, അംബാദേവി തന്റെ ഭക്തന്മാരെ ഒന്നടങ്കം ഇങ്ങോട്ട് തിരിച്ചയയ്ക്കുമെന്നും ആരും ഊഹിച്ചിരുന്നില്ല. പെഷാവാർ. ഗുജറൻവാല, സമ്മധിയാർ, സ്യാൽകോട്ട് തുടങ്ങിയ പ്രദേശങ്ങളിൽനിന്നും, ലോറികളിലും, ബസ്സുകളിലും, കുതിരവണ്ടികളിലുമായി ഇത്രയധികം യാത്രക്കാർ വന്നെത്തുമെന്നും ആരും കരുതിയിരുന്നില്ല. കോട്ട്ല നിവാസികളുടെ ഭവനം, ധനംകൊണ്ടു നിറയുമെന്നും, ആരും വിചാരിച്ചിരുന്നതല്ല. ദിവാൻഷായുടെ പലചരക്ക്കളും, 'ജട്ടു'കളുടെ നെയ്യും, 'ഖൈറെ'യുടെ എണ്ണയും, ഝേലംരായണിയുടെ പച്ചക്കറിസാമാനങ്ങളും, ഇത്ര ഉയൎന്ന വിലയ്ക്ക് വിററുപോകുമെന്ന് ആര് കരുതി.......? ക്ഷേത്രത്തിലെ പ്രാവുകൾ തെരുവീഥിയിലിറങ്ങി ധാന്യം കൊത്തിപ്പറക്കും—അവയുടെ സ്നേഹപൂൎണ്ണമായ ഗ്ലൂ.... ഗ്ലൂ ശബ്ദം ഇരുപത്തിനാലു മണിക്കൂറും പ്രവൃത്തിയ്ക്കുന്ന ഫ്ളൌവർ മില്ലിന്റെ ചൂളംവിളിയിൽ ലയിച്ചുപോകും. വഴിയമ്പലം, ധൎമ്മശാല, അംശകച്ചേരി, തുടങ്ങിയ എടുപ്പുകളിൽ സൂചി കുത്താൻ ഇടംലഭിയ്ക്കുകയില്ല, ഒരാൾക്ക് നിവൎന്നുകിടക്കാനുള്ള സ്ഥലത്തിന് യാത്രക്കാർ ഇരുപതും, ഇരുപത്തിയഞ്ചും രൂപാ വാടക കൊടുക്കും എന്നൊന്നും ആരും ഊഹിച്ചതേയല്ല. തട്ടാന്റെ ആഭരണങ്ങളും, മൂശാരിയുടെ താലങ്ങളും, വിളക്കുകളും, കുശവന്റെ മൺപാത്രങ്ങളും തീപിടിച്ച വിലയ്ക്ക്, ഞൊടിയ്ക്കുള്ളിൽ വിററൊഴിയുമെന്നും ആരും ചിന്തിച്ചതല്ല. തീൎത്ഥാടകരുടെ വരവ് തുടൎന്നുകൊണ്ടിരുന്നു. ആടിയും, പാടിയും, താളംപിടിച്ചുമവർ കോട്ട്ലയിലെത്തിക്കൊണ്ടിരുന്നു.

ആ കാലഘട്ടത്തിൽ കോട്ട്ലയിലെ സ്ത്രീകരം മുകളിൽ നിന്നും ശോഷിച്ചും അടിയിൽനിന്നു തടിച്ചും കാണപ്പെടുന്ന തെന്തുകൊണ്ടാണെന്നു് ആക്കുമറിഞ്ഞുകൂടായിരുന്നു. ചിലർ പറയുന്നു കഴിഞ്ഞകാലത്തെ ഉഷ്ണമാണ് കാരണമെന്നു്, മററു ചിലർ, വരാൻപോകുന്ന ശീതമാണതിനു കാരണമെന്നും പറയുന്നു.

ഗ്രാമത്തിലെ ഗജഗാമിനിമാർ കയ്യിൽ താലവും, താലത്തിൽ സിന്ദൂരപാത്രവുമായി ക്ഷേത്രത്തിലേയ്ക്കു് തിരിയ്ക്കുന്നു. അവർ തങ്ങളുടെ നടത്തത്തിൻെറ ചന്തത്തിൽ മതിമറന്നു ഒററ കാലിൽ നിതംബഭാരമൂന്നി എവിടെയെങ്കിലുമല്പം വിശ്രമിയ്ക്കുന്നതു കാണുമ്പോരം ഗ്യാൻചന്ദ്, കേസർസിംഗ്, ദീവാന, റൽഌ, തുടങ്ങിയവരുടെ ഞരമ്പുകരം തളരുന്നു. അവർ ഹായ്! ഹായ്! എന്നു് ഒററസ്വരത്തിൽ പറഞ്ഞുപോകുന്നു.

അന്നു് വലിയ പൂജയുടെ ദിവസമായിരുന്നു. ഹസൂർ സിംഗ്, ജന്ദാൻ തുടങ്ങിയവർപോലും വെളിയിൽ പോയിരിയ്ക്കുകയായിരുന്നു. എന്നാൽ റാണുമാത്രം എങ്ങും പോയില്ല. തന്മൂലം ബഡിയും വീട്ടിൽതന്നെ കഴിച്ചുകൂട്ടി. പ്രായംതികഞ്ഞു നില്ക്കുന്ന പെൺകുട്ടിയാണ്. തീർത്ഥാടനത്തിനെത്തിയിട്ടുള്ളവരിൽ പലതരക്കാരുംകാണും. ആരെങ്കിലും ബഡിയുടെനേക്കു് വിരൽചൂണ്ടിയെങ്കിലോ?

റാണു ഏതോ ചുവന്നവസ്തു അരച്ചു് അമ്മിയിൽനിന്നു് തോണ്ടി പിഞ്ഞാണത്തിലാക്കുകയായിരുന്നു. കടലപ്പൊടി കലക്കിയതിൽ പച്ചമുളകും, ഉരുളക്കിഴങ്ങും അരിഞ്ഞതുംചേർത്തു് ഒരു പാത്രത്തിൽ വെച്ചിരിക്കുന്നു. അടുപ്പത്തിരിയ്ക്കുന്ന ചീനച്ചട്ടിയിൽ കടുകെണ്ണ തിളക്കുന്നുണ്ടു്. തൽസമയം ചന്നു അവിടെവന്നു. കറുത്ത കമ്പിളികോട്ടും, ഗുലാബി ദുപ്പട്ടയുമാണവരം ധരിച്ചിരിക്കുന്നതു്. കറുത്ത കോട്ടിനുള്ളിൽ തള്ളിനി

ല്ലുന്ന, അവളുടെ വെളുത്തസ്തനങ്ങൾ പ്രേമത്തിൻേറയും, വ ന്ധ്യതയുടേയും, കറുപ്പും, വെളുപ്പും സ്പഷ്ടമാക്കുന്നുണ്ടായിരുന്നു. റാണുവിനെകണ്ടമാത്രയിലവൾ ചോദിച്ചു. "അയ്യയ്യോ! ഇ ന്നും, നിങ്ങളിവിടെത്തന്നെ മരിയ്ക്കുകയാണോ?"

റാണു തലയാട്ടി അതു് സമ്മതിച്ചു. ചന്നു അടുത്തുവന്നു പറഞ്ഞു. "വെളിയിൽ ഞങ്ങളെല്ലാവരും നിങ്ങളെ കാത്തുനി ല്ക്കുകയായിരുന്നു."

റാണു ധരിച്ചിരുന്ന പുതിയ ശിൽവാറും, കുപ്പായവും ച ന്നുവിൻെറ ദൃഷ്ടിയിൽ പതിഞ്ഞു. ചന്നു ഉടൻതന്നെ "ഇതാ ണ് കാര്യം!" എന്നു പറഞ്ഞു് റാണുവിൻെറ ശിൽവാർ പി ടിച്ചുനോക്കി. ചന്നുവിൽനിന്നു രക്ഷപ്പെടാൻവേണ്ടി റാണു ക യ്യിലിരുന്ന തവി ചീനച്ചട്ടിയിലിട്ടു. അവൾ കരമുയർത്തിയതോ ടെ ചന്നു കുപ്പായത്തിനുള്ളിൽ മറെറന്തോ കണ്ടു. പെട്ടെന്ന വൾ റാണുവിൻെറ കുപ്പായത്തിനുള്ളിൽ കൈകടത്തി വയററ ത്തു് തലോടിയതിനുശേഷം മുററത്തിറങ്ങി നൃത്തം ചെയ്തും, പാ ടിയും കോലാഹലം കൂട്ടി.

"മംഗൾ നിങ്ങൾക്കു വഴിപ്പെട്ടു അല്ലേ?"

റാണു മറുപടിയൊന്നും പറയാതെ അമ്മിയിൽനിന്നു പി ഞ്ഞാണത്തിലാക്കിവെച്ചിരുന്നവസ്തു വിരലിൽതോണ്ടി വായിൽ വെച്ചു് നാവു് താലുവിനോടുചേർത്തു് ശബ്ദം പുറപ്പെടുവിച്ചു.

"അതെന്താണു്?" ചന്നു ആ പാത്രത്തിലേയ്ക്കു തുറിച്ചു നോക്കിക്കൊണ്ടു് ചോദിച്ചു.

'അതു് ചട്ട്ണിയാണ്.' റാണു പറഞ്ഞു.

ചന്നുവിൻെറ നയനങ്ങൾ വികസിച്ചു അവളുടൻതന്നെ ചട്ട്ണി തോണ്ടി വായിൽവെച്ചു് ശീ—ശീ—ശബ്ദം പുറ പ്പെടുവിച്ചു.

"സത്യം പറയൂ!" അല്ലെങ്കിൽ ഞാൻ നിങ്ങളുടെ മുഖത്തു് നോക്കുകയില്ല.'

റാണു നാലുപാടും കണ്ണോടിച്ചതിനുശേഷം അടുത്തു്നിന്നിരുന്ന ബന്ധിയുടെനേരെ ആംഗ്യം കാണിച്ചു. പിന്നീടവൾ ചന്നുവിൻെറ ചെവിയിൽ പറഞ്ഞു. "അതേ! ശരിയാണു്."

അതുകേട്ട ചന്നു ഒരു ഭ്രാന്തിയെപ്പോലെ അട്ടഹസിച്ചുകൊണ്ടു് വെളിയിലേയ്ക്കോടി. അതേ വേഗതയിൽ മംഗലും അകത്തേയ്ക്കു് വരുന്നുണ്ടായിരുന്നു. അവരിരുവരും തമ്മിൽ കൂട്ടിമുട്ടി; ചന്നു തെറിച്ചു് ഭിത്തിയ്ക്കരുകിൽചെന്നുവീണു. മംഗലിൻെറ തലപ്പാവും, ഉടുത്തിരുന്ന വസ്ത്രവും അഴിഞ്ഞുപോയി. മംഗലിനെ അതേഅവസ്ഥയിൽകണ്ട ചന്നു ലജ്ജയും, കോപവും കലർന്നസ്വരത്തിൽ പറഞ്ഞു. "അന്ധൻ! മനുഷ്യർ വരുന്നതു് കണ്ടുകൂടെ?'

"പക്ഷെ ചന്നു!" മംഗൽ എന്തോ പറയാനാരംഭിച്ചതേയുള്ളു. അതിനുള്ളിൽ ചന്നു സ്ഥലംവിട്ടു. മംഗൽ തൻെറ തലപ്പാവു് തട്ടിക്കുടഞ്ഞുകൊണ്ടു് റാണുവിനെ വിളിച്ചു. "റാണു!"

റാണു സമീപംതന്നെയുണ്ടായിരുന്നെങ്കിലും അവൾ ഞെട്ടി—മംഗൽ ഇന്നാദ്യമായാണു് തന്നെ പേരുവിളിയ്ക്കുന്നതു്! എന്തെങ്കിലും പ്രത്യേകകാര്യമുണ്ടാകുമെന്നവൾ ചിന്തിച്ചു. ഏതോ രഹസ്യം പറയാനെന്നവണ്ണം മംഗൽ റാണുവിൻെറ അടുത്തേയ്ക്കു് ചേർന്നുനിന്നു. 'കേൾക്കു റാണു! വലിയൊരത്ഭുതം!' റാണു മന്ദഹസിച്ചുകൊണ്ടു പറഞ്ഞു. "എന്താണു് വേഗം പറയൂ! എനിയ്ക്കും നിങ്ങളോടൊരു രഹസ്യം പറയാനുണ്ടു്.'

"നിനക്കെന്താണ് പറയാനുള്ളത്?" മംഗൽ ജിജ്ഞാസയോടെ ചോദിച്ചു.

"ആദ്യം നിങ്ങറം പറയൂ!"

മംഗൽ രഹസ്യം പറയാനൊരുങ്ങുകയായിരുന്ന അതിനിടയിൽ സമീപംനിന്നിരുന്ന ബഡിയെ കണ്ടു. അവറം മാതാപിതാക്കളെന്താണ് പറയാൻ പോകുന്നതെന്ന് ശ്രദ്ധിയ്ക്കുകയായിരുന്നു. മംഗൽ സ്നേഹത്തോടെ ബഡിയോട്ട് പറഞ്ഞു. "നീ അകത്തേയ്ക്ക് പൊയ്ക്കോളൂ മകളേ!"

ബഡി സ്ഥലംവിട്ട ഉടൻ മംഗൽ തുടന്നു. "ഇക്കൊല്ലത്തെ തീർത്ഥാടകരിൽ ഒരു ചെറുപ്പക്കാരനുമുണ്ട്. ഇരുപത്തിയഞ്ചോ, ഇരുപത്തിയാറോ വയസ്സുകാണും. സുമുഖനും, ദൃഢഗാത്രനുമായ ഒരു യുവാവാണ്. ഡസ്സയിലെ മുൻഷി (ക്ലാക്ക്) യുടെ മകനാണ്. ഭൂമി—വീട്—എടുപ്പുകറം—ധാരാളം സ്വത്തുള്ള ഒരു കുടുംബത്തിലെ ഏകസന്താനം."

റാണുവിൻെറ മുഖംമങ്ങി— "അപ്പോറം—അയാറം....?"

"ആകട്ടെ! നീ കാര്യം മുഴുവനും കേറംക്കു!" മംഗൽ തുടന്നു:— അവൻ പറയുന്നു ഞാൻ വിവാഹം കഴിയ്ക്കുന്നുണ്ടെങ്കിൽ ബഡിയെ മാത്രമേ കഴിയ്ക്കുകയുള്ളു" എന്നു്.

ഹേ! റാണു സകലതും വിസ്മരിച്ചു. അവറംക്ക് വിശ്വസിയ്ക്കാൻ കഴിയുന്നില്ല.

"നീയാണേ സത്യം" അവൻ റാണുവിനെതൊട്ടു സത്യം ചെയ്തു. റാണുവിൻെറ ശ്വാസോച്ഛ്വാസത്തിനു് വേഗത വർദ്ധിച്ചു. ശിൽവാറിനുള്ളിൽ അവളുടെ കാലുകറം വിറച്ചുകൊണ്ടിരുന്നു. റാണു പരിഭ്രമമടക്കിക്കൊണ്ടു പറഞ്ഞു,

"അയാൾ നമ്മുടെ മകളെ കണ്ടിട്ടുണ്ടോ?"

"കണ്ടിട്ടുണ്ടാകും, ഒരുപക്ഷെ ഇല്ലെന്നും വരാം."

"കണ്ടിട്ടില്ലെങ്കിൽ പിന്നെ ഇതെങ്ങിനെ സംഭവിക്കും?"

"എന്തോ? ഗ്രാമത്തിലെ പഞ്ചായത്തും അതാണാഗ്രഹിക്കുന്നതു്. പിന്നെ പഞ്ചായത്തിലാണു് പരമേശ്വരൻ എന്നു നിനക്കുമറിയാമല്ലൊ?"

"അറിയാം പഞ്ചായത്തിൽ പരമേശ്വരനില്ലെങ്കിൽ ഇന്നു എൻെറ അവസ്ഥ എന്താകുമായിരുന്നു."

"നിൻെറ മകൾ രാജകുമാരിയായി ഭരണംനടത്തും എന്നാണവരെല്ലാവരുടേയും അഭിപ്രായം."

റാണുവിന്നതൊന്നുമിഷ്ടമായില്ലെങ്കിലും മംഗൽ തുടന്നു. "അവനു് മററു് യാതൊന്നും വേണ്ടാപോലും.

ശക്തിയായി തിരസ്കരിക്കുകയാണു്. "ഞാൻ ഒന്നും കൊടുക്കുകയില്ല, എത്തതിന്നത്ഥമില്ല. എന്നാൽ കഴിവുള്ളതെല്ലാം ഞാനെൻെറ മകൾക്കുകൊടുക്കും. ഒന്നും ബാക്കിയാക്കുകയില്ല." "എൻെറ മകൾ!" റാണുവിൻെറ കണ്ണുകൾക്കു് വിശ്വസിക്കാൻ കഴിയുന്നില്ല.

"ടാങ്കയും, കുതിരയും മാത്രമല്ല; എന്നെത്തന്നെ വില്ക്കേണ്ടിവന്നാലുംശരി നമ്മുടെ മകൾക്കു് കൊടുക്കേണ്ടതെല്ലാം കൊടുക്കണം റാണു!"

"ഇനി നിനക്കെന്താണു് പറയാനുള്ളതു്?" മംഗൽ റാണുവിനെ ഓമ്മിപ്പിച്ചു.

"ഒന്നുമില്ല, സുർമാഭായിയെ ഒന്നു വിളിക്കണം!"

"സുർമാഭായി!" മംഗൽ ആവർത്തിച്ചുകൊണ്ടു് റാണു വിനെ സൂക്ഷിച്ചുനോക്കി.

വാസ്തവമാണോ?"

റാണു ലജ്ജിച്ചു തലതാഴ്ത്തി. അപ്പോഴേയ്ക്കും ചന്നു, പൂരൺ ദേയി; വിദ്യ, സ്വരൂപ്, ജനകി തുടങ്ങിയ അയൽക്കാരികൾ താളമേളത്തോടെ നൃത്തംചെയ്തുകൊണ്ടവിടെഎത്തി.

മംഗൽ ആഗ്യംകൊണ്ടവരോടു് നിശ്ശബ്ദരാകാനാവശ്യപ്പെട്ടെങ്കിലും പൂരൺദേയി ഓടിവന്നു് അവനെ പിടിച്ചുതള്ളി പുറത്താക്കി "പോ! പുറത്തുപോ! പെണ്ണുങ്ങളുടെ മദ്ധ്യത്തിൽ ആണിനെന്തുകാര്യം? ചെയ്യേണ്ടതെല്ലാം നിങ്ങൾ ചെയ്തുകഴിഞ്ഞു. ഇനി പോയി ടാങ്ക തെളിച്ചുകൊള്ളുക."

മംഗൽ അഭിമാനം രക്ഷിച്ചുകൊണ്ടവിടെനിന്നു് കടന്നു പോയി. സ്ത്രീകൾ ഗാനമേളത്തിന്നിടയിൽ റാണുവിനോടു പറഞ്ഞു. "ആൺകുട്ടിയെ പ്രസവിയ്ക്കണം! അല്ലാതെ മററൊരാപത്തു് വലിച്ചിടരുതു്."

ഉന്മത്തകളായ സ്ത്രീകളുടെ കോലാഹലംമൂലം തങ്ങൾ പറയുന്നതെന്താണെന്നവർക്കുതന്നെ മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. ആ തിരക്കിന്നിടയിൽ റാണു, പൂരൺദേയിയെ അല്പം അകലെ വിളിച്ചുകൊണ്ടുപോയി ചെവിയിൽ പറഞ്ഞു. "മംഗളാശംസ! ഇളയമ്മേ!"

പൂരൺദേശി ശിൽവാർ മുറുക്കിഉടുത്തുകൊണ്ടു് പറഞ്ഞു. "എന്തിൻെറ മംഗളാശംസ?"

"ബഡിയ്ക്കു് വരനെകിട്ടി."

വാതുക്കൽ നോക്കിനിന്നിരുന്ന ബഡ്ഡി വററൽ മുളകുപോലെ മുഖം ചുവപ്പിച്ചുകൊണ്ടു് അകത്തേയ്ക്കു് വലിഞ്ഞു. സ്ത്രീകളുടെ ദൃഷ്ടി കോണുകളിലെപ്പോഴും ഭത്താക്കന്മാരുടെ ചിത്രമേ ഉണ്ടായിരിയ്ക്കുകയുള്ളു. അവിവാഹിതകളുടെ കണ്ണുകഠം, വാദ്യം കേഠക്കുന്നതിനും, നയനങ്ങഠം, വിവാഹഘോഷയാത്ര കാണാനും വെമ്പുന്നു. അതിനാൽ അവിടെ കൂടിയിരുന്ന സ്ത്രീകളിപ്പൊഴേ ബഡ്ഡിയുടെ വിവാഹ ഘോഷയാത്ര കാണ്മാനും, വാദ്യം കേഠക്കാനും തുടങ്ങി. അവർ, വരൻ ആരാണെന്നുപോലുമന്വേഷിച്ചില്ല. ജീനും, തലപ്പൂവുമണിഞ്ഞ കുതിരപ്പുറത്തു്; കയ്യിൽ വാളുമേന്തി, സവാരിചെയ്തുവരുന്ന വരന്റെ ചിത്രം കൺമുമ്പിൽക്കണ്ട ആ സ്ത്രീകഠം നൃത്തകോലാഹലത്തിൽ നിമഗ്നരായി.

ദേവീക്ഷേത്രത്തിൽ ദർശനത്തിനായി എത്തിയ തീർത്ഥാടകർ കോലാഹലംകേട്ടു് മംഗലിന്റെ ഗൃഹത്തിലേയ്ക്കു തിരിച്ചു. വിഷ്ണുദേവി, ക്ഷേത്രത്തിലല്ല. മംഗലിന്റെ ഭവനത്തിലാണു്, അല്ലെങ്കിൽ, ആ വീടാണു് ക്ഷേത്രം, എന്ന ഭാവത്തിലായിരുന്ന തീർത്ഥാടകരുടെ ആഗമനം.

പഞ്ചായത്തു് തലവൻ ഗ്യാൻചന്ദ്, ഗ്രാമത്തലവൻ താരാസിംഗ്, കേസർസിംഗ് ജഗ്ഗു, വൽഴ, ദീവാന, കർമ്മുദ്ദീൻ, ഉല്ല, ജമാല, തുടങ്ങിയവരെല്ലാം അണിനിരന്നു. മച്ചിനു മുകളിൽ സ്ത്രീകളും, താഴെ പുരുഷന്മാരും തിങ്ങിക്കൂടി. ത്ധേലം രായണിയും, പുത്രിമാർ—ഇനായത്തി – ഐഷ — സലാമത്തി, മൂവരും ഓടിയെത്തി. കൂട്ടത്തിൽ ത്ധേലമിന്റെ ജ്യേഷ്ഠപുത്രൻ 'മുല്ല'വുമുണ്ടായിരുന്നു. അവന്റെ ആംഗ്യവും ഇംഗിതവുംകണ്ടു് സലാമത്തി ലജ്ജിച്ചു തലതാഴ്ത്തി. നവാബിന്റെ ഭാര്യ ഐഷ, ഗുരുദാസിന്റെ ഗുണവതി, തുടങ്ങിയവർ നൃത്തമേളത്തിൽ ലയിച്ചു.

പൂരൺദേയിയും, വിദ്യയുംകൂടി റാണുവിനേയും വലിച്ചിഴച്ചുകൊണ്ടുവന്നു. അവക്കിടയിൽ ഡബ്ബൃ അന്ധാളിച്ചു്, വാ

ലാട്ടികൊണ്ടു് അവരേയുമിവരേയും മണത്തു് നടന്നു. റാണു നിയന്ത്രണത്തോടും, ചിലപ്പോഴെല്ലാം വിസ്മരിച്ചും നൃത്തംചെയ്തുകൊണ്ടിരുന്നു. അവരം ധരിച്ചിരുന്ന ശിൽവാർ കാറ്റേററു, പുളവൻപാമ്പിനെപ്പോലെ കാലിൽ പുളഞ്ഞുകയറുന്നതായി തോന്നി. യാതനകളിലമർന്നുകിടന്ന റാണുവിൻെറ സൗന്ദര്യം അതുവരെ ആരുംശ്രദ്ധിച്ചിരുന്നില്ല. വടിവു് നിവർന്നു കുപ്പായത്തിൽനിന്നെന്തോ കണ്ണടിച്ചു് ക്ഷണിയ്ക്കുന്നതുപോലെ കാണപ്പെട്ടു. കുസൃതിയായ ബാലൻ കണ്ണാടിയിൽ സൂര്യപ്രകാശത്താൽ പ്രതിഫലനമുണ്ടാക്കി മററുള്ളവരുടെ കണ്ണഞ്ചിപ്പിക്കുന്നതുപോലെ—

നൃത്തംചെയ്തിരുന്ന സ്ത്രീകരംക്കു് ലോകം വിശാലമായി തോന്നി. അവിടെ കൂടിയിരുന്ന പുരുഷന്മാരെല്ലാം തങ്ങളുടേതാണെന്നവർ ധരിച്ചു. അങ്ങിനെ ആബാലവൃദ്ധം ഒരേ ഒരു നിറത്തിലായി. സൂര്യകിരണത്തിൻെറ നിറം—അതിൽ മറെറല്ലാ നിറങ്ങളുംമങ്ങി. ഓരോരുത്തരുടേയുംനിറം തിരിച്ചറിയാൻ മനുഷ്യൻെറ ബുദ്ധിശക്തി പ്രയോഗിയ്ക്കേണ്ടിവന്ന ഒരു രംഗം.

വെളിയിൽ മറെറാരു തിരക്കു്, ഗീതമാലപിച്ചുകൊണ്ടും, നൃത്തംചെയ്തും ഒരാരം മറെറാരാളുടെമേൽ വീണും, ചെറിയ ചെറിയ സംഘങ്ങളായി അടുത്തുവന്നു. ദേവീഭജനാലാപത്തിൽ നിമഗ്നരായ തീർത്ഥാടകരായിരുന്നു അവർ. പാപമോചനത്തിന്നായി ദേവീദർശനെത്തിയവർ. ചെയ്തതും, ചെയ്തുകൊണ്ടിരിക്കുന്നതും, ചെയ്യാൻപോകുന്നതുമായ പാപങ്ങളിൽനിന്നു മുക്തിനേടുകയാണവരുടെ ആവശ്യം.

തീർത്ഥാടകസംഘം അടുത്തുവന്നു. ഏഴു വർഷത്തെ തടവു് ശിക്ഷ അനുഭവിച്ചതിനുശേഷം ജയിൽമുക്തരായിവരുന്ന ചൌധുരി മെഹർബാൻദാസും, ഗണശ്യാമും അക്കൂട്ടത്തിലുണ്ടാ

യിരുന്നു. തീർത്ഥാടകരുടെ കോലാഹലത്തിൽ മതിമറന്നാണവർ നടക്കുന്നതെങ്കിലും, തലതാഴ്ത്തി ദൃഷ്ടിതറയിലുറപ്പിച്ചിരിക്കുകയാണ്. അനേകകാലം വഞ്ചനയും, ചതിയും, നടത്തിയ മെഹർബാൻദാസും, ഗണശ്യാമും ഇന്ന് നിശ്ശബ്ദരാണ്. എന്നിരുന്നാലും അവരുടെ മൗനം തങ്ങളുടെ പൂർവ്വകാലചരിത്രം വിളിച്ചോതുന്നുണ്ടായിരുന്നു.

അവരോടൊന്നിച്ച് ഇരുപത്തിയഞ്ച്, ഇരുപത്തിയാറ് വയസ്സുള്ള സുമുഖനും, ദൃഢഗാത്രനുമായ ഒരു യുവാവുമുണ്ട്. ദേവീഭജനത്തിൽ മതിമറന്ന ആ യുവാവിനെക്കണ്ട് ഗ്രാമവാസികറം ആശ്ചര്യപ്പെട്ടു. എല്ലാവരുടേയുമധരങ്ങളിൽനിന്ന് ഒരേ ഒരു ചോദ്യം പൊന്തി. "ഇത്രചെറുപ്പത്തിലവൻ എന്തു പാപമാണ് ചെയ്തത്?" ഒരു പക്ഷെ അവൻ പാപം ചെയ്തു കാണുകയില്ല. പാപം അവനെ ചെയ്തതായിരിക്കും.

തിക്കും തിരക്കും തള്ളിമാററി അവശനായ മംഗൽ റാണുവിൻെറ അടുത്തുവന്നു. അവളെ ചുമലിൽ പിടിച്ചു കുലുക്കികൊണ്ടു പറഞ്ഞു. "റാണൂ! അതാണ് നമ്മുടെ മകളുടെ വരൻ." മംഗൽ, ഭജനമാലപിച്ചുകൊണ്ടുവരുന്ന യുവാവിൻെറ നേരെ ചൂണ്ടികാണിച്ചു.

റാണു സുമുഖനായ ആ യുവാവിനെനോക്കി. അവളുടെ ഹൃദയത്തിൽ സ്വയംവരം പൂർത്തിയായി. റാണു മനസ്സാ, ബുദ്ധിയുടെ കരത്തിലെ പുഷ്പമാല്യം അവൻെറ കഴുത്തിലണിയിച്ചു. ഇത്രസുമുഖനും, സൽസ്വഭാവിയും, ദൃഢഗാത്രനുമായ ഒരു വരൻ ഗ്രാമത്തിലെ ഒരു പുത്രിക്കും ഇതുവരെ ലഭിച്ചിട്ടുണ്ടാകുകയില്ല. ആനന്ദാവേശത്താൽ മദോന്മത്തയായിതീർന്ന റാണു അടുത്തുനിന്നിരുന്ന ചന്തുവിനെ വലിച്ചിഴച്ച് നൃത്തം ചെയ്തുകൊണ്ട് പറഞ്ഞു. "ഹായ്! ചന്തു ഞാൻ കരകടന്നു."

സ്ത്രീകളുടെ മദ്ധ്യത്തിൽനിന്നിരുന്ന ബധിതല ഉയർത്തി തൻെറ ഭാവിഭർത്താവിനെനോക്കി. നൃത്തഗീതം ബധിയുടെ ലജ്ജമറച്ചുപിടിച്ചു. തൻെറ ശരീരത്തിലെ രക്തം മുഴുവനും മുഖത്തേയ്ക്കു തള്ളിക്കയറുന്നതായി അവൾക്കുതോന്നി. അതേ രക്തം—സലാമത്തിയുടെ മുഖത്തുനിന്നും തിരോധാനംചെയ്തു. അവൾ തൻെറ ജ്യേഷ്ഠത്തിയോടു പറഞ്ഞു. "വീട്ടിൽ പോകാം ജേഷ്ഠത്തീ! എൻെറ ദേഹം തളരുന്നു."

റാണു ശിശുവിനെപ്പോലെ അവരേയുമിവരേയും തൻെറ കളിപ്പാട്ടം കാണിച്ചുകൊണ്ടിരുന്നു. "നോക്കു! ഇളയമ്മേ!, അതാ നോക്കു! വിദ്യേ!, സ്വരൂപ്! നീയും നോക്കു!" പൂരൺദേയി നോക്കി. വിദ്യ തിട്ടപ്പെടുത്തി. സ്വരൂപ് തുക്കിനോക്കി. റാണു തലയാട്ടിക്കൊണ്ടവരോട് ചോദിച്ചു. "എന്താ യോഗ്യനല്ലേ?"

ചന്നുവിൻെറമുഖം മങ്ങിവികൃതമാകുന്നതുകണ്ട് റാണുവിൻെറ ദൃഷ്ടി പതറി. അവളുടെമുഖം, വെയിലത്ത് വാടിവീണ വെണ്ടപ്പൂപോലെയായി. റാണു ചന്നുവിൻെറ മുഖത്തേയ്ക്കു തുറിച്ചുനോക്കിക്കൊണ്ടു പറഞ്ഞു. "അയ്യോ ചന്നു ഇതെന്താ?" പിന്നീടവൾ അതേദൃഷ്ടിയോടെ യുവാവിൻെറ നേരെ നോക്കി. അപ്പോഴേയ്ക്കുമവൻ ഭിക്ഷപാത്രവും നീട്ടി റാണുവിനോടെന്തോ യാചിച്ചു.

"അയ്യോ ഞാൻ മരിച്ചേ! റാണു ശ്വാസം അകത്തേയ്ക്കു വലിച്ചു. അതേശ്വാസം പുറത്തേയ്ക്ക് വരുന്നതിൻെറ മുമ്പായി തൻെറ മുഖത്തെ ചുവപ്പ് നിറം, ചിറകുവെച്ച് പറക്കുന്നതായി അവൾക്കുതോന്നി. ആദ്യം റാണുവിൻെറ കരങ്ങൾ വിറച്ചു. പിന്നീട് ശരീരം മുഴുവനും അതേ അവസ്ഥയിൽ റാണു ആ യുവാവിനെ നോക്കിക്കൊണ്ടു പറഞ്ഞു. "ഇവൻ ......ഇവൻ തന്നെയാണ്.......എൻെറ... ...."

റാണു താങ്ങാനാകാത്ത ദുഃഖത്താൽ ബോധരഹിതയായി നിലംപതിയ്ക്കുമായിരുന്നു. അതിനുള്ളിൽ വൃദ്ധനായ ശ്വശുരൻ തപ്പിത്തടഞ്ഞു് അവിടെ എത്തി. അടുത്തുനിന്നിരുന്ന ജന്ദാനെപ്പോലും വകവെയ്ക്കാതെ അയാറം, വീഴാൻപോയ റാണുവിനെ താങ്ങിയെടുത്തു. ഇന്നു് ഹസൂർസിംഗിൻെറ നയനം പ്രാവിൻെറ ചിറകുപോലെ പിടയ്ക്കുന്നതിനു പകരം ചിറകു വിടർത്തി ആകാശത്തേയ്ക്കുയരുവാനാരംഭിച്ചു.

"വരുമകളേ!" ഹസൂർസിംഗ് വിറയ്ക്കുന്ന അധരത്തോടെ വിളിച്ചു. "മകളെ! നീയെന്തിനു് കരയുന്നു? ഇതാ എൻെറ നേരെനോക്കു! മകനെ തരുന്നവനെപ്പോഴും മകനെത്തന്നെ തരുന്നു. അങ്ങിനെയാണീമകനേയും ലഭിച്ചതു്."

ഹസൂർസിംഗ് പിന്നീടു് മരുമകളുടെ ആത്മാവിനെ രക്ഷിയ്ക്കുവാനുള്ള യത്നത്തിൽ എന്തിലോ ലയിച്ചു. അയാളുടെ നയനങ്ങറം ഗംഗയും, യമുനയുമായി, താടിയാകുന്നവനത്തിൽ തളംകെട്ടി. തലോക്കയുടെ മരണത്തിനുശേഷം ഹസൂർസിംഗിൻെറ കരങ്ങറം ഇന്നുവരെ ഒരിയ്ക്കലും ലഭ്യമാകാത്ത വസ്തുവിൻെറ അന്വേഷണത്തിൽ വ്യാപൃതമായി. അയാളുടെ ശബ്ദം തൊണ്ടയിൽ തടഞ്ഞു. അല്ലയോ യോഗിവൃദ്ധാ വെണ്ണീറിൽ തിരയുന്നതെന്തിനു്? ഒരിയ്ക്കൽ നഷ്ടപ്പെട്ട രത്നം എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടു. ഇനിയതു് നിങ്ങറക്കു് തിരിച്ചുകിട്ടുകയില്ല. അതേ! ആ രത്നത്തിനു് പകരം, മാണിയ്ക്കമോ, മരതകമോ, വൈഡൂര്യമോ നിങ്ങറക്കു് ലഭിച്ചെന്നുവരാം എന്നാൽ നഷ്ടപ്പെട്ട അതേരത്നംതന്നെ ലഭിയ്ക്കുക പ്രയാസമാണു്!

അതുകൊണ്ടല്ലേ? ഹസൂർസിംഗിൻെറ നയനങ്ങറം ഈ ലോകവുമായുള്ള ബന്ധമുപേക്ഷിച്ചു്, എങ്ങോ തിരോധാനം ചെയ്തതു്? പിന്നെ കാഴ്ച തയാളുടെ നിസ്സഹായതയിൽ അശ്രുപൊഴിച്ചു ഇപ്പോറം ഹസൂർസിംഗ് സ്വയം കാഴ്ച വ

സ്ഥവും, കാണിയുമാണ്—കളിയും, പ്രേക്ഷകനും താൻതന്നെ. ഹസൂർസിംഗ് ധരിച്ചിരുന്ന മഞ്ഞതലപ്പാവ് അഴിഞ്ഞുവീണു. അതിൻെറ അഗ്രത്താൽ കണ്ണും, മൂക്കും തുടച്ച ഹസൂർസിംഗ് ഒരു യോഗിയെപ്പോലെ കാണപ്പെട്ടു. അയാഠം ഈ ലോകത്തെ ത്യജിയ്ക്കാനാഗ്രഹിക്കുന്നു എങ്കിലും, ലോകം ഹസൂർസിംഗിനെ ത്യജിക്കുന്നില്ല. മരണത്തിൻെറ പടിയ്ക്കൽ നില്ക്കുന്ന ഹസൂർസിംഗിനു് ആത്മദൃഷ്ടിലഭിച്ചു; അതിൻെറ പ്രകാശത്തിൽ അയാഠം കാണാൻ തുടങ്ങി. ജനനം—മരണം അതിൻെറ നടുവിൽ റാണു മരുമകഠം—വിവാഹ ദിവസംതന്നെ, മൈലാഞ്ചിയണിഞ്ഞ വെളുത്തകരങ്ങഠംകൂപ്പി, പർദയുടെ പിന്നിൽ നമ്രശിരസ്സയായി, ശ്വശുരനോടഭ്യൎത്ഥിക്കുന്നു. പിതാവേ! നിങ്ങഠം തൻെറ പുത്രനെ എനിക്കു തരിക! പകരം ഞാൻ നിങ്ങഠംക്കു് പത്തു് പുത്രന്മാരെ തന്നുകൊള്ളാം. അതേ ആകൃതിയും, പ്രകൃതിയുമുള്ള പുത്രന്മാർ.

അപ്പോഠം പിതാവു് പറയുന്നു. കൊള്ളാം മകളേ! എൻെറ ഈ പുത്രൻ........പിന്നീടു് ഹസൂർസിംഗ് കണ്ണുതുടച്ചുകൊണ്ടു് മുഖംതിരിച്ചു.

ഹസൂർസിംഗ് വാത്സല്യത്തോടെ റാണുവിൻെറതലയിൽ തലോടിക്കൊണ്ടിരുന്നു. ഇന്നവഠംക്കു് നഷ്ടപ്പെട്ട സ്വപിതാവിൻെറ സ്ഥാനത്തു് ദൈവദത്തമായി ഒരു പിതാവിനെ ലഭിച്ചു. അതുകൊണ്ടവഠം യാതൊരു സങ്കോചവും കൂട്ടാതെ പിതാവിൻെറ മാറിൽ തലയടിച്ചു കരഞ്ഞുകൊണ്ടിപ്രകാരം പറഞ്ഞു.

"ഇല്ല........ അച്ഛാ! അതു് സാദ്ധ്യമല്ല...... അയ്യോ! എൻെറ മോഠളേ! ഞാൻ മരിച്ചുപോകും........ അച്ഛാ!"

ആ സമയം 'പരിക്രമണ'ത്തിന്നായി എത്തിയ തീൎത്ഥാ

ടകരുടെ തിക്കും തിരക്കുമവസാനിച്ചുകഴിഞ്ഞിരുന്നു. ജനങ്ങൾ ശ്വാസമടക്കി ഒരേ ഒരു തീരുമാനമറിയാൻ കാത്തുനിന്നു. റാണു സമ്മതം മൂളിയാൽ ലോകം നിലനില്ക്കും, അല്ലെങ്കിൽ പ്രളയത്താൽ നശിക്കും എന്നു തോന്നിക്കുമാറു്—, മഹാപ്രളയം—അതിൽ മനുഷ്യരും, പക്ഷിമൃഗാദികളും ഭൂമിയുമാകാശവും നശിച്ചുപോകും! തൽസമയം ഒരു 'നൂഹ്'വും പ്രളയവുമായി ബന്ധപ്പെട്ട മുസ്ലിം പ്രവാചകൻ ഉണ്ടായിരിക്കുകയില്ല. ദൈവത്തിന്റെ പക്കൽ ഒരാത്മാവും —ശബ്ദത്തിനു് ധ്വങ്കാരവും, സൂര്യനു പ്രകാശവുമുണ്ടായിരിക്കുകയില്ല. അതിനാൽ പഞ്ചായത്തിന്റെ പഞ്ചപരമേശ്വരന്മാർ ആകാശത്തേക്കു് കരമുയർത്തി പ്രാർത്ഥിയ്ക്കാൻ തുടങ്ങി. ആ പ്രാർത്ഥനയിൽ നിഷ്ക്കളങ്കനായ മംഗല്യം പങ്കുകൊണ്ടു.

റാണുവിനെ സമാശ്വസിപ്പിച്ചുകൊണ്ടു് ഹസൂർസിംഗ് പറഞ്ഞു. "മകളേ! ഇതെല്ലാമെന്താണു്? എന്തുകൊണ്ടാണിങ്ങനെയെല്ലാം സംഭവിക്കുന്നതെന്നു്, എനിക്കും, നിനക്കും, ഈ ജനങ്ങൾക്കുമറിഞ്ഞുകൂടാ. അതു് മനസ്സിലാക്കാൻ ശ്രമിയ്ക്കുയുമരുതു് — എല്ലാം മൗനം—ഇവിടെ നിശ്വസിയ്ക്കാൻപോലുമിടയില്ല.

റാണു തിരിഞ്ഞുനോക്കി. ബഡ്ഡിയുടെ ശോകാർദ്രമായ മുഖം അവളുടെ ദൃഷ്ടിയിൽപെട്ടു. ബഡ്ഡി വേദനനിറഞ്ഞ സ്വരത്തിൽ പറഞ്ഞു. "അമ്മേ! നിങ്ങളെന്താണീ ചെയ്യുന്നതു്? നിങ്ങൾ സമ്മതം നൽകിയില്ലെങ്കിൽ ഞാൻ ആജീവനാന്തം അവിവാഹിതയായി കഴിയേണ്ടിവരും — മരുഭൂമിപോലെ."

റാണു ശ്വശുരന്റെ തോളിൽനിന്നു തലഉയർത്തി. "കൊള്ളാം അച്ഛാ! നിങ്ങളുടെ ഇഷ്ടംപോലെ ആകട്ടെ!"

പെട്ടെന്നു് വിവാഹഗീതാലാപമാരംഭിച്ചു. ജനങ്ങൾ ആവേശത്തോടെ പാടാനും നൃത്തംചെയ്യാനും തുടങ്ങി. റാണു ക്ഷേത്രത്തിന്റെനേരെ ദൃഷ്ടിയുയൎത്തി. ദേവി മന്ദഹസിച്ചു. സ്വൎണ്ണതാഴികക്കുടത്തിന്റെ പ്രഭാപൂരം റാണുവിന്റെ മുഖത്തു പ്രതിഫലിച്ചു.

അല്പസമയത്തിനുശേഷം ഇരുട്ടു് വ്യാപിച്ചു. അപ്പോഴും അജ്ഞാതമായ ഏതോ പ്രകാശം റാണുവിന്റെമുഖം പ്രഭാപൂരമാക്കിക്കൊണ്ടിരുന്നു. തൽസമയം ക്ഷേത്രത്തിൽ മണി മുഴങ്ങി. പള്ളിയിൽ വാങ്കു് കൊടുത്തു. അന്ധകാരത്തിൽ താഴികക്കുടത്തിന്റെ സ്ഥാനത്തു് ആരുടേയോ കരം കാണപ്പെട്ടു. ഭയചകിതയായ റാണു. ക്ഷേത്രത്തിന്റെ താഴികക്കുടത്തിനു് നേരെ കരമുയൎത്തിക്കൊണ്ടു് പറഞ്ഞു. ഹേ! ദേവീ! അംബികേ!

തൽസമയം വിദ്യ പൂരൺദേയിയെ ഇക്കിളിയിട്ടുകൊണ്ടു പറഞ്ഞു. ഏയ്‌ പൂരു! എല്ലാവരും തിരിച്ചെത്തി. എങ്കിലും നിങ്ങളുടെ ധൎമ്മദാസൻ വന്നില്ലല്ലോ.

പൂരൺദേയി കൃത്രിമമായി കരഞ്ഞുകൊണ്ടു് പുത്രന്റെ നിയമവിരുദ്ധമായ പിതാവിനും—തന്റെ ജാരഭൎത്താവിനും വേണ്ടി അശ്രുപൊഴിച്ചു.

SENGUPTA PUBLIC LIBRARY
KOZHIKODE-A.
A.2082.
5-905

**...in space...It is hard**
**...n has covered the**
**...eton to space-ships**
**...ed years. An amaz-**
**...lmost negligible on**
**...or many centuries**
**...up at the sky from**
**...has come to look at**
**...uter space. It is now**
**...to realise that our**
**...an a spaceship with**
**...billion members..."**

...ova's composition).

...blue-eyed girl with a ... She looked at me ... her eyes became ...ep in thought.

...dreaming?"

man learned how to fly. And many other things, too..."

She fell silent again. Yelena Gromova was not very talkative, so her mother came to my rescue.

"My daughter has always had a rich imagination," she said. "We simply couldn't keep up with all her interests. It wasn't that she tried to go in all directions at once. On the contrary, she tried to combine all her hobbies. She joined a music school, and at the same time started painting. Well, she says that music and art are inseparable. She used to say that she heard a definite melody deep down while painting, and saw pictures with her mind's eye while playing the piano. Poetry was soon added to music and painting. She writes verses which are published by youth maga-

The school Yelena Gromova attends specialises in biology. Its pupils visit laboratories of research institutes, attend lectures by professional biologists and take their practicals in the woods or in the fields.

"Would you like to become a biologist?" I asked.

"No! But it's really interesting to study nature. Today one must know a lot about it in order to preserve it and make it even more beautiful."

**..."The Universe must be man's humane laboratory, and a lot is now being done in this respect. It seems to me that it is necessary to carry out biological experiments in space, as they enrich our knowledge of Man and are**

HY
OPLE
EL
...itenko





A 2082
241084
241084